بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 7

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

ലക്കം 27-28

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ജൂലായ് 7-14/ഹി.ശം. 1401 വഫാ 7-14 /ഹിജ്റ 1443 ദുൽഹജ്ജ 7-14


## അല്ലാഹുവിന്റെ വചനം

اِنَّ اللّٰہَ وَمَلٰٓئِکَتَہٗ
یُصَلُّوۡنَ عَلَی النَّبِیِّ ؕ
یٰۤاَیُّہَا الَّذِیۡنَ اٰمَنُوۡا
صَلُّوۡا عَلَیۡہِ وَسَلِّمُوۡا تَسۡلِیۡمًا
(سورۃ احزاب:57)

'അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങൾ ആശംസിക്കുന്നു. വിശ്വാസികളേ! അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കാൻവേണ്ടി നിങ്ങളും പ്രാർഥിക്കുക.' (33:57)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

# സീറത്തുന്നബി ﷺ സ്പെഷ്യൽ

**ആ ദിവ്യാത്മാവ് അല്ലാഹുവിന്റെ ആഗ്രഹത്തിലും പ്രീതിയിലും ലയിച്ചും വിലയനം ചെയ്തും തൗഹീദ് പ്രചരിപ്പിക്കുന്നതുകൊണ്ട് എന്തൊരു ബലാകൾ തന്റെ തലയിൽവന്നുവീഴുമെന്നോ സൃഷ്ടിപൂജകരുടെ കൈയാൽ എന്തൊരു ദുഃഖങ്ങളും വേദനകളും വഹിക്കേണ്ടി വരുമെന്നോ ഉള്ള കാര്യത്തെ ഒട്ടും വകവെച്ചില്ല. എന്നല്ല എല്ലാ ക്രൂരതകളേയും കാഠിന്യങ്ങളേയും ബുദ്ധിമുട്ടുകളേയും തന്റെ ആത്മാവിൽ സഹിച്ചുകൊണ്ട് തന്റെ യജമാനന്റെ കല്പന നടപ്പിൽ വരുത്തി.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

ഹദ്റത്ത് മസീഹുമൗഊദ്(അ)പറയുന്നു:

'ഹദ്റത്ത് ഖാത്തമുൽഅമ്പിയാ[സ]യുടെ ജീവിത സംഭവങ്ങളുടെമേൽ ദൃഷ്ടി ഇടുമ്പോൾ അവിടത്തെ സ്വഭാവൈക്യവും തെളിമയാർന്ന ഉള്ളും അല്ലാഹുവിനുവേണ്ടിയുള്ള ജീവാർപണവും സൃഷ്ടികളിൽനിന്നുള്ള പ്രതീക്ഷയിൽനിന്ന് തികച്ചും മുഖംതിരിക്കുന്നതും അല്ലാഹുവിൽമാത്രം തവക്കുൽ ചെയ്യുന്നതും ആയിരുന്നുവെന്ന കാര്യം അങ്ങേയറ്റം വ്യക്തവും സ്പഷ്ടവും തെളിമയാർന്നതുമായി കാണാം. ആ ദിവ്യാത്മാവ് അല്ലാഹുവിന്റെ ആഗ്രഹത്തിലും പ്രീതിയിലും ലയിച്ചും വിലയനം ചെയ്തും തൗഹീദ് പ്രചരിപ്പിക്കുന്നതുകൊണ്ട് എന്തൊരു ബലാകൾ തന്റെ തലയിൽവന്നുവീഴുമെന്നോ സൃഷ്ടിപൂജകരുടെ കൈയാൽ എന്തൊരു ദുഃഖങ്ങളും വേദനകളും വഹിക്കേണ്ടി വരുമെന്നോ ഉള്ള കാര്യത്തെ ഒട്ടും വകവെച്ചില്ല. എന്നല്ല എല്ലാ ക്രൂരതകളേയും കാഠിന്യങ്ങളേയും ബുദ്ധിമുട്ടുകളേയും തന്റെ ആത്മാവിൽ സഹിച്ചുകൊണ്ട് തന്റെ യജമാനന്റെ കല്പന നടപ്പിൽ വരുത്തി. മുജാഹദയ്ക്കും(ശരീരേച്ഛയുമായുള്ള കഠിനമായ പോരാട്ടത്തിനും)ധർമോപദേശത്തിനും വേണ്ടി ഉപദേശിക്കപ്പെടുന്ന എല്ലാ നിബന്ധനകളും പൂർത്തിയാക്കി. ഭയപ്പെടുത്തുന്നവനെ ഒട്ടും വകവെച്ചില്ല. നാം സത്യമായും പറയുന്നു, സകല നബിമാരുടേയും സംഭവങ്ങൾ എടുത്തുനോക്കിയാലും ഇത്തരം അപകടം നിറഞ്ഞ നാടുകളിൽ അല്ലാഹുവിൽ സർവവും ഭരമേല്പിച്ച് പരസ്യമായി ബഹുദൈവാരാധനയേയും സൃഷ്ടിപൂജകളേയും തടയുകയും ഇത്രമാത്രം ശത്രുക്കളുണ്ടായിട്ടും ദൃഢപാദരായും സ്ഥിരചിത്തതയോടുംകൂടി നില്ക്കുകയും ചെയ്ത ഒരാളേയും കാണാൻ കഴിയുകയില്ല. അതിനാൽ ഈ എല്ലാ അവസ്ഥകളും നബി[സ]തിരുമേനിയുടെ ആന്തരികമായ സത്യസാക്ഷ്യത്തിനുമേൽ എങ്ങനെയുള്ള തെളിവുകളാണ് നല്കിക്കൊണ്ടിരിക്കുന്നതെന്ന് അല്പം സത്യസന്ധതയോടെ ചിന്തിക്കേണ്ടതാണ്. ഇതിനുപുറമെ ബുദ്ധിമാനായ ഒരാൾ ഈ അവസ്ഥകളിൽ കൂടുതൽ ചിന്തിക്കുകയാണെങ്കിൽ നബി(സ)തിരുമേനി നിയോഗിതനായ ആ കാലഘട്ടത്തിന്റെ അവസ്ഥ യഥാർഥത്തിൽ ഒരു മഹാത്മാവിനെ, മഹാനായ ദൈവപരിഷ്കർത്താവിനെ, ദൈവികമായമാർഗദർശിയെ അധികമായി ആവശ്യപ്പെടുന്നതായിരുന്നുവെന്ന് കാണാം. നല്കപ്പെട്ട അധ്യാപനങ്ങളും യഥാർഥത്തിൽ കാലത്തിന് അത്യാവശ്യമുള്ളതായിരുന്നു. കാലത്തിന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റാൻ പര്യാപ്തമായിരുന്നു. പിന്നീട് ആ അധ്യാപനം എത്രമാത്രം സ്വാധീനം ചെലുത്തി കാണിച്ചുവെന്നാൽ ലക്ഷക്കണക്കിന് മനസ്സുകളെ സത്യത്തിലേക്കും നേർമാർഗത്തിലേക്കും വലിച്ചുകൊണ്ടുവന്നു. ലക്ഷക്കണക്കിന് നെഞ്ചകങ്ങളിൽ നുബുവ്വത്തിന്റെ അടിസ്ഥാനലക്ഷ്യമായ **ലാ ഇലാഹ ഇല്ലല്ലാഹ്** കൊത്തിവെച്ചു. അതായത് മോക്ഷത്തിന്റെ അടിസ്ഥാനപരമായ അധ്യാപനത്തെ എത്ര ശ്രേഷ്ഠമായ ഉന്നതിയിൽ എത്തിച്ചുവെന്നാൽ മറ്റൊരു നബിയുടേയും കൈയാൽ ആ ശ്രേഷ്ഠമായ ഉന്നതി ഈ നിലയിൽ ഒരു കാലത്തും എത്തിയിട്ടില്ല. ഈ സംഭവങ്ങളിൽ ദൃഷ്ടിപായിക്കുമ്പോൾ നബി[സ]തിരുമേനി അല്ലാഹുവിൽനിന്നുള്ള സത്യമായ മാർഗദർശിയായിരുന്നുവെന്ന സാക്ഷ്യം അനിയന്ത്രിതമായി തിരയടിച്ച് പുറത്തുവരുന്നതായിരിക്കും. മതപരമായ ഏകപക്ഷീയതയും പിടിവാശിയുംകൊണ്ട് നിഷേധിക്കുന്നവന്റെ രോഗം ചികിത്സയില്ലാത്തതാണ്;അവൻ അല്ലാഹുവിനെത്തന്നെ നിഷേധിച്ചാലും! ഇല്ലെങ്കിൽ നബി[സ]തിരുമേനിയിൽ സമ്പൂർണമായ നിലയിൽ സമ്മേളിച്ചിട്ടുള്ള ഈ എല്ലാ സത്യസാക്ഷ്യത്തിന്റെ ലക്ഷണങ്ങളും മറ്റേതെങ്കിലും നബിയിൽ ഏതെങ്കിലുമൊന്ന് സ്ഥാപിച്ചുകാണിക്കുക: ഞങ്ങളും അറിയാൻ!' *(ബറാഹീനെ അഹ്മദിയ്യാ, റൂഹാനീ ഖസാഇൻ വാള്യം 1, പേജ് 111)*

......☆......☆......☆......☆......


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

## ഈ ലക്കത്തിൽ


എഡിറ്റോറിയൽ 2

ദറസ്സുൽ ഖുർആനും ദറസ്സുൽഹദീഥും 3

ഉപദേശങ്ങൾ: 4
സയ്യിദുനാ ഹദ്റത്ത് മസീഹുമൗഊദ്[അ]

ഖുത്ബ ജുമുഅ: 6
സയ്യിദുനാ ഹുദൂർ അയ്യദഹുല്ലാഹ് (3-6-2022)

ഭരണാധികാരിക്ക് നബി[സ]തിരുമേനിയുടെ ഉത്തമ മാതൃക: 12
മുഹമ്മദ് ഇനാം ഗോറി
(നാളിർ അഅ്ലാ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ)

ധനത്യാഗത്തിന്റെ പ്രാധാന്യം: 17
റഫീഖ് അഹ്മദ് ബേഗ്,
(നാളിർ ബയ്ത്തുൽമാൽ ആമദ്, സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ, ഖാദിയാൻ)

സ്വഹാബത്തിന്റെ ചരിത്രം റളിയല്ലാഹു അൻഹും: 21
മുഹമ്മദു ശരീഫ് കൗഥർ,
(ഉസ്താദ് ജാമിഅ അഹ്മദിയ്യ ഖാദിയാൻ)


......☆......☆......☆......

# സ്വലാത്തിൽ ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ നാമം ചേർത്തതിലുളള യുക്തി.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്[റ] പറയുന്നു:'അതിന്റെ കാരണമെന്താണെന്ന് എനിക്കു പറയാൻ കഴിയില്ല. എന്നാൽ, ഇതൊരു യാഥാർഥ്യമാണ്. എനിക്കു കുട്ടിക്കാലത്തുതന്നെ കഴിഞ്ഞുകടന്ന എല്ലാ നബിമാരിലും വെച്ച് അബുൽഅമ്പിയാ ഹദ്റത്ത് ഇബ്റാഹീം[അ]നോടു ഏറ്റവും കൂടുതൽ സ്നേഹമുണ്ടായിരുന്നു. എന്നാൽ, (എന്റെ ആത്മാവ് തെണ്ടമായിട്ടുളള)പ്രപഞ്ചത്തിന്റെ നേതാവായ ഹദ്റത്ത് മുഹമ്മദുമുസ്തഫാ[സ]യോടുളള സ്നേഹം മറ്റുളള എല്ലാ സ്നേഹത്തേയും അതിജയിച്ചിരുന്നു. അതിജയിച്ചിരുന്നുവെന്നു മാത്രമല്ല എത്രമാത്രം അതിജയിച്ചിരുന്നുവെന്നാൽ, മറ്റുളള നബിമാരോടുളള സ്നേഹത്തിന് അവിടത്തോടുളള സ്നേഹവുമായി ഒരു ബന്ധമേ ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഹദ്റത്ത് ഇബ്റാഹീമിനോടു പ്രത്യേക സ്നേഹമുണ്ടായിട്ടും എനിക്ക് കുട്ടിക്കാലം മുതലേ സ്വലാത്തിലെ കമാ സ്വല്ലയ്ത്ത (അല്ലാഹുവേ നീ എപ്രകാരം ഇബ്റാഹീം[അ]നുമേൽ നിന്റെ അനുഗ്രഹങ്ങൾ ചൊരിഞ്ഞുവോ അതേപ്രകാരം നബി[സ]തിരുമേനിയുടെമേലും അനുഗ്രഹം ചൊരിഞ്ഞാലും) എന്ന വാക്യം അപ്രിയമായിതോന്നുകയും ബാഹ്യമായി നോക്കുമ്പോൾ ഈ വാക്കുകളിൽനിന്ന് ഇബ്റാഹീമിൻ മഹത്ത്വമാണല്ലോ പ്രകടമാകുന്നതെന്ന് തോന്നുകയും ചെയ്തിരുന്നു. കാരണം ഈ ദുആയിൽ ഹദ്റത്ത് ഇബ്റാഹീമിന്റെ ഉദാഹരണം ഉദ്ധരിക്കുമ്പോൾ അതാണ് പ്രകടമാകുന്നത്;അതായത് ഹദ്റത്ത് ഇബ്റാഹീമിന് നമ്മുടെ നബി[സ]തിരുമേനിക്ക് കിട്ടാത്തതായ എന്തോ പ്രത്യേകമായ അനുഗ്രഹം ലഭിച്ചിരിക്കുന്നു. ഇക്കാരണത്താൽ ഞാൻ മിക്കപ്പോഴും സ്വലാത്ത് ചൊല്ലുമ്പോൾ അസ്വസ്ഥനാകാറുണ്ടായിരുന്നു. അല്ലാഹുവേ! റസൂൽമാരിൽ അതിശ്രേഷ്ഠനും ആദം സന്തതികളുടെ നേതാവുമായിരുന്നിട്ടും സ്വലാത്തിൽ, ഇബ്റാഹീം[അ]നുമേൽ എപ്രകാരം നിന്റെ അനുഗ്രഹങ്ങൾ ചൊരിഞ്ഞുവോ അതേപ്രകാരം നബി[സ]തിരുമേനിയുടെമേലും അനുഗ്രഹം ചൊരിഞ്ഞാലുമെന്ന പദങ്ങൾ പ്രവേശിപ്പിക്കപ്പെട്ടിരിക്കുന്നതിന്റെ കാര്യമെന്താണ്?

അവസാനം ഞാൻ വ്യാഖ്യാനത്തിന്റെ ഈ വഴി ചിന്തിച്ച് പുറത്തുകൊണ്ടുവന്നു. അതായത് ഹദ്റത്ത് ഇബ്റാഹീമിന്റെ ഉദാഹരണം നല്കിയിട്ടുളളതിൽ ബർക്കത്തുകളുടെ പദവികൾ വിവരിക്കുകയല്ല ഉദ്ദേശ്യം. പ്രത്യുത അവയുടെ ഗ്രേഡിലേക്ക് സൂചന നല്കുക എന്നതാണ് ഉദ്ദേശ്യം. കാരണം ഹദ്റത്ത് ഇബ്റാഹീം[അ]ന് സന്താനബാഹുല്യത്തിന്റെ അസാധാരണമായ വിശേഷത കരസ്ഥമായിട്ടുണ്ട്. അദ്ദേഹത്തിന്റെ സന്താനങ്ങളിൽ വളരെയധികം നബി ജനിച്ചിട്ടുണ്ട് എന്ന പ്രത്യേകതയുമുണ്ട്. ഇക്കാരണത്താലാണ് ഹദ്റത്ത് ഇബ്റാഹീമിന്റെ ഉദാഹരണം നല്കിക്കൊണ്ട് നബി[സ]തിരുമേനിക്കുവേണ്ടി സ്വലാത്തിന്റെ ദുആ ചെയ്യുന്നതെന്ന് ഞാൻ വിചാരിച്ചിരുന്നു. എന്നാൽ, എന്നിട്ടും എന്റെ മനസ്സിന് പൂർണമായ തൃപ്തി കൈവന്നിരുന്നില്ല. സ്വലാത്തിന്റെ **കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമ** എന്ന വാക്കുകളിൽ എത്തുമ്പോൾ എനിക്കെപ്പോഴും അത് ഒരു ആന്തരികമായ ഉടക്കുണ്ടാക്കാറുണ്ടായിരുന്നു. എന്റെ ആത്മാവ് ഒരു തരത്തിലുളള നഷ്ടം സഹിച്ചിരുന്നു. പക്ഷേ, അതിനോടൊപ്പംതന്നെ എന്റെ മനസ്സ് ഇത് അല്ലാഹു പഠിപ്പിച്ചിട്ടുളള ദുആയാണെന്നും തീർച്ചയായും അതിലെന്തെങ്കിലും പ്രത്യേകയുക്തി ഉണ്ടാകുമെന്നുളള ദൃഢവിശ്വാസംകൊണ്ട് നിറഞ്ഞിരുന്നു. അതു പലയാളുകളിലും വെളിപ്പെട്ടിരിക്കാനും ഇടയുണ്ട്. ഇൻശാ അല്ലാഹ് എന്നിലും ഏതെങ്കിലും ദിവസം അതു വെളിപ്പെടുന്നതായിരിക്കും. അവസാനം കുറച്ചു കാലമായി അല്ലാഹു എനിക്കും അതിന്റെ യുക്തിയെ കുറിച്ച് വിവരം നല്കി. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ ബുദ്ധിയിൽ വന്ന ഈ വിശദീകരണത്തിൽ പൂർണമായ സംതൃപ്തിയുണ്ട്. ഇതിന്റെ ഉദ്ദേശ്യം സ്വലാത്തിൽ ഹദ്റത്ത് ഇബ്റാഹീമിന്റെ നാമം ചേർത്തതിൽ എന്റെ മനസ്സിൽ വന്നതുമാത്രമാണുളളതെന്നത് ഒരിക്കലും ശരിയല്ല. അല്ലാഹു, എന്നല്ല നബി(സ)തിരുമേനിയുടെ വചനങ്ങളിലും ഒരുപാട് വിശാലതയുണ്ടാകുന്നു. ചില ഘട്ടങ്ങളിൽ ഒരേയൊരു നേരത്ത് പല അർഥങ്ങളുമുണ്ടാകും. എന്റെ മനസ്സിൽ വന്നതിനെക്കാളുപരി മറ്റെന്തെങ്കിലും യുക്തി സ്വലാത്തിൽ മറഞ്ഞിരിക്കാനും ഇടയുണ്ട്. എന്തായാലും എനിക്കെന്റെ സ്ഥാനത്ത് എന്റെ ചിന്തയിൽ വന്ന അർഥം അത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ശരിയാണെന്ന് മാത്രമല്ല പ്രത്യുത എന്റെ അഭിരുചിക്കനുസരിച്ച് സൂക്ഷ്മവുമാണ്. **വല്ലാഹു അഅ്ലമു ബിസ്സ്വവാബ്.** ഞാൻ ഈ അർഥം സ്നേഹിതന്മാരുടെ അറിവിലേക്ക് രേഖപ്പെടുത്തുകയാണ്.

സ്നേഹിതന്മാർക്ക് അറിയുന്നതാണ്, യഥാർഥത്തിൽ ഇക്കാര്യം ഇസ്ലാമിക ചരിത്രത്തിന്റെ വളരെ പ്രസിദ്ധമായൊരു സംഭവമാണ്. അത് മുസ്ലിമീങ്ങളിലെ കുട്ടികൾപോലും അറിയുന്നതാണ്. നബി[സ]തിരുമേനി ഹദ്റത്ത് ഇബ്റാഹീം[അ]ന്റെ സന്താനപരമ്പരയിൽപ്പെട്ടയാളാണ്. അവർ ഹദ്റത്ത് ഇസ്മായീൽ[അ] മുഖേന അറേബ്യൻ നാട്ടിൽ താമസിക്കാൻ തുടങ്ങി. ഈ കഅ്ബയുടെ നിർമാണം ഹദ്റത്ത് ഇബ്റാഹീമിന്റേയും ഇസ്മയീലിന്റേയും[അ] കൈകൾകൊണ്ടുതന്നെയാണ് നടന്നത്. അതിലെ ഓരോരോ കല്ലും ആ പരിശുദ്ധരായ പിതാവിന്റേയും പുത്രന്റേയും ആയിരക്കണക്കിന് ദുആകളോടുകൂടിയാണ് വെക്കപ്പെട്ടിട്ടുളളത്. അവർ ആ അവസരത്തിൽ ഈ ദുആയും ചെയ്തിരുന്നു. അവരുടെ സന്താനങ്ങളിൽനിന്ന് അല്ലാഹുവിന്റെ പരിശുദ്ധരായ ദാസന്മാർ ഉണ്ടായിക്കൊണ്ടിരിക്കണമെന്ന്! അവരുടെ ശ്രദ്ധ അല്ലാഹുവിന്റെ ദീനിനുവേണ്ടി സമർപണം ചെയ്തിട്ടുളളതാകണം! ആ അവസരത്തിൽ ഹദ്റത്ത് ഇബ്റാഹീമും ഹദ്റത്ത് ഇസ്മായീലും[അ]പ്രത്യേകതയിൽ പ്രത്യേകമാക്കപ്പെട്ട ദുആയും ചെയ്തിരുന്നു. അതിന്റെ ഫലമായി നബി[സ]തിരുമേനി പ്രത്യക്ഷപ്പെട്ടു. വിശുദ്ധ ഖുർആൻ ഈ ഐതിഹാസികമായ ദുആ ഈ വാക്കുകളിൽ വിവരിച്ചിരിക്കുന്നു.

**റബ്ബനാ വബ്അഥ് ഫീഹിം റസൂലൻമ്മിൻഹും യത്ലൂ അലയ്ഹിം ആയാത്തിക്ക വ യുഅല്ലിമുഹുമുൽകിതാബ വൽഹിക്മത്ത വ യുസക്കീഹിം ഇന്നക്ക അൻതൽ അസീസുൽഹക്കീം.** ഞങ്ങളുടെ നാഥാ!അവർക്ക് നിന്റെ ദൃഷ്ടാന്തങ്ങൾ വിവരിച്ചുകൊടുക്കുകയും ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ നീ അവരിൽനിന്ന് എഴുന്നേല്പിക്കേണമേ! തീർച്ചയായും പ്രതാപശാലിയും അഗാധജ്ഞാനിയും നീതന്നെയാകുന്നു(2:130)

ഈ ദുആയുടെ വാക്കുകൾ വളരെ ഘനപ്പെട്ട അനുഗ്രഹങ്ങൾ അടങ്ങിയതാണ്. എന്നാൽ, ഞാനിവിടെ അതിന്റെ വ്യാഖ്യാനത്തിലേക്കും വിശദീകരണത്തിലേക്കും പോകാനല്ല ഉദ്ദേശിക്കുന്നത്. പ്രത്യുത പറയാനുദ്ദേശിക്കുന്നത് ഹദ്റത്ത് ഇബ്റാഹീമും ഹദ്റത്ത് ഇസ്മായീലും[അ]കഅ്ബ നിർമാണ വേളയിൽ മക്കക്കാരിൽ ഒരു നബിയെ നിയമിക്കേണമേ എന്ന് ദുആ ചെയ്തിരുന്നു. അദ്ദേഹം തന്റെ ആത്മീയപരവും വൈജ്ഞാനികവും ശിക്ഷണപരവുമായ പരിപാടികളോടൊപ്പം അതുല്യമായ പ്രത്യേകതകളുടെ ഉടമസ്ഥനാകുന്ന ആളായിരുന്നു. തന്റെ നിയോഗം ആ ദുആയുടെ ഫലമാണെന്ന് നബി[സ]തിരുമേനി ഹദീഥിൽ പറഞ്ഞിരിക്കുന്നു. ആ മഹാത്മാവിന്റെ വാക്കുകൾ ഇതാണ്:

**അന ദഅ്വത്തു ഇബ്റാഹീം**

'അതായത് ഞാൻ ഇബ്റാഹീമിന്റെ ദുആയുടെ ഫലമാകുന്നു."

ഇപ്പോൾ നമ്മുടെ കൈയിൽ മൂന്നു കാര്യങ്ങളുണ്ട്:

ഒന്ന്: നബി[സ]തിരുമേനി ഹദ്റത്ത് ഇബ്റാഹീമിന്റെ[അ] സന്താനപരമ്പരയിൽപ്പെട്ടയാളാണ്.

ശേഷം പേജ് 05 ൽ

# അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങൾ ആശംസിക്കുന്നു. വിശ്വാസികളേ! അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കാൻവേണ്ടി നിങ്ങളും പ്രാർഥിക്കുക.

### നബി(സ)തിരുമേനിയുടെമേൽ അല്ലാഹുവും മലക്കുകളും ആശംസകൾ നേരുന്നു. നബി(സ)തിരുമേനിയുടെമേൽ സ്വലാത്തു ചൊല്ലാൻ സത്യവിശ്വാസികളോടു കല്പന

اِنَّ اللّٰہَ وَمَلٰٓئِکَتَہٗ یُصَلُّوۡنَ عَلَی النَّبِیِّ ؕ یٰۤاَیُّہَا الَّذِیۡنَ اٰمَنُوۡا صَلُّوۡا عَلَیۡہِ وَسَلِّمُوۡا تَسۡلِیۡمًا

(احزاب :57)

'അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങൾ ആശംസിക്കുന്നു. വിശ്വാസികളേ! അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കാൻവേണ്ടി നിങ്ങളും പ്രാർഥിക്കുക.'(33:57)

ഈ ദൈവവചനത്തിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഈ ആയത്തിൽനിന്ന് പ്രകടമാകുന്നത് നബി(സ)തിരുമേനിയുടെ കർമങ്ങൾ എങ്ങനെയുള്ളതായിരുന്നുവെന്നാൽ, അല്ലാഹു അവയെ സ്തുതിക്കുന്നതിനോ സവിശേഷഗുണങ്ങൾ ക്ലിപ്തപ്പെടുത്തുന്നതിനോ ഒരു വാക്കും പ്രത്യേകമായി പറഞ്ഞില്ല എന്നതാണ്. വാക്കുകൾ കിട്ടുമായിരുന്നു. പക്ഷേ, സ്വയം അത് ഉപയോഗിച്ചില്ല. അതായത് നബി(സ)തിരുമേനിയുടെ സർകർമങ്ങളുടെ സ്തുതി, ക്ലിപ്തപ്പെടുത്തുന്നതിന് അതീതമായിരുന്നു. ഇത്തരത്തിലുള്ള വചനം മറ്റൊരു നബിയുടേയും തേജോവിലാസത്തിന് ഉപയോഗിച്ചില്ല. നബി(സ)തിരുമേനിയുടെ റൂഹിൽ അതായത് ആത്മാവിൽ സത്യസന്ധതയും പരിശുദ്ധിയുമുണ്ടായിരുന്നു. അവിടത്തെ കർമങ്ങൾ ദൈവദൃഷ്ടിയിൽ എത്ര മാത്രം ഇഷ്ടപ്പെട്ടതായിരുന്നുവെന്നാൽ അല്ലാഹു എന്നെന്നേക്കുമായി നന്ദി എന്ന നിലയിൽ സ്വലാത്ത് ചൊല്ലാൻ കല്പന പുറപ്പെടുവിച്ചു." *(അൽഹക്കം പത്രം വാല്യം 7, പേജ് 25, മൽഫൂദാത്ത് വാല്യം 1, പേജ് 32, പ്രസാധനം 2018 ഖാദിയാൻ)*

### നബി(സ)തിരുമേനി മുഴുലോകത്തിനും കാരുണ്യം.

وَمَاۤ اَرۡسَلۡنٰکَ اِلَّا رَحۡمَۃً لِّلۡعٰلَمِیۡنَ ○ (انبیاء : 108)

നാം നിന്നെ മുഴുലോകത്തിനും കാരുണ്യമായി മാത്രമാണ് അയച്ചിട്ടുള്ളത്.(21:108)

### മുഴുലോകത്തിനുമുള്ള നബി

وَمَاۤ اَرۡسَلۡنٰکَ اِلَّا کَآفَّۃً لِّلنَّاسِ بَشِیۡرًا وَّنَذِیۡرًا وَّلٰکِنَّ اَکۡثَرَ النَّاسِ لَا یَعۡلَمُوۡنَ ○ (سبا : 29)

സന്തോഷവാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പു നല്കുന്നവനുമായി സമസ്തമനുഷ്യർക്കും വേണ്ടിയല്ലാതെ നിന്നെ നാം അയച്ചിട്ടില്ല. പക്ഷേ, അധികംപേരും ഈ യാഥാർഥ്യം മനസ്സിലാക്കുന്നില്ല(34:29)

### പൗരസ്ത്യർക്കും പാശ്ചാത്യർക്കുമുള്ള ഏക ദൈവദൂതൻ

اَللّٰہُ نُوۡرُ السَّمٰوٰتِ وَالۡاَرۡضِ ؕ مَثَلُ نُوۡرِہٖ کَمِشۡکٰوۃٍ فِیۡہَا مِصۡبَاحٌ ؕ اَلۡمِصۡبَاحُ فِیۡ زُجَاجَۃٍ ؕ اَلزُّجَاجَۃُ کَاَنَّہَا کَوۡکَبٌ دُرِّیٌّ یُّوۡقَدُ مِنۡ شَجَرَۃٍ مُّبٰرَکَۃٍ زَیۡتُوۡنَۃٍ لَّا شَرۡقِیَّۃٍ وَّلَا غَرۡبِیَّۃٍ ۙ یَّکَادُ زَیۡتُہَا یُضِیۡٓءُ وَلَوۡ لَمۡ تَمۡسَسۡہُ نَارٌ ؕ نُوۡرٌ عَلٰی نُوۡرٍ ؕ یَہۡدِی اللّٰہُ لِنُوۡرِہٖ مَنۡ یَّشَآءُ ؕ وَیَضۡرِبُ اللّٰہُ الۡاَمۡثَالَ لِلنَّاسِ ؕ وَاللّٰہُ بِکُلِّ شَیۡءٍ عَلِیۡمٌ ○ (نور : 36)

അല്ലാഹു ആകാശങ്ങളുടേയും ഭൂമിയുടേയും പ്രകാശമാണ്. അവന്റെ പ്രകാശത്തിന്റെ സ്ഥിതി (ചുമരിൽ വിളയ്ക്കുവെക്കാൻ ഉണ്ടാക്കുന്ന)ഒരു തട്ടുപോലെയാണ്. അതിൽ ഒരു വിളക്കുണ്ട്. ആ വിളക്ക് ഒരു സ്ഫടികക്കൂട്ടിലാണ് സ്ഥിതിചെയ്യുന്നത്. ആ സ്ഫടികക്കൂട് ഒരു മിന്നിത്തിളങ്ങുന്ന നക്ഷത്രംപോലെയാണ്. അത് അനുഗൃഹീതമായ ഒരു വൃക്ഷത്തിന്റെ- പൗരസ്ത്യമോ പാശ്ചാത്യമോ അല്ലാത്ത ഒരു ഒലിവ് വൃക്ഷത്തിന്റെ- എണ്ണകൊണ്ടാണ് കത്തിക്കപ്പെടുന്നത്. അതിന്റെ എണ്ണയെ അഗ്നി സ്പർശിച്ചില്ലെങ്കിലും അതു സ്വയം പ്രകാശിക്കാറാകും. പ്രകാശത്തിന്മേൽ പ്രകാശം. താൻ ഉദ്ദേശിക്കുന്നവരെ തന്റെ പ്രകാശത്തിലേക്ക് അല്ലാഹു നയിക്കുന്നു. ജനങ്ങൾക്കുവേണ്ടി അല്ലാഹു ഉപമകൾ വിവരിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും നല്ലവണ്ണം അറിവുളളവനാകുന്നു.(24:36)

ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്)ഈ ആയത്തിന്റെ വ്യാഖ്യാനത്തിൽ പറയുന്നു:"ഈ ഉദാഹരണത്തിൽ ഒലിവെണ്ണയെ കുറിച്ചാണ് പറയുന്നത്. ഒലിവെണ്ണ കത്തിക്കുകയാണെങ്കിൽ അതിൽനിന്ന് വെളിച്ചമുണ്ടാകുന്നു. പക്ഷേ, പുകയുണ്ടാകുകയില്ല. **ലാ ശർഖിയ്യത്തിൻ വ്വലാ ഗർബിയ്യത്തിൻ** എന്നതുകൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിന്റെ പ്രകാശം പൗരസ്ത്യർക്കുവേണ്ടി പ്രത്യേകപ്പെടുത്തിയിട്ടുള്ളതല്ല;പാശ്ചാത്യർക്കുവേണ്ടിയും. നബി(സ)തിരുമേനിയും ഈ ഉദാഹരണത്തിന്റെ സാക്ഷാത്കാരമെന്ന നിലയിൽ പൗരസത്യർക്കും പാശ്ചാത്യർക്കുമുള്ള ഏകനായ റസൂലാണ്. ഇതേ പ്രകാരമാണ് അവിടത്തെ മധ്യസ്ഥത മുഖേന സ്വഹാബത്തിനും പ്രദാനം ചെയ്യപ്പെട്ടതും. അതായത് നബി(സ)തിരുമേനി ആ പ്രകാശത്തെ തന്നിൽമാത്രം ഒതുക്കിനിറുത്തിയില്ല. പ്രത്യുത അത് പൊതുവാക്കി. അടുത്ത ആയത്തിൽ അതിനെ കുറിച്ചാണ് പറയുന്നത്. അതായത് ആ പ്രകാശം സ്വഹാബത്തിന്റെ ഭവനങ്ങളിലും തിളങ്ങുന്നു. നക്ഷത്രങ്ങളെ കുറിച്ച് ഉദാഹരിച്ചത് അതിന്റെ പ്രകാശം ദൂരെദൂരെ നിന്നുപോലും കാണാൻ കഴിയുന്നു എന്നതുകൊണ്ടാണ്. ഇപ്രകാരം നബി(സ)തിരുമേനിയുടേയും സ്വഹാബത്തിന്റേയും പ്രകാശവും ദൂരദൂരെനിന്ന് കാണാൻകഴിയുന്നതായിരിക്കും. വിളക്കുമാടത്തിനാണ് മിശ്ക്കാത്ത് എന്നു പറയുന്നത്. ഈ ദീപത്തിന്റെ വെളിച്ചം കണ്ണാടിയിൽ പ്രതിഫലിച്ച് ആ വിളക്കുമാടത്തെ മാത്രമല്ല പ്രകാശിപ്പിക്കുന്നത് പുറത്തും അതു പ്രതിഫലിക്കുന്നു. ദീപത്തിനു ചുറ്റുമുള്ള കണ്ണാടിയ്ക്ക് രണ്ടുദ്ദേശ്യമുണ്ട്. കണ്ണാടിയുണ്ടെങ്കിൽ ദീപത്തിൽനിന്ന് പുകപുറപ്പെടുകയില്ല. രണ്ടാമത്തേത് അതിന്റെ വെളിച്ചം കൂടുതൽ തിളക്കത്തോടെ വെളിയിൽവരികയും പരക്കുകയും ചെയ്യുന്നു. *(തർജമത്തുൽ ഖുർആൻ, ഖലീഫത്തുൽമസീഹ് റാബിഅ് റഹ്മഹുല്ലാഹ്)*

### മറ്റുള്ളവരുടെമേൽ ആദരയുക്തമായ ഭയമുളവാക്കുന്നതും സൗന്ദര്യമുളളതുമായ രൂപവും ആകൃതിയുമായിരുന്നു നബി(സ)തിരുമേനിയുടേത്. നബി(സ)തിരുമേനിയുടെ വദനകാന്തി നിശയുടെ നിബിഡാന്ധകാരത്തിൽ പ്രഭചൊരിയുന്ന പൂർണേന്ദുവിന് സദൃശമായിരുന്നു.

ഹദ്റത്ത് ഹസൻ ബിൻ അലി റളിയല്ലാഹുഅൻഹുമാ വിവരിക്കുന്നു: 'ഞാൻ എന്റെ മാതുലൻ ഹിന്ദ് ബിൻ അബീഹാലയോടു നബി(സ)തിരുമേനിയുടെ വാങ്മയ ചിത്രം ചോദിച്ചു. ഇദ്ദേഹം നബി(സ)തിരുമേനിയുടെ വാങ്മയ ചിത്രം വിവരിക്കുന്നതിൽ വിദഗ്ധനായിരുന്നു. എന്റെ കീശയിൽ കെട്ടി വെക്കാൻ പറ്റുന്നകാര്യങ്ങൾ അദ്ദേഹം എനിക്കു പറഞ്ഞു തരണമെന്നാണ് ഞാൻ ആഗ്രഹിച്ചത്. അങ്ങനെ ഹിന്ദ് പറഞ്ഞു:മറ്റുള്ളവരുടെമേൽ ആദരയുക്തമായ ഭയമുളവാക്കുന്നതും സൗന്ദര്യമുള്ളതുമായ രൂപവും ആകൃതിയുമായിരുന്നു നബി(സ)തിരുമേനിയുടേത്. നബി(സ)തിരുമേനിയുടെ വദനകാന്തി നിശയുടെ നിബിഡാന്ധകാരത്തിൽ പ്രഭചൊരിയുന്ന പൂർണേന്ദുവിന് സദൃശമായിരുന്നു. ശരീരഘടന വളരെ ഉയരം കൂടിയതോ തീരെ കുറിയതോ ആയിരുന്നില്ല. ശിരസ് വലുതായിരുന്നു. കേശം ചീകി ഒതുക്കി വെക്കുമ്പോൾ കടലലപോലെ അലകളായി ഇരുചെവികൾക്കുമിടയിലൂടെ തോൾവരെ വീണു കിടക്കുമായിരുന്നു. ചില സന്ദർഭങ്ങളിൽ ഇരു ചെവികളും തോളും പ്രത്യക്ഷമാകുന്ന വിധത്തിൽ ഇരുവശത്തേക്കും തലമുടി ചീകി വെക്കാറുണ്ടായിരുന്നു. നിറമാകട്ടെ മഞ്ഞ കലർന്ന ചെമപ്പോ ഗോതമ്പുമാവിന്റെവെണ്മയോ അല്ലാത്ത ചെമപ്പ് കലർന്ന വെളുപ്പോ ആയിരുന്നു. വിശാലമായ നെറ്റിത്തടം. മെലിഞ്ഞുനീണ്ട ഇടതൂർന്ന കൺപുരികങ്ങൾക്കിടയിൽ വെള്ളിപോലെ തിളങ്ങുന്ന നയനങ്ങൾ. സുന്ദരമായ ആ കണ്ണുകൾ അകന്നും, കറുത്ത ഇമകൾക്കിടയിൽ വെട്ടിത്തിളങ്ങിയും ശോഭിച്ചു. ഇമകൾ പരസ്പരം തൊടുന്നത്രയും നീണ്ടു ഇടങ്ങിയാണ് വളർന്നിരുന്നത്. നീണ്ട സുന്ദരമായ നാസിക. പല്ലുകൾ ഇടയ്ക്കിടെ അല്പാല്പം മാത്രം ഇടവിട്ടുനിന്നു. പുഞ്ചിരിക്കുമ്പോൾ തൂമന്ദഹാസത്തിന്റെ പ്രകാശം മിന്നലൊളിപോലെ തോന്നും. അധരങ്ങൾ നയനാനന്ദകരമാംവിധം മനോഹരമായിരുന്നു. ക്ഷീണമേശാത്ത സുദൃഢമായ കവിൾത്തടങ്ങൾ. നീണ്ടതോ വൃത്താകൃതിയിലുളളതോ അല്ലാത്ത വട്ടമുഖം. മുഖത്തിന് ഏറ്റവും അനുയോജ്യമായ ഇടതൂർന്ന് വളർന്ന സമൃദ്ധമായ താടി. മീശ കത്രിച്ചുകൊണ്ടിരുന്നപ്പോഴൊക്കെ ദീക്ഷവെട്ടാതെ വളരാനനുവദിക്കുകയാണ് ചെയ്തിരുന്നത്. കഴുത്താവട്ടെ നീണ്ടതോ കുറിയതോ ആവാതെ ഒത്ത ഘടനയിൽത്തന്നെ. സൂര്യപ്രകാശവും കാറ്റും ഏൽക്കുന്ന വിധം തുറന്നിട്ട ഭാഗങ്ങൾ വെള്ളിപോലെ തിളങ്ങി. ഒരു ദുഷ്ചിന്തകൾക്കും ഇടമില്ലാത്ത ഹൃദയമുൾക്കൊള്ളുന്ന വിശാലമായ മാർവിടം. ശരീരത്തിൽ ഒരിടത്തും എല്ലുകൾ മുഴച്ചു നിന്നിരുന്നില്ല. മാർവിടം മുതൽ നാഭിവരെ നേർത്ത വരപോലെ നനുത്ത രോമങ്ങൾ വളർന്നിരുന്നു. ഇടതൂർന്ന കേശഭാരം വീണുകിടക്കുന്ന വിശാലമായ തോളുകളും

ശേഷം പേജ് 05 ൽ

## ഇതെല്ലാം ഇരുൾമുറ്റിയ രാത്രികളിൽ, അല്ലാഹുവിൽ പൂർണമായും ലയിച്ച ഒരാളുയർത്തിയ ഉള്ളുരുകിയ പ്രാർഥനകളുടെ ഫലമായിരുന്നു. അത് ലോകത്തെ ശബ്ദായമാനമാക്കി. അങ്ങനെ ആ നിരക്ഷരനും നിസ്സഹായനുമായ വ്യക്തിയുടെ കൈയാൽ തികച്ചും അസാധ്യമായിത്തോന്നിയ ഈ മഹാത്ഭുതം വെളിപ്പെടുമാറായി.

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عَلَيْهِ السَّلَام ന്റെ ഉപദേശങ്ങൾ**

### ലക്ഷക്കണക്കിനുള്ള മൃതന്മാർ ഏതാനും ദിനങ്ങൾകൊണ്ട് ജീവനുള്ളവരായി മാറുകയും തലമുറ തലമുറകളായി വഴിപിഴച്ചുപോയവർ ദിവ്യവർണം സ്വീകരിച്ചവരായി രൂപാന്തരപ്പെടുകയും ചെയ്യുകയെന്ന അത്ഭുതപ്രതിഭാസം

അറേബ്യൻ മരുഭൂമിയിൽ സംഭവിച്ചു. കുരുടന്മാർ കാണുവാൻ തുടങ്ങുകയും ഊമകളുടെ നാവുകളിൽ ദിവ്യജ്ഞാനം പ്രവഹിക്കുകയും ചെയ്തു. മുമ്പേയൊരിക്കലും ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതുമായ വിപ്ലവമാണ് സംഭവിച്ചത്.ഇതെന്തായിരുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? ഇതെല്ലാം ഇരുൾമുറ്റിയ രാത്രികളിൽ, അല്ലാഹുവിൽ പൂർണമായും ലയിച്ച ഒരാളുയർത്തിയ ഉള്ളുരുകിയ പ്രാർഥനകളുടെ ഫലമായിരുന്നു. അത് ലോകത്തെ ശബ്ദായമാനമാക്കി. അങ്ങനെ ആ നിരക്ഷരനും നിസ്സഹായനുമായ വ്യക്തിയുടെ കൈയാൽ തികച്ചും അസാധ്യമായിത്തോന്നിയ ഈ മഹാത്ഭുതം വെളിപ്പെടുമാറായി.

اَللّٰهم صل و سلم و بارك عليه وآله بعدد همه و غمه
وحزنه لهٰذه الامة و انزل عليه انوار رحمتك الى الابد

ഓ അല്ലാഹുവേ! മുസ്‌ലിം സമുദായത്തിനുവേണ്ടി അവിടന്ന് പ്രകടിപ്പിച്ച ഉത്കണ്ഠയ്ക്കും അനുഭവിച്ച കഷ്ടപ്പാടുകൾക്കും അനുസരിച്ച വിധം അദ്ദേഹത്തിൽ നീ അനുഗ്രഹങ്ങളും സലാമും ഇറക്കുകയും അദ്ദേഹത്തിന്റെമേൽ നിന്റെ കാരുണ്യത്തിന്റെ ദീപ്തിപ്രകർഷം എന്നുമെന്നും ചൊരിയുകയും ചെയ്യേണമേ! *(ബറക്കാത്തുദ്ദുആ, റൂഹാനീഖസാഇൻ വാള്യം 6, പേജ് 7)*

### നബി(സ)തിരുമേനിയുടെ അതുല്യമായ ക്ഷമയും സ്ഥൈര്യവും

നമ്മുടെ നബിനായകർ(സ)തിരുമേനി തന്റെ കാലത്ത് ഒരിക്കലുംതന്നെ വാളെടുക്കുന്ന കാര്യത്തിൽ മുൻകൈ എടുത്തിട്ടില്ലെന്ന കാര്യം ഞാൻ ഇവിടെ വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. മറിച്ച് അവിടന്ന് അവിശ്വാസികളിൽനിന്ന് ഏറിയകാലം ദുഃഖം സഹിക്കുകയും ഒരു മനുഷ്യന്റെ കഴിവിൽകവിഞ്ഞ തരത്തിൽ സഹനവും ക്ഷമയും കൈക്കൊള്ളുകയും ആണ് ചെയ്തത്. അപ്രകാരംതന്നെ അവിടത്തെ സ്വഹാബത്തും (തിരുസഖാക്കൾ) ഈ ഉദാത്തമായ തത്ത്വങ്ങൾതന്നെ പ്രാവർത്തികമാക്കി. കഷ്ടതകൾ സഹിക്കണമെന്നും സഹനം കൈക്കൊള്ളണമെന്നും ആയിരുന്നു അവർക്ക് കിട്ടിയിരുന്ന കൽപന. അവർ അതുപ്രകാരം വിശ്വസ്തതയും സഹനവും കാണിച്ചു. അവർ കാൽക്കലിട്ട് ചവുട്ടിയുരുട്ടപ്പെട്ടു. എന്നാലവർ ഒരക്ഷരം ഉരിയാടിയില്ല. അവരുടെ പിഞ്ചുകുട്ടികൾ അവരുടെ കൺമുമ്പിൽവച്ചുതന്നെ കൊത്തിനുറുക്കപ്പെട്ടു. അവർ തീകൊണ്ടും വെള്ളംകൊണ്ടുമുള്ള ശിക്ഷകൾക്കിരയാക്കപ്പെട്ടു. എന്നാൽ, അവർ സിംഹകുട്ടികളെപ്പോലെ ദ്രോഹങ്ങൾക്കു മുമ്പിൽ കീഴടങ്ങാതിരുന്നു. ലോകത്തെ സകല പ്രവാചകന്മാരുടേയും അനുയായി വൃന്ദങ്ങളിൽ ആരെങ്കിലുംതന്നെ, പ്രതിരോധശക്തിയുണ്ടായിട്ടും ദൈവകല്പനകേട്ട് അതനുവർത്തിക്കാനായി സ്വയം താഴ്മയെ വരിക്കുകയും ശത്രുവിനെ എതിരിടുന്നതിൽനിന്ന് മാറിനിൽക്കുകയും ചെയ്തിട്ടുണ്ടോ? ഇപ്രകാരം ശൂരന്മാരായിരിക്കെ സംഖ്യാബലവും കരബലവും ഉണ്ടായിരിക്കെ, എതിരിടാനുള്ള പ്രാപ്തി ഉണ്ടായിരിക്കെ, നെഞ്ഞൂക്കും ആണത്തവും ഉണ്ടായിരിക്കെ രക്തദാഹികളായ ശത്രുക്കളുടെ മർദനങ്ങളും ദണ്ഡനങ്ങളും പതിമൂന്നുകൊല്ലക്കാലം സഹിച്ചുകൊണ്ടിരുന്നിട്ടുള്ള മറ്റൊരു ജനവിഭാഗത്തെ ആർക്കെങ്കിലും കാണിച്ചുതരാനാകുമോ? നമ്മുടെ 'സയ്യിദും''മൗല'യുമായ തിരുനബിയും അവിടത്തെ സഖാക്കളും ഇപ്രകാരം സഹനം കൈക്കൊണ്ടത് നിർബന്ധിതാവസ്ഥയിലായിരുന്നില്ല. ആ സഹനത്തിന്റെ കാലഘട്ടത്തിലും ജീവാർപ്പണത്തിന് സന്നദ്ധരായിരുന്ന അവിടത്തെ സ്വഹാബാക്കൾ, ജിഹാദിനുള്ള കല്പനയ്ക്കു ശേഷമുള്ള അതേ കൈയും മെയ്യുമുള്ളവർ തന്നെയായിരുന്നു. ചിലപ്പോൾ ഒരായിരം ജവാന്മാർ ശത്രുക്കളുടെ ഒരു ലക്ഷം പടയാളികളെ നേരിടുകയും പരാജയപ്പെടുത്തുകയും ചെയ്തിട്ടുണ്ടായിരുന്നു. മക്കയിൽ ശത്രുക്കൾ നടത്തിയ ചോരച്ചൊരിച്ചിലിന്റെ നേരെ സഹനം കൈക്കൊണ്ടിട്ടുണ്ടായിരുന്നത് ഭീരുത്വംകൊണ്ടോ ദൗർബല്യം കൊണ്ടോ ആയിരുന്നില്ല. ദൈവകല്പനകേട്ട് അവർ ആയുധം അടിയറവ് വെച്ചതായിരുന്നുവെന്നും ആടുമാടുകളെപ്പോലെ അറുക്കപ്പെടുന്നതിന് തയ്യാറായതായിരുന്നുവെന്നും ലോകർക്ക് മനസ്സിലാക്കാൻ കഴിയുമാറാകുന്നതിനു വേണ്ടിയായിരുന്നു അത്. അത്തരം സഹനം മനുഷ്യന്റെ കഴിവിന്നപ്പുറത്തുള്ളതാണെന്നതിൽ സംശയമില്ല. മുഴുവൻ ലോകത്തേയും മുഴുവൻ നബിമാരുടേയും ചരിത്രം പരിശോധിച്ചുനോക്കിയാലും ഒരു സമുദായത്തിലും ഒരു നബിയുടെ അനുയായിവൃന്ദത്തിലും ഈ ശ്രേഷ്ഠമായ സ്വഭാവഗുണങ്ങൾ കാണാനാവില്ല. പൂർവ്വീകരിൽ ആരുടെയെങ്കിലും സഹനത്തിന്റെ കഥ നാം കേൾക്കുകയാണെങ്കിൽത്തന്നെ അത്തരം സഹനം ഭീരുത്വത്തിന്റേയോ പ്രതികാരശേഷിയില്ലായ്മയുടേയോ കാരണത്താലായിരിക്കാൻ സാധ്യതയുണ്ട്. എന്നാൽ, യഥാർഥത്തിൽ സൈനികമായ പക മനസ്സുകളിൽ നിറഞ്ഞുനിന്ന് വീരന്മാരുടേയും കരുത്തന്മാരുടേയും ഒരു വിഭാഗമായിരിക്കുകയും അവരോടു ഈ ക്രൂരകൃത്യങ്ങൾ കാണിക്കപ്പെടുകയും അതായത്, അവരുടെ പിഞ്ചോമനകൾ അരിഞ്ഞിടപ്പെടുകയും കുന്തമുനകൾക്കിരയാക്കപ്പെടുകയും ചെയ്തിട്ടും ആ അക്രമങ്ങളെ നേരിടാതിരുന്നിട്ടുള്ള മറ്റൊരു ജനവിഭാഗത്തെ ചൂണ്ടിക്കാണിക്കാനാവില്ല. നമ്മുടെ നബിനായകർ(സ)തിരുമേനിയുംഅവിടത്തെ തിരുസ്വഹാബയും പൂർണമായ രൂപത്തിൽ എന്നുവെച്ചാൽ നീണ്ട 13 കൊല്ലക്കാലം വെളിപ്പെടുത്തിക്കൊണ്ടിരുന്ന പൗരുഷത്തിന്റെ പ്രകടനം അതായിരുന്നു. ഇത്തരത്തിലുള്ള തിതിക്ഷ എന്നുവച്ചാൽ, ഓരോ ശ്വാസത്തിലും കഠിനമായ ദുരന്തങ്ങളെ അഭിമുഖീകരിക്കുക എന്ന അനുഭവം നീണ്ട പതിമൂന്നുകൊല്ലക്കാലം തുടർന്നുപോകുക എന്നത് യഥാർഥത്തിൽ അന്യാദൃശ്യം തന്നെയാകുന്നു. ഇക്കാര്യത്തിൽ ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ എനിക്കു പറഞ്ഞുതരിക, കഴിഞ്ഞകാലങ്ങളിലെ സാത്വികന്മാരുടെ ചരിത്രത്തിൽ ഈ സഹന പരീക്ഷയുടെ ഉദാഹരണം എവിടെയാണുള്ളതെന്ന്.*(റൂഹൂനീ ഖസാഇൻ വാള്യം 17, ഗവൺമെന്റ് അഗ്രേസി ഔർ ജിഹാദ് പേജ് 10 - 11)*

### എല്ലാ ഓരോ ദുഷ്കർമങ്ങളേയും ഉന്മൂലനം ചെയ്തതെന്നും നോക്കുക. ദുഷ്കർമങ്ങളുടെ മാതാവായ മദ്യത്തെ അകറ്റി. ചൂതാട്ടത്തിന്റെ ആചാരത്തെ വിപാടനം ചെയ്തു.

നമ്മുടെ സയ്യിദും മൗലായുമായ നബി(സ)തിരുമേനിയുടെ പരിഷ്കരിക്കൽ അങ്ങേയറ്റം വിശാലവും പൊതുവായിട്ടുള്ളതും എല്ലാവരാലും അംഗീകരിക്കപ്പെട്ടതുമാണ്. പരിഷ്കരണത്തിന്റെ ഈ നില കഴിഞ്ഞുകടന്ന നബിമാർക്ക് ലഭിച്ചിട്ടില്ല. ആരെങ്കിലും അറേബ്യൻ ചരിത്രം മുന്നിൽവച്ചുകൊണ്ട് ചിന്തിക്കുകയാണെങ്കിൽ അക്കാലത്തെ ബിംബാരാധകരും ക്രിസ്ത്യാനികളും യഹൂദികളും എത്രമാത്രം പക്ഷപാതമുള്ളവരായിരുന്നുവെന്ന് മനസ്സിലാകുന്നതായിരിക്കും. കാരണം നൂറ്റാണ്ടുകളായി അവരുടെ പരിഷ്കരണത്തിന്റെ പ്രതീക്ഷ നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു. പിന്നീട് ദൃഷ്ടി ഉയർത്തി നോക്കുക, ഖുർആനികാധ്യാപനം- അത് അവർക്ക് തികച്ചും എതിരായിരുന്നു- എത്രാമാത്രം വ്യക്തമായ സ്വാധീനങ്ങളാണ് കാണിച്ചതെന്നും എല്ലാ ഓരോ അന്ധവിശ്വാസത്തേയും എല്ലാ ഓരോ ദുഷ്കർമങ്ങളേയും ഉന്മൂലനം ചെയ്തതെന്നും നോക്കുക. ദുഷ്കർമങ്ങളുടെ മാതാവായ മദ്യത്തെ അകറ്റി. ചൂതാട്ടത്തിന്റെ ആചാരത്തെ വിപാടനം ചെയ്തു. പെൺമക്കളെ ജീവനോടെ കുഴിച്ചുമൂടുന്നത് ഇല്ലാതാക്കി. അത് മാനുഷികമായ കാരുണ്യത്തിനും നീതിക്കും പരിശുദ്ധിക്കും എതിരായ ശീലമായിരുന്നു. അങ്ങനെയുള്ളതെല്ലാം നന്നാക്കിത്തീർത്തു. അതേ!കുറ്റവാളികൾ തങ്ങളുടെ കുറ്റകൃത്യങ്ങൾക്ക് ശിക്ഷയും പ്രാപിച്ചു. ശിക്ഷയക്ക് അവർ അർഹരായിരുന്നു. പരിഷ്കരണമെന്നത് നിഷേധിക്കാനാവാത്തകാര്യമാണ് *(റൂഹാനീ ഖസാഇൻ വാള്യം 9, പേജ് 366, നൂറുൽഖുർആൻ നമ്പർ1, പേജ് 28 അടിക്കുറിപ്പ്)*

### പ്രതാപത്തിന്റേയും സൗന്ദര്യത്തിന്റേയും സമ്മിളിതരൂപമായിരുന്നു നമ്മുടെ നബി(സ)തിരുമേനി

'നമ്മുടെ നബി(സ)തിരുമേനി പ്രതാപത്തിന്റേയും സൗന്ദര്യത്തിന്റേയും രണ്ടിന്റേയും സമ്മിളിതരൂപമായിരുന്നു. മക്കയിലെ ജീവിതം സൗന്ദര്യപരമായ വർണത്തിലുള്ളതായിരുന്നു. മദീനയിലെ ജീവിതം പ്രതാപപരമായ വർണത്തിലുള്ളതായിരുന്നു. പിന്നീട് ഈ രണ്ടു സവിശേഷഗുണങ്ങളും ഉമ്മത്തിന് എങ്ങനെ വീതിക്കപ്പെട്ടുവെന്നാൽ സ്വഹാബത്തിന്(റ)പ്രതാപപരമായ വർണത്തിലുള്ള ജീവിതം പ്രദാനം ചെയ്യപ്പെട്ടു. സൗന്ദര്യപരമായ ജീവിതത്തിനു വേണ്ടി മസീഹ് മൗഊദിനെ നബി(സ)തിരുമേനിയുടെ സാക്ഷാത്കാരമാക്കി."

ശേഷം പേജ് 16 ൽ

പേജ് 03 ൽ നിന്ന്

അകന്നിരുന്നു. വിശാലമായ മുതുകും തോളുകളും കണങ്കാലുകളുമെല്ലാം മാംസളമായിരുന്നു. മാംസളങ്ങളായ തോളുകളും കൈകളും ഉള്ളംകൈകളും പാദങ്ങളും അകന്നും വിടർന്നുമിരുന്നു. വെള്ളിപോലെയായിരുന്നു വിരലുകൾ. അടിയുറച്ച കാൽവെപ്പുകളും ദൃഢമായി പദമൂന്നിയുള്ള നടത്തവും നബി(സ)തിരുമേനിയുടെ പ്രത്യേകതകളായിരുന്നു. നടക്കുമ്പോൾ കാലടികൾ ഓരോന്നായി അടുത്തടുത്തായി മുന്നോട്ടുവച്ച് നടന്നു നീങ്ങും. മാന്യമായ പോക്ക്. പക്ഷേ, ഉയരത്തിൽനിന്ന് താഴോട്ടു ഇറങ്ങുന്നതുപോലെയുള്ള വേഗം. ആരെയെങ്കിലും തിരിഞ്ഞു നോക്കുകയാണെങ്കിൽ പൂർണമായും തിരിയും. ദൃഷ്ടി എപ്പോഴും താഴോട്ടായിരിക്കും. അന്തരീക്ഷത്തെ അപേക്ഷിച്ച് ഭൂമിയിൽ അവിടത്തെ ദൃഷ്ടി കൂടുതൽ പതിയുന്നതായി തോന്നിയിരുന്നു. അർധനയനങ്ങൾ കൊണ്ടാണ് നോക്കിയിരുന്നത്. തന്റെ സ്വഹാബാക്കളുടെ പിന്നാലെ നടക്കുകയും അവരെ ശ്രദ്ധിക്കുകയും ചെയ്യുമായിരുന്നു. കാണുന്ന ഓരോരുത്തർക്കും സലാം ആദ്യം പറയുമായിരുന്നു.*(ശമാഇൽ തിർമുദി. ബാബ് ഫീ ഖൽഖി റസൂലില്ലാഹി സല്ലല്ലാഹു അലയ്ഹിവസല്ലം, ഹദീഖത്തുസ്സ്വാലിഹീൻ നമ്പർ 22)*

**നബി(സ)തിരുമേനി തന്റെ ആവശ്യത്തിനുവേണ്ടി ആരോടും ദ്വേഷപ്പെടുമായിരുന്നില്ല. അതിന് പകരംവീട്ടാറുമുണ്ടായിരുന്നില്ല. ആരെയെങ്കിലും നിന്ദിക്കുകയോ ഇകഴ്ത്തുകയോ അപമാനിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യുമായിരുന്നില്ല.**

ഹദ്റത്ത് ഹസൻ ബിൻ അലി റളിയല്ലാഹു അൻഹുമാ വിവരിക്കുന്നു. ഞാൻ എന്റെ മാതുലൻ ഹിന്ദ് ബിൻ അബീഹാലായോടു നബി(സ)തിരുമേനിയുടെ സംസാര രീതിയെ കുറിച്ച് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു:നബി(സ)തിരുമേനി എപ്പോഴും നിരന്തരവും അഗാധവുമായ ചിന്തയിലാണെന്ന് തോന്നുമായിരുന്നു; ഏതോ വിചാരത്താൽ അസ്വസ്ഥനായിരിക്കുന്നതുപോലെ. അധികവും നിശബ്ദമായിരിക്കുമായിരുന്നു. ആവശ്യമില്ലാതെ സംസാരിക്കുമായിരുന്നില്ല. സംസാരിക്കുമ്പോൾ പൂർണമായും വ്യക്തമായി സംസാരിക്കും. അവിടത്തെ സംസാരം ഹ്രസ്വവും എന്നാൽ, വാഗ്‌വൈഭവമുള്ളതും അർഥഗാംഭീര്യമുള്ളതും യുക്തിനിർഭവും വിഷയങ്ങളെല്ലാം ഉൾക്കൊള്ളുന്നതുമായിരുന്നു. അധികമായ കാര്യങ്ങളിൽനിന്ന് മുക്തമായിരുന്നു. പക്ഷേ, അതിൽ എന്തെങ്കിലും കുറവോ സംശയങ്ങളോ ഉണ്ടാകുമായിരുന്നില്ല. ആരെയെങ്കിലും നിന്ദിക്കുകയോ ഇകഴ്ത്തുകയോ അപമാനിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യുമായിരുന്നില്ല. ചെറിയ ചെറിയ അനുഗ്രഹങ്ങൾപോലും വലിയ തോതിൽ പ്രകടിപ്പിക്കുമായിരുന്നു. നന്ദി പ്രകടനം വളരെ പ്രസ്പഷ്ടമായിരുന്നു. ഒന്നിനേയും തിരസ്കരിക്കുമായിരുന്നില്ല. അത്യധികമായ ഇഷ്ടമാണെന്ന നിലയിൽ സ്തുതിക്കുകയും ചെയ്യുമായിരുന്നില്ല. സ്വാദുള്ളതും ഇല്ലാത്തതുമായ അശനപാനീയ വസ്തുക്കളെ ആകാശവും ഭൂമിയും കൂട്ടിച്ചേർക്കും വിധം സ്തുതിക്കുകയോ നിന്ദിക്കുകയോ ചെയ്യുന്നത് അവിടത്തെ ശീലമായിരുന്നില്ല. എപ്പോഴും മധ്യമനില സ്വഭാവമായിരുന്നു. ഏതെങ്കിലും ഭൗതികമായ കാരണത്താൽ ദ്വേഷം പിടിക്കുമായിരുന്നില്ല. വെറുക്കുകയും ഇല്ലായിരുന്നു. എന്നാൽ, സത്യത്തെ നിന്ദിക്കുകയാണെങ്കിൽ, സത്യം ധ്വംസിക്കപ്പെടുകയാണെങ്കിൽ അവിടത്തെ ദ്വേഷത്തിനുമുമ്പിൽ ആർക്കും പിടിച്ചുനില്ക്കാൻ കഴിയുമായിരുന്നില്ല. അത് ദൂരീകരിക്കാത്തിടത്തോളം ആ മഹാത്മാവിന് സ്വസ്ഥത ഉണ്ടാകുമായിരുന്നില്ല. തന്റെ ആവശ്യത്തിനുവേണ്ടി ആരോടും ദ്വേഷപ്പെടുമായിരുന്നില്ല. അതിന് പകരംവീട്ടാറുമുണ്ടായിരുന്നില്ല. ആംഗ്യം കാണിക്കുകയാണെങ്കിൽ കൈ മുഴുവനും കൊണ്ട് കാണിക്കുമായിരുന്നു; വിരൽ ചലിപ്പിച്ചുകാണിക്കുമായിരുന്നില്ല. അത്ഭുതം പ്രകടിപ്പിക്കുകയാണെങ്കിൽ കൈ മറിക്കുമായിരുന്നു. എന്തെങ്കിലും കാര്യത്തിൽ പ്രത്യേകം ശക്തിചെലുത്തണമെങ്കിൽ ഒരു കൈ മറ്റൊരു കൈയുമായി, വലതു കൈവെള്ളയിൽ ഇടതുകൈയിലെ തള്ളവിരൽ അടിക്കുന്നതുപോലെ ചേർക്കുമായിരുന്നു. ഇഷ്ടപ്പെടാത്ത കാര്യമെന്തെങ്കിലും കണ്ടാൽ മുഖം തിരിക്കുമായിരുന്നു. സന്തോഷമുണ്ടാകുമ്പോൾ കണ്ണ് ഒരു അണുവോളം അടയ്ക്കുമായിരുന്നു. അവിടന്ന് അധികവും ചിരിച്ചിരുന്നത് പുഞ്ചിരിക്കുന്നതരത്തിലായിരുന്നു. വായ തുറന്ന് പൊട്ടിച്ചിരിക്കുന്ന രീതിയിൽ ആയിരുന്നില്ല. ചിരിക്കുന്ന നേരത്ത് അവിടത്തെ അനുഗൃഹീതമായ ദന്തങ്ങൾ കാർമേഘത്തിൽനിന്ന് പെയ്യുന്ന ആലിപ്പഴംപോലെ കാണുമായിരുന്നു. *(ശമാഇൽ തിർമുദി, ബാബു കയ്ഫ കാന കലാമു റസൂലുല്ലാഹി(സ) ഹദീഖത്തുസ്സ്വാലിഹീൻ ഹദീഥ് നമ്പർ 23)*

പേജ് 05 ൽ നിന്ന്

**രണ്ട്:** ഹദ്റത്ത് ഇബ്റാഹീം(അ) കഅ്ബാദേവാലയം നിർമിക്കുന്ന നേരത്ത് മക്കക്കാരിൽ ഒരു മഹാനായ റസൂലിനെ നിയോഗിക്കുന്നതിനുവേണ്ടി ദുആ ചെയ്തിരുന്നു.

**മൂന്നു:** നബി(സ) തിരുമേനിയുടെ നിയോഗം ആ ദുആയുടെ ഫലമായിരുന്നു.

ഇനി നമ്മൾ ഈ മൂന്നുകാര്യങ്ങളെ അടിസ്ഥാനമാക്കി സ്വലാത്തിന്റെ വാക്കുകളിൽ ചിന്തിക്കുകയാണെങ്കിൽ കാര്യം വളരെ വ്യക്തമായും മനസ്സിലാകുന്നു. സ്വലാത്തിൽ കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമ അല്ലെങ്കിൽ കമാ ബാറക്ത അലാ ഇബ്റാഹീമ യുടെ വാക്കുകൾ നബി(സ)തിരുമേനിയുടെ മഹിമാവിലാസത്തിൽ ഏതെങ്കിലും തരത്തിലുള്ള കുറവ് പ്രകടിപ്പിക്കുന്നതായി സ്ഥാപിതമാകുന്നില്ല. പ്രത്യുത യഥാർഥത്തിൽ ഇക്കാര്യത്തിനുള്ള തെളിവ് ലഭ്യമാക്കുകയാണ് ചെയ്യുന്നത്. നബി(സ)തിരുമേനിയുടെ ഉന്നതമായ മഹിമാവിലാസവും അവിടത്തെ സമുദായത്തിന്റെ അസാധാരണമായ അഭിവൃദ്ധികളിലേക്ക് സൂചന നല്കുകയും ചെയ്യുന്നതിനുവേണ്ടി സ്വലാത്തിൽ പ്രവേശിപ്പിക്കപ്പെട്ടിരിക്കുകയാണ് ചെയ്തിട്ടുള്ളത്. കാര്യമെന്താണെന്നാൽ കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമ(ഇബ്റാഹീം(അ)ന്റെമേൽ നീ അനുഗ്രഹങ്ങൾ ചെയ്തതുപോലെ മുഹമ്മദു റസൂലുല്ലായുടെമേലും അനുഗ്രഹങ്ങൾ ചൊരിഞ്ഞാലും) വെക്കപ്പെട്ടിട്ടുള്ളതിന്റെ ഉദ്ദേശ്യം ഹദ്റത്ത് ഇബ്റാഹീം(അ)കഅ്ബാ നിർമാണ വേളയിൽ ചെയ്ത ദുആയുടേയും അതിന്റെ ഫലമായുണ്ടായ നബി(സ)തിരുമേനിയുടെ നിയോഗത്തിന്റേയും ബന്ധത്തെ കുറിച്ച് സൂചനനല്കുക എന്നതാണ്. പറഞ്ഞതിന്റെ ഉദ്ദേശ്യമിതാണ്, അല്ലാഹുവേ!എപ്രകാരം നീ ഇബ്റാഹീമിന്റെ ദുആ കൊണ്ട് ഇബ്റാഹീമിന്റെ സന്താപരമ്പരയിൽ മഹാനായ നബിയെ സ്വഷ്ടിച്ചുവോ അതേ പ്രകാരം ഇപ്പോൾ മുഹമ്മദു റസൂലുല്ലായുടെ ഉമ്മത്തിലും അസാധാരണമായ ആത്മീയ ശ്രേഷ്ഠതകളുടെ പരമ്പര തുടർന്നാലും. ഇപ്രകാരം സ്വലാത്തിൽ അങ്ങേയറ്റം അതിസൂക്ഷ്മവും പരിശുദ്ധവുമായ കാലഘട്ടം അതായത് മതഭക്തിയുള്ള വൃത്തം (Pious Circle) സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്റെ കാരുണ്യത്തിന്റെ കോന്തലയെ ഈ ദുആ കൊണ്ട് ചലനത്തിൽ കൊണ്ടുവരപ്പെട്ടിരിക്കുകയാണ്. അതായത്. അല്ലാഹുവേ!നീ മുഹമ്മദു റസൂലുല്ലായുടെ നിയോഗം വഴി ഇബ്റാഹീം(അ)മിന്റെമേൽ നിന്റെ പ്രത്യേകമായ അനുഗ്രഹങ്ങൾ ഇറക്കിയതുപോലെ നീ മുഹമ്മദു(സ)തിരുമേനിയുടെമേൽ പ്രത്യേകമായ അനുഗ്രഹങ്ങൾ ഇറക്കിയാലും. അതായത് കമാ സ്വല്ലയ്ത്ത് അലാ ഇബ്റാഹീമിൽ ഏതൊരു ഉദാഹരണമാണോ നല്കപ്പെട്ടിട്ടുള്ളത് അതും യഥാർഥത്തിൽ നബി(സ)തിരുമേനിയുടെ സത്താപരമായ വിശേഷഗുണങ്ങളുമായി ബന്ധം വെക്കുന്നതാണ്. അല്ലാതെ ഇബ്റാഹീമുമായിട്ടല്ല. ഹദ്റത്ത് ഇബ്റാഹീമിന്റെ നാമം ഈ ഉദാഹരണം വ്യക്തമാക്കുന്നതിനും അതിന്റെ യാഥാർഥ്യത്തിലേക്ക് സൂചിപ്പിക്കുന്നതിനുംവേണ്ടിയാണ് കൊണ്ടുവരപ്പെട്ടിട്ടുള്ളത്. അപ്പോൾ സ്വലാത്തിന്റെ ശരിയായ അർഥം എന്താണെന്നാൽ അല്ലാഹുവേ! മുഹമ്മദു റസൂലുല്ലായെ പോലുള്ള മഹാനായ നബിയുടെ നിയോഗംവഴി ഹദ്റത്ത് ഇബ്റാഹീമിന്റെമേൽ ഇറക്കിയതുപോലുള്ള ആ പ്രത്യേകമായ അനുഗ്രഹങ്ങൾ നീ മുഹമ്മദു റസൂലുല്ലായുടെമേൽ ഇറക്കിയാലും. അതായത് വലംവെച്ചുകൊണ്ട് നബി(സ)തിരുമേനിയുടെ ആത്മീയമായ ശ്രേഷ്ഠതകളുടെ ഉദാഹരണം നബി(സ)തിരുമേനിയിലേക്കുതന്നെ മടങ്ങിവന്നു. കമാ സ്വല്ലയ്ത്ത് അലാ ഇബ്റാഹീമ എന്ന വാക്കുകളിൽ ഹദ്റത്ത് ഇബ്റാഹീമിന്റെ മഹത്ത്വത്തിന്റേയും ഉന്നതിയുടേയും ഒരു ചോദ്യവും അവശേഷിക്കുന്നില്ല. ഞാൻ മുകളിൽ വിശദീകരിച്ചതുപോലെ യഥാർഥത്തിൽ മുഹമ്മദു റസുലുല്ലായ്ക്കുവേണ്ടി ബർക്കത്തുകൾക്കുവേണ്ടിയുള്ള സ്വയം അവിടത്തെതന്നെ ഉദാഹരണം നല്കിക്കൊണ്ട് ചോദിക്കപ്പെട്ടിരിക്കുകയാണ്. ഹദ്റത്ത് ഇബ്റാഹീമിന്റെ നാമം കേവലം ആ ഉദാഹരണത്തിന്റേ വിശദീകരണത്തിനുവേണ്ടി കൊണ്ടുവരപ്പെട്ടിരിക്കുന്നുവെന്നേയുള്ളു. ഇനി നോക്കുക! സ്വലാത്തിൽ സ്ഥാപിക്കട്ടിരിക്കുന്നതു എത്രമാത്രം അനുഗൃഹീതമായ വലംവെക്കലാണ്. ചുരുക്കത്തിൽ സ്വലാത്തിന്റെ ദുആയുടെ സംക്ഷേപരൂപം ഇതാണ്:അല്ലാഹുവേ! മുഹമ്മദു റസൂലുല്ലാഹ്(സ)യുടെ അതുല്യമായ അനുഗ്രഹങ്ങൾ അവിടത്തെ സത്തയിൽത്തന്നെ പരിമിതമായിരിക്കരുതേ!പ്രത്യുത അതിന്റെ പരമ്പര ഖിയാമത്തുന്നാൾവരെ വിശാലമായിക്കൊണ്ടിരിക്കേണമേ!അവിടത്തെ ആത്മീയമായ നിഴലുകൾ ലോകത്ത് വെളിപ്പെട്ട് വെളിപ്പെട്ട് എപ്പോഴും അവിടത്തെ പ്രകാശവും വെളിച്ചവും പരന്നുകൊണ്ടിരിക്കേണമേ!

ഇനി അവശേഷിക്കുന്ന ചോദ്യം സ്വലാത്തിന്റെ ഇത് പൂർത്തിയായോ എന്നാണ്. പൂർത്തിയായെങ്കിൽ ഏതു രീതിയിൽ! ഇതിന്റെ സർവസാധരണമായ മറുപടി ഇതാണ്. ഈ ദുആ അതിന്റെ പൂർണമായ മഹിമാവിലാസത്തോടെ പൂർത്തിയായെന്ന് മാത്രമല്ല, പ്രത്യുത നബി(സ)തിരുമേനിക്കുതന്നെയും അല്ലാഹുവിൽനിന്ന് അതറിയിക്കപ്പെട്ടിരുന്നു. നാം പഠിപ്പിച്ചിട്ടുള്ള സ്വലാത്തിന്റെ പ്രാർഥന ഇന്ന ഇന്ന രീതിയിൽ പൂർത്തിയാകുന്നതായിരിക്കും. ഈ ദുആയുടെ പൊതുവെയുള്ള ജ്യോതിസ്സ് എന്താണെന്നാൽ മുഹമ്മദിയ്യ ഉമ്മത്തിന് അതിശ്രേഷ്ഠമായ ഔലിയാക്കളുടേയും നിസ്തുല്യമായ ഉലമാഅ്ന്റേയും അസാ

ശേഷം പേജ് 16 ൽ

## ഖുത്ബ ജുമുഅ

**ആദരണീയരായ സ്വഹാബത്ത് ഈ യുദ്ധത്തിൽ അങ്ങേയറ്റം ക്ഷമയുടേയും സ്ഥൈര്യത്തിന്റേയും എങ്ങനെയുള്ള തെളിവു നല്കിയെന്നാൽ അതിന് ഉദാഹരണം ലഭിക്കുകയില്ല. തുടർച്ചയായി ശത്രുപക്ഷത്തേക്ക് മുന്നേറിക്കൊണ്ടിരുന്നു. അങ്ങനെ അല്ലാഹു വിജയം നല്കി. അവിശ്വാസികൾ പിന്തിരിഞ്ഞോടുകയും ചെയ്തു.**

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച**

**യമാമ യുദ്ധത്തിന്റെ അവസ്ഥകളുടേയും സംഭവങ്ങളുടേയും വിശദമായ വിവരണം.**

**മുസയ്‌ലിമത്തുൽ കദ്ദാബിന്റെ വധത്തിന്റെ വിവരണം.**

**പാക്കിസ്താനിലേയും അൽജീരിയായിലേയും അഫ്ഗാനിസ്താനിലേയും അഹ്മദികൾക്കുവേണ്ടി ദുആ ചെയ്യാൻ ആഹ്വാനം**

**ഖുത്ബ ജുമുഅ 2022 ജൂൺ 6/1401 ഇഹ്സാൻ 6,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)നെ കുറിച്ചുള്ള അനുസ്മരണമാണ് നടന്നുവരുന്നത്. ഇതോടനുബന്ധിച്ച് നബി(സ) തിരുമേനിയുടെ വഫാത്തിനുശേഷം മുനാഫിഖീങ്ങളോടും എതിരാളികളോടും നടത്തിയ യുദ്ധങ്ങളെ കുറിച്ചും പറഞ്ഞിരുന്നു. അതിൽതന്നെ ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ), മുസയ്‌ലിമ കദ്ദാബിനോട് ചെയ്ത യുദ്ധത്തെ കുറിച്ചും പരാമർശിച്ചിരുന്നു. ഇതിൽ മുസ്‌ലിമീങ്ങളുടെ വിവിധ സംഘങ്ങളുടെ ധ്വജവാഹകരുടെ ധൈര്യത്തെ കുറിച്ചും പറഞ്ഞിരുന്നു. അൻസ്വാറിന്റെ പതാക ഹദ്റത്ത് ഥാബിത്ത് ബിൻ ഖയ്സിന്റെ പക്കലായിരുന്നു. മുഹാജിരീങ്ങളുടെ പതാക ഹദ്റത്ത് സയ്ദ് ബിൻ ഖത്ത്വാബിന്റെ കൈയിലായിരുന്നു. ഹദ്റത്ത് സയ്ദ് ബിൻ ഖത്ത്വാബ്(റ) ജനങ്ങളോട് പറഞ്ഞു: 'ജനങ്ങളേ! നിങ്ങൾ ദൃഢഗാഢമായി ഉറച്ച് നിൽക്കുവിൻ. ശത്രുക്കൾക്കുമേൽ കുതിക്കുവിൻ. മുന്നോട്ട് ഗമിക്കുവിൻ.' തുടർന്ന് പറഞ്ഞു: 'അല്ലാഹുവാണ! ഞാൻ അല്ലാഹു അവരെ പരാജയപ്പെടുത്തുന്നതുവരെ അല്ലെങ്കിൽ ഞാൻ അല്ലാഹുവിനെ കണ്ടുമുട്ടുന്നതുവരെ സംസാരിക്കുന്നതല്ല. പിന്നെ തെളിവുകളുമായി ഞാൻ സംസാരിക്കുന്നതാണ്. തുടർന്ന് അദ്ദേഹവുംശഹീദായി. *(അൽബിദായ വന്നിഹായ വാള്യം 3, ഭാഗം 6, പേജ് 320, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2001)*

ഹദ്റത്ത് സയ്ദ് ബിൻ ഖത്ത്വാബ്(റ)നെ കുറിച്ച് പറയുന്നു. അദ്ദേഹം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബിന്റെ രണ്ടാനമ്മയുടെ മകനായിരുന്നു. ആദ്യകാല മുസ്‌ലിമും ആയിരുന്നു. അതായത് തുടക്കത്തിൽ ഇസ്‌ലാം സ്വീകരിച്ചവരിൽ ഉൾപ്പെടുന്നു. ബദ്റിലും അതിനുശേഷമുള്ള യുദ്ധങ്ങളിലും ഭാഗഭാക്കായിരുന്നു. റസൂലുല്ലാഹ്(സ)ന്റെ ഹിജ്റത്തിനുശേഷം അദ്ദേഹത്തേയും മഅൻ ബിൻ അദിയ്യ് അൻസാരി(റ)യേയും സഹോദരന്മാരാക്കി. രണ്ടു പേരും യമാമ യുദ്ധത്തിലാണ് ശഹീദായത്. യമാമ യുദ്ധത്തിൽ ഹദ്റത്ത് ഖാലിദ്(റ) സൈന്യത്തെ ക്രമീകരിച്ചപ്പോൾ ഒരു ഭാഗത്തിന്റെ സൈന്യാധിപനായി ഹദ്റത്ത് സയ്ദ് ബിൻ ഖത്ത്വാബിനെയാണ് നിശ്ചയിച്ചത്. അതുപോലെ ഈ യുദ്ധത്തിൽ മുഹാജിരീങ്ങളുടെ പതാകയും അദ്ദേഹത്തിന്റെ കൈയിലായിരുന്നു. അദ്ദേഹം പതാകയുമായി മുന്നോട്ട് ഗമിക്കുകയും വളരെ ധീരമായി പോരാടുകയും ചെയ്തു. എത്രത്തോളമെന്നാൽ ശഹീദായി. അങ്ങനെ കൊടി താഴെ വീണുപോയി. സാലിം മൗലാ അബി ഹുദയ്ഫ(റ) പതാക ഏറ്റെടുത്തു. ഈ യുദ്ധത്തിൽ സയ്ദ്(റ) മുസയ്‌ലിമയുടെ വലംകയ്യും ധീരനുമായ കുതിര സവാരിക്കാരൻ റിജാൽ ബിൻ അൻഫുഹിനെ വധിക്കുകയുണ്ടായി. ഇദ്ദേഹത്തെ വധിച്ചത് മർയം ഹനഫി എന്നയാളായിരുന്നു. പിന്നീട് അയാൾ മുസ്‌ലിമായി. ഒരിക്കൽ ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തോട് പറഞ്ഞു: നിങ്ങൾ എന്റെ സഹോദരനെ വധിച്ചിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലയോ അമീറുൽ മുമിനീൻ അല്ലാഹു എന്റെ കൈകളാൽ സയ്ദ്(റ)ന് അന്തസ്സ് നൽകിയിരിക്കുന്നു. അദ്ദേഹത്തിന്റെ കൈകളാൽ എന്നെ നിന്ദ്യനാക്കിയതുമില്ല. അതായത് അദ്ദേഹം ശഹാദത്തിന്റെ മരണമാണ് വരിച്ചത്. ആ സമയത്ത് അദ്ദേഹത്തിന്റെ കൈകളാൽ ഞാൻ കൊല്ലപ്പെട്ടിരുന്നുവെങ്കിൽ നിന്ദ്യമായ മരണം ഞാൻ വരിക്കുമായിരുന്നു. ഇപ്പോൾ എനിക്ക് ഇസ്‌ലാം സ്വീകരിക്കാൻ സൗഭാഗ്യം ലഭിച്ചിരിക്കുന്നു.'

ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബിന്റെ മകൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറും യമാമ യുദ്ധത്തിൽ ഭാഗഭാക്കായിരുന്നു. അദ്ദേഹം തിരിച്ച് മദീനയിൽ വന്നപ്പോൾ ഹദ്റത്ത് ഉമർ(റ) തന്റെ ശഹീദായ സഹോദരനെപറ്റിയുള്ള ദുഃഖം നിമിത്തം മകനോട് പറഞ്ഞു: 'നിന്റെ എളാപ്പ ശഹീദായിരിക്കെ നീ എങ്ങനയെയാണ് തിരിച്ചുവന്നത്. നീ എന്തിനാണ് എനിക്ക് നിന്റെ മുഖം കാണിക്കുന്നത്?' സയ്ദിന്റെ മരണ വാർത്ത ഉമർ(റ)നു ലഭിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'സയ്ദ് നൻമയിൽ എന്നെ മുൻ കടന്നിരിക്കുന്നു.' ഈ പരാമർശം നേരത്തെയും ഒരു തവണ ഉണ്ടായതാണ്. അദ്ദേഹം എന്നെക്കാളും മുന്നേ ഇസ്‌ലാം സ്വീകരിക്കുകയും എനിക്ക് മുമ്പേ ശഹീദായിരിക്കുകയും ചെയ്തിരിക്കുന്നു.' മാലിക് ബിൻ നുവയ്റയെ ഹദ്റത്ത് ഖാലിദ് വധിച്ചപ്പോൾ അയാളുടെ സഹോദരൻ മുത്മിം ബിൻ നുവയ്റ തന്റെ സഹോദരൻ മാലിക്കിന്റെ വധത്തെ സംബന്ധിച്ച് കവിത ചൊല്ലുകയുണ്ടായി. അദ്ദേഹത്തിന് സഹോദരനോട് വളരെ സ്നേഹമായിരുന്നു. അദ്ദേഹം അധിക സമയവും സഹോദരന്റെ വേർപാടിൽ കരഞ്ഞു കൊണ്ടിരിക്കുകയും കവിത ചൊല്ലുകയും ചെയ്യുമായിരുന്നു. ഒരിക്കൽ ഹദ്റത്ത് ഉമറിനെ അദ്ദേഹം കാണാൻ വന്നു. അദ്ദേഹം സഹോദരനെ പറ്റിയുള്ള ശോകഗീതം ഹദ്റത്ത് ഉമറിനെ കേൾപ്പിച്ചപ്പോൾ ഹദ്റത്ത് ഉമർ പറഞ്ഞു, 'എനിക്കും കവിത ഉണ്ടാക്കാൻ അറിയുമായിരുന്നുവെങ്കിൽ നിങ്ങളെ പോലെ ഞാനും എന്റെ സഹോദരൻ സയ്ദിനെ കുറിച്ച് കവിത ചൊല്ലുമായിരുന്നു. അപ്പോൾ മൂത്മിം പറഞ്ഞു; എൻറെ സഹോദരന്റെ മരണം താങ്കളുടെ സഹോദരന്റെ മരണത്തെ പോലെ ആയിരുന്നു വെങ്കിൽ അതായത് ശഹാദത്തിന്റെ മരണമായിരുന്നുവെങ്കിൽ ഞാൻ ഒരിക്കലും എന്റെ സഹോദരനെ കുറിച്ചോർത്ത് സങ്കടപെടുമായിരുന്നില്ല.' ഉമർ(റ) പറഞ്ഞു: 'എന്റെ സഹോദരനെ സംബന്ധിച്ച് താങ്കൾ പറഞ്ഞതുപോലെ മനോഹരമായി മറ്റാരും തന്നെ അനുശോചിച്ചിട്ടില്ല. ഹദ്റത്ത് ഉമർ ഇങ്ങനെ പറയുമായിരുന്നു:

'മന്ദമാരുതൻ ചലിക്കുമ്പോൾ സയ്ദിന്റെ ഓർമ്മകൾ പുതുപുത്തനായി വന്നു കൊണ്ടിരിക്കുന്നു. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, ഡോക്ടർ അലി മുഹമ്മദി സ്വലാബി അൽഫുർഖാൻ ട്രസ്റ്റ് ഖാൻഗഢ്, പാക്കിസ്താൻ) (താരീഖു അത്ത്വബ്‌രി, വാല്യം 2, പേജ് 280, ദാറുൽകുതുബുൽ ഇൽമിയ്യ, 1987) (അൽഇക്തിഫാ ഭാഗം 2, പേജ് 111, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത്, ഹിജ്റ 1420)*

ഏതായാലും യുദ്ധത്തെ കുറിച്ചാണ് പറഞ്ഞു കൊണ്ടിരിക്കുന്നത്. മുസയ്‌ലിമ കദ്ദാബ് ഇപ്പോഴും ഉറച്ചു നിൽക്കുക തന്നെയാണ്. ഉറച്ച് നിൽക്കുകയും നിഷേധികളുടെ യുദ്ധ കേന്ദ്രമായി മാറുകയും ചെയ്തുട്ടുണ്ടായിരുന്നു. ഹദ്റത്ത് ഖാലിദ്(റ) ഇപ്രകാരം അവലോകനം നടത്തി. അതായത്, മുസയ്‌ലിമ വധിക്കപെടാതെ യുദ്ധം അവസാനിക്കുന്നതല്ല. കാരണം ബനൂ ഹനീഫയിലെ ആരെങ്കിലും കൊല്ലപ്പെടുമ്പോൾ അവർ അത് ഗൗനിക്കുന്നില്ല; അതായത് മുസയ്‌ലിമയുടെ സുഹൃത്തുക്കൾ. അതുകൊണ്ട് ഹദ്റത്ത് ഖാലിദ്(റ) ഒറ്റക്ക് അവർക്ക് മുന്നിലേക്ക് വരികയും ഓരോരുത്തരെയായി യുദ്ധത്തിന് വിളിക്കുകയും ചെയ്തു. തന്റെ അടയാളത്തെ കുറിച്ച് മുദ്രാവാക്യം വിളിച്ചു. മുസ്‌ലിമീങ്ങളുടെ അടയാളം 'യാ മുഹമ്മദൻ' എന്നായിരുന്നു. ചുരുക്കത്തിൽ എതിർക്കാൻ ആരു വന്നാലും ഹദ്റത്ത് ഖാലിദ്(റ) അയാളെ വധിക്കുമായിരുന്നു. പിന്നെ മുസ്‌ലിമീങ്ങൾ വളരെ ആവേശത്തോടെ യുദ്ധം ചെയ്തു. ഹദ്റത്ത് ഖാലിദ്(റ), മുസയ്‌ലിമയെ പോരിന് വിളിച്ചു. അത് അയാൾ സ്വീകരിച്ചു. ഹദ്റത്ത് ഖാലിദ്(റ) അയാളുടെ ആഗ്രഹപ്രകാരം ചില കാര്യങ്ങൾ അയാൾക്കു മുന്നിൽ സമർപ്പിക്കുകയുണ്ടായി. തുടർന്ന് ഹദ്റത്ത് ഖാലിദ്(റ) അയാളെ ആക്രമിച്ചപ്പോൾ അയാൾ ഓടിപ്പോയി. അയാളുടെ കൂട്ടുകാരും ഓടിപ്പോയി. അപ്പോൾ ഹദ്റത്ത് ഖാലിദ്(റ) ജനങ്ങളോട് വിളിച്ചു പറഞ്ഞു, അതായത് മുസ്‌ലിമീങ്ങളോട് പറഞ്ഞു: ഓർക്കുക! ഇപ്പോൾ ബുദ്ധിമോശം കാണിക്കരുത്. മുന്നോട്ട് ഗമിക്കുവിൻ. ആരെയും രക്ഷപ്പെടാൻ അനുവദിക്കരുത്. അത് കേട്ടപ്പോൾ മുസ്‌ലിമീങ്ങൾ അവർക്കുമേൽ ഓടിക്കയറി. ആക്രമണം നടത്തി. *(അൽകാമിൽ ഫിത്താരീഖ്, ലി ഇബ്നി അഥീർ ദിക്റു മുസയ്‌ലിമ വ അഹ്‌ലുൽയമാമ, വാല്യം 2, പേജ് 221,ദാറുൽകുതുബുൽഇൽമിയ്യ ബെയ്റത്ത് 2003)*

സ്വഹാബാക്കൾ ഈ യുദ്ധത്തിൽ അങ്ങേയറ്റത്തെ ക്ഷമയും സൈഥര്യവും പ്രകടിപ്പിച്ചു. അതിന് തത്തുല്യമായത് കാണാൻ സാധ്യമല്ല. ശത്രുക്കൾക്കിടയിലേക്ക് തുടർച്ചയായി മുന്നേറിക്കൊണ്ടിരുന്നു. എത്രത്തോളമെന്നാൽ അല്ലാഹു ശത്രുക്കൾക്കെതിരിൽ വിജയം നൽകി. നിഷേധികൾ പുറന്തിരിഞ്ഞോടി. മുസ്‌ലിമീങ്ങൾ അവരെ പിന്തുടർന്നു. പിന്തുടരുകയും വധിച്ച് കൊണ്ടിരിക്കുകയുംചെയ്തു.അവരുടെകഴുത്തുകളിൽ വാളുകൾ പതിച്ചുകൊണ്ടിരുന്നു. അങ്ങനെ അവരെ ഒരു തോട്ടത്തിൽ അഭയം തേടാൻ നിർബന്ധിതരാക്കി. ബനൂ ഹനീഫയുടെ ഒരു നേതാവ് മുഹക്കം ബിൻ തുഫയ്ൽ ഓടിപ്പോകുന്ന ജനങ്ങളോട് പറഞ്ഞു: ജനങ്ങളേ! ഈ തോട്ടത്തിനകത്തേക്ക് പ്രവേശിക്കുവിൻ. അത് വലിയ തോട്ടമായിരുന്നു. അതിനു നാലുഭാഗത്തും ചുറ്റുമതിൽ ഉണ്ടായിരുന്നു. മുഹക്കം ബിൻ തുഫയ്ൽ, ബനൂ ഹനീഫയെ പിന്തുടരുന്ന മുസ്‌ലിമീങ്ങളോട് ഏറ്റുമുട്ടാൻ തുടങ്ങി. ഈ തോട്ടം രണാങ്കണത്തിന് അടുത്ത് തന്നെയായിരുന്നു. മുസയ്‌ലിമയുടെ ഉടമസ്ഥതയിലും ആയിരുന്നു. ഈ തോട്ടം 'ഹദീഖത്തുർറഹ്‌മാൻ' എന്നാണ് പറയപ്പെട്ടിരുന്നത്. മുസയ്‌ലിമയെ 'റഹ്‌മാനുൽ യമാമ' എന്ന് പറയുന്നതുപോലെ. എന്നാൽ, ഈ യുദ്ധത്തിന്നിടയിൽ ഈ തോട്ടത്തിൽ നിരവധി ശത്രുക്കൾ മരണപ്പെട്ടതുകാരണം ഈ തോട്ടം 'ഹദീഖത്തുൽ മൗത്ത്' അതായത് മരണത്തിന്റെ തോട്ടം എന്നും അറിയപ്പെടാൻ തുടങ്ങി. മുസയ്‌ലിമ ദ്ദാബും തന്റെ സുഹൃത്തുക്കളോടൊപ്പം ഈ തോട്ടത്തിലേക്ക് പോയി. ഹദ്റത്ത് അബ്ദുർറഹ്‌മാൻ ബിൻ അബീബക്ർ, ബനൂ ഹനീഫയുടെ ഒരു നേതാവായ മുഹക്കം പ്രഭാഷണം നടത്തുന്നത് കാണാനിടയായി. അദ്ദേഹം അയാളുടെ നേർക്ക് അമ്പെയ്ത് കൊലപ്പെടുത്തി. ബനൂ ഹനീഫ തോട്ടത്തിന്റെ കവാടങ്ങൾ അടച്ചു. സ്വഹാബാക്കൾ നാലുഭാഗത്തുനിന്നും തോട്ടത്തെ വളഞ്ഞു. മുസ്‌ലിമീങ്ങൾ എങ്ങിനെയെങ്കിലും തോട്ടത്തിനകത്തേക്ക് പ്രവേശിക്കാൻ വഴി അന്വേഷിച്ച് തുടങ്ങി. എന്നാലത് കോട്ട പോലെയുള്ള തോട്ടമായിരുന്നു. അന്വേഷണം നടത്തിയെങ്കിലും അകത്തേക്ക് കടക്കാനുള്ള ഒരു സ്ഥലവും കണ്ടില്ല. അവസാനം ഹദ്റത്ത് ബറാഅ് ബിൻ മാലിക്, ഇദ്ദേഹം ഹദ്റത്ത് അനസ് ബിൻ മാലികിന്റെ സഹോദരൻ ആയിരുന്നു, ഉഹുദ് ഖൻദക്ക് യുദ്ധങ്ങളിൽ നബി(സ) തിരുമേനിയോടൊപ്പം പങ്കെടുത്തിട്ടുണ്ട്. വളരെ ധീരനായിരുന്നു. 'മുസ്‌ലിമീങ്ങളേ! ഇനി ഒരു വഴി മാത്രമേ ഉള്ളൂ. നിങ്ങളെന്നെ എടുത്ത് തോട്ടത്തിനകത്തേക്ക് ഇടുക. ഞാൻ അകത്തുപോയി കവാടം തുറക്കാം. പക്ഷേ, മുസ്‌ലിമീങ്ങൾക്ക് അത് ഇഷ്ടമായില്ല. അതായത് അവരുടെ ഉന്നതനായ ഒരു സുഹൃത്ത് ആയിരക്കണക്കിന് ശത്രുക്കൾക്കിടയിൽ തന്റെ ജീവൻ നഷ്ടപ്പെടുത്തുന്നത് അവർക്ക് സമ്മതമല്ലായിരുന്നു. അവർ അങ്ങനെ ചെയ്യാൻ വിസമ്മതിച്ചു. എന്നാൽ, ഹദ്റത്ത് ബറാഅ് ബിൻ മാലിക് ശാഢ്യം പിടിക്കാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ! നിങ്ങൾ എന്നെ തോട്ടത്തിൽ കവാടത്തിനടുത്തേക്ക് ഇടുക. അവസാനം നിർബന്ധിതരായ മുസ്‌ലിമീങ്ങൾ അദ്ദേഹത്തെ മതിലിനു മുകളിലേക്ക് കയറ്റി. മതിലിനു മുകളിൽ കയറിയ ഹദ്റത്ത് ബറാഅ് ബിൻ മാലിക് ശത്രുക്കളുടെ എണ്ണം കണ്ടപ്പോൾ ഒരു നിമിഷം നിന്നുപോയി. എന്നാൽ, തുടർന്ന് അല്ലാഹുവിന്റെ പേരുച്ചരിച്ച് തോട്ടത്തിന്റെ വാതിലിന്റെ മുന്നിലേക്ക് കുതിച്ചുചാടി. ശത്രുക്കളെ നേരിടുകയും വധിക്കുകയും ചെയ്ത് കൊണ്ടിരുന്നു. കവാടത്തിനടുത്തേക്ക് നീങ്ങുകയും ചെയ്തു. അവസാനം കവാടത്തിനടുത്ത് എത്തുന്നതിൽ അദ്ദേഹം വിജയിച്ചു. തോട്ടത്തിന്റെ വാതിൽ തുറന്നു. പുറത്ത് മുസ്‌ലിമീങ്ങളും വാതിൽ തുറക്കുന്നതും കാത്ത് നിൽക്കുകയായിരുന്നു. വാതിൽ തുറന്നതും അവർ തോട്ടത്തിൽ പ്രവേശിച്ച് ശത്രുക്കളെ വധിക്കാൻ തുടങ്ങി. ബനൂ ഹനീഫ മുസ്‌ലിമീങ്ങളുടെ മുന്നിൽനിന്ന് ഓടാൻ തുടങ്ങി. പക്ഷേ, അവർക്ക് തോട്ടത്തിൽനിന്ന് പുറത്തിറങ്ങാൻ കഴിയുമായിരുന്നില്ല. അതിന്റെ പരിണിതിയായി ആയിരക്കണക്കിന് ആളുകൾ മുസ്‌ലിമീങ്ങളുടെ കൈകളാൽ കൊലചെയ്യപ്പെട്ടു.

മറ്റൊരു നിവേദനത്തിൽ പറയുന്നു, ഹദ്റത്ത് ബറാഅ് ബിൻ മാലിക്ക് മാത്രമല്ല വേറെയും നിരവധി മുസ്‌ലിമീങ്ങൾ മതിൽ ചാടിക്കടന്ന് കവാടത്തിനടുത്തേക്ക് കുതിച്ചു. *(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കൽ, പേജ് 200-201) (അൽബിദായ വന്നിഹായ, വാല്യം 3, ഭാഗം 6, പേജ് 321, ദാറുൽകുതുബുൽ ഇൽമിയ്യ ലബ്നാൻ 2001)(മുഅ്ജമുൽബുൽദാൻ വാല്യം 2, പേജ് 268, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ഉസുദുൽഗാബ വാല്യം 1, പേജ് 363-364, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2016)*

മുസ്‌ലിമീങ്ങൾ മുർതദ്ദീങ്ങളെ കൊല ചെയ്തുകൊണ്ട് മുസയ്‌ലിമ കദ്ദാബിന്റെ അടുത്തു വരെയെത്തി. അയാൾ ഒരു മതിലിന്റെ വിടവിനുള്ളിൽ നിൽക്കുകയായിരുന്നു. അയാൾ കാക്കി കളർ ഒട്ടകം പോലെയുണ്ടായിരുന്നു. അയാൾ രക്ഷപ്പെടാൻ വേണ്ടി മതിലിനു മുകളിൽ കയറാൻ ആഗ്രഹിക്കുകയായിരുന്നു. കോപം കാരണം ഭ്രാന്ത് പിടിച്ച അവസ്ഥയിലായിരുന്നു. വഹ്ശി ബിൻ ഹർബ്, ഇദ്ദേഹമാണ് ഉഹുദ് യുദ്ധത്തിൽ ഹദ്റത്ത്ഹംസത്ത്(റ)നെ ശഹീദാക്കിയത്, മുസ്‌ലിമീങ്ങളുടെ ഭാഗത്ത് നിന്ന് മുന്നോട്ട് കുതിച്ചു. അദ്ദേഹം ഹദ്റത്ത് ഹംസയെ ശഹീദാക്കിയ അതെ കുന്തം മുസയ്‌ലിമയുടെ നേർക്ക് എറിഞ്ഞു. ഒന്ന് അയാൾക്കുമേൽ തറച്ചു. മറ്റൊന്ന് അടുത്തുകൂടെ കടന്നുപോയി. തുടർന്ന് ഉടൻ തന്നെ അബൂദുജാന സിമാക്ക് ബിൻ ഖർശ അയാളുടെ നേരെ കുതിച്ചു. അയാൾക്കുമേൽ വാൾപ്രയോഗം നടത്തുകയും ചെയ്തു. അയാൾ തറയിൽ പതിച്ചു. കോട്ടയിൽനിന്ന് ഒരു സ്ത്രീ ഇങ്ങനെ വിളിച്ച് പറഞ്ഞു: 'സുന്ദരികളുടെ നേതാവിനെ ഒരു നീഗ്രോ അടിമ കൊന്നിരിക്കുന്നു.'*(അൽബിദായ വന്നിഹായ, വാല്യം 3, ഭാഗം 6, പേജ് 320, ദാറുൽകുതുബുൽ ഇൽമിയ്യ ലബ്നാൻ 2001)(അസ്സീറത്തുന്നബ് വിയ്യ ലി ഇബ്നി ഹിശാം പേജ് 528, ദാറുൽകുതുബുൽ ഇൽമിയ്യ 2001)*

ആരാണ് മുസയ്‌ലിമയെ നരകത്തിലേക്ക് പറഞ്ഞു വിട്ടതെന്നതിനെ കുറിച്ച് ബിലാദരി പറയുന്നു: ബനൂ ആമിർ ഗോത്രക്കാർ പറയുന്നത് അവരുടെ ഗോത്രത്തിലെ ഒരാളായ ഖിദാശ് ബിൻ ബശീർ അയാളെ കൊന്നു എന്നാണ്. മറ്റൊരു നിവേദനത്തിൽ അൻസ്വാറിലെ ഖദ്ജ് ഗോത്രത്തിലെ അബ്ദുല്ലാഹ് ബിൻ സയ്ദാണ് കൊന്നതെന്നും പറയുന്നു. വേറെ ചിലർ പറയുന്നത് ഹദ്റത്ത് അബൂദുജാനയാണ് വധിച്ചതെന്നാണ്. താനാണ് അയാളെ വധിച്ചതെന്ന് മുആവിയ ബിൻ അബൂസുഫിയാൻ പറയുന്നു. മറ്റു

ചിലരുടെ വീക്ഷണ പ്രകാരം ഇവർ എല്ലാവരും അയാളെ വധിക്കുന്നതിൽ ഭാഗഭാക്കായിട്ടുണ്ടാകാമെ എന്നാണ്. ത്വബ്രി അടക്കമുള്ള ഗ്രന്ഥങ്ങളിൽ നിന്നെല്ലാം മനസ്സിലാകുന്നത് മുസയ്‌ലിമയെ ഒരു അൻസ്വാരിയും നീഗ്രോവും ചേർന്നാണ് വധിച്ചതെന്നാണ്.*(അസിദ്ദീഖ്, പ്രൊഫസർ അലി മുഹ്സിൻ സിദ്ദീഖി, പേജ് 102-103)*

വഹ്ശി ബിൻ ഹർബ് മുസയ്‌ലിമയെ വധിച്ച സംഭവത്തെ കുറിച്ച് സ്വയം വിവരച്ചുകൊണ്ട് പറയുന്നു: ഉഹുദ് യുദ്ധത്തിൽ ഹദ്റത്ത് ഹംസയെ ശഹീദാക്കിയതിനുശേഷം ജനങ്ങൾ തിരിച്ച് പോരുമ്പോൾ ഞാനും അവരോടൊപ്പം തിരിച്ചുവരികയും മക്കയിൽ താമസിക്കുകയും ചെയ്തു. പിന്നീട് നബി(സ)തിരുമേനി മക്ക ഫതഹ് ആക്കുകയുണ്ടായി. അവിടെ ഇസ്‌ലാം പരന്നപ്പോൾ ഞാൻ ത്വാഇഫിലേക്ക് ഓടിപ്പോയി. ആളുകൾ നബി(സ) തിരുമേനിയുടെ അടുക്കലേക്ക് സന്ദേശവാഹകനെ അയച്ചു. എന്നോടു പറഞ്ഞു, നബി(സ)തിരുമേനി സന്ദേശവാഹകരിൽനിന്ന് മുഖം തിരിക്കാറില്ല.' അദ്ദേഹം പറയുന്നു: 'ഞാനും അവരോടൊപ്പം പുറപ്പെട്ടു, അതായത് വഹ്ശി. അങ്ങനെ നബി(സ)തിരുമേനിയുടെ അടുക്കലെത്തി. നബി(സ)തിരുമേനി എന്നെ കണ്ടപ്പോൾ ചോദിച്ചു. നിങ്ങൾ വഹ്ശിയാണോ? ഞാൻ പറഞ്ഞു: അതെ! നബി(സ)തിരുമേനി പറഞ്ഞു. ഇരിക്കൂ. നിങ്ങൾ എങ്ങനെയാണ് ഹംസയെ വധിച്ചതെന്ന് എനിക്ക് വിശദീകരിച്ചുതരിക. അപ്പോൾ ഞാൻ അതിന്റെ വിശദശാംശങ്ങൾ നബി(സ)തിരുമേനിക്ക് പറഞ്ഞു കൊടുത്തു. ഞാൻ സംസാരം നിറുത്തിയപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: താങ്കൾക്ക് എന്റെ മുന്നിൽ വരാതിരിക്കാൻ കഴിയില്ലേ? വഹ്ശി പറയുന്നു: 'ഞാൻ അവിടെ നിന്നു പുറത്തേക്ക് പോയി. പിന്നെ നബി(സ)തിരുമേനി വഫാത്താകുകയും മുസയ്‌ലിമ കദ്ദാബ് കലാപമുണ്ടാക്കുകയും ചെയ്തപ്പോൾ ഞാൻ പറഞ്ഞു, ഞാൻ തീർച്ചയായും മുസയ്‌ലിമക്കെതിരെ നീങ്ങുകയും അയാളെ വധിക്കുകയും ചെയ്യും. അതുമുഖേന ഹദ്റത്ത് ഹംസയെ വധിച്ചതിന്റെ പ്രായശ്ചിത്തം ചെയ്യുന്നതാണ്.' ഏതായാലും അദ്ദേഹം പറയുന്നു. ഞാനും ജനങ്ങളോടൊപ്പം ആ യുദ്ധത്തിനു പുറപ്പെട്ടു. പിന്നെ അയാളുടെ അവസ്ഥയെ സംബന്ധിച്ച് ഈ പറഞ്ഞതൊക്കെ സംഭവിച്ചു. പറയുന്നു, ഞാൻ കണ്ടത് ഒരാളെ ഭിത്തിയുടെ വിടവിൽ നിൽക്കുന്നതാണ്. ഒരു ഗോതമ്പുനിറമുള്ള ഒട്ടകത്തെപോലെ തോന്നിയിരുന്നു. അയാളുടെ തലമുടി ചിതറിയിരുന്നു. ഞാൻ അയാളെ കുന്തം കൊണ്ട് കുത്തി. അയാളുടെ നെഞ്ചിനകത്തേക്കാണ് കുത്തിയത്. അത് അയാളുടെ രണ്ടു തോളുകൾക്കും ഇടയിലൂടെ കടന്നു പോയി. ഏതായിരുന്നാലും അദ്ദേഹം പറയുന്നു, അതിനുശേഷം അൻസ്വാറിലെ ഒരു വ്യക്തി അയാളുടെ അടുത്തേക്ക് കുതിച്ചു. അയാളുടെ തലയിൽ വാളുകൊണ്ടു വെട്ടി. നിവേദകൻ സൽമാൻ ബിൻ യസാർ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിൽനിന്ന് കേട്ടതായി പറയുന്നു. മുസയ്‌ലിമ വധിക്കപ്പെട്ടപ്പോൾ ഒരു പെൺകുട്ടി വീടിന്റെ മട്ടുപ്പാവിലുണ്ടായിരുന്നു അവൾ പറഞ്ഞു: 'അമീറുൽ മുമിനീൻ അതായത് മുസയ്‌ലിമയെ നീഗ്രോ അടിമയാണ് കൊന്നത്. ഇത് ബുഖാരിയുടെ നിവേദനമാണ്.

വഹ്ശി പറയുന്നു: അല്ലാഹുവിനറിയാം ഞങ്ങൾ രണ്ടു പേർ അതായത് അൻസ്വാരി സ്വഹാബിയും ഹദ്റത്ത് വഹ്ശിയും ആരാണ് മുസയ്‌ലിമയെ കൊന്നതെന്ന്! എന്നാൽ, ഞാൻ ഒറ്റക്കാണ് അയാളെ കൊന്നതെങ്കിൽ നബി(സ)തിരുമേനിക്കുശേഷമുള്ള ഏറ്റവും ഉത്തമനായ വ്യക്തിയെ അതായത് ഹദ്റത്ത് ഹംസത്തിനെ വധിച്ചതും ഞാൻ തന്നെയായിരുന്നു. ഇപ്പോൾ ഏറ്റവും മോശം വ്യക്തിയെ വധിച്ചതും ഞാൻ തന്നെയാണ്. *(അസ്സീറത്തുന്നബ് വിയ്യ ലിഇബ്നി ഹിശാം പേജ് 528, തഹ് രീള് ഹിന്ദ് വന്നിസ്വത്തി മഅഹാ ദാറുൽകുതുബുൽ വഇൽമിയ്യ ബെയ്റൂത്ത് 2001)(സ്വഹീഹുൽ ബുഖാരി കിതാബുൽ മഗാസി, ബാബു ഖതല ഹംസത്ത് ബിൻ അബ്ദുൽമുത്ത്വലിബ്, നിവേദനം 4072)*

സ്വഹീഹ് ബുഖാരിയിലുള്ള രിവായത്തിൽ പറയുന്നു. നബി(സ)തിരുമേനി വഹ്ശിയോട് പറഞ്ഞു: താങ്കൾക്ക് എന്റെ മുന്നിൽ വരാതിരുന്നൂടേ? ഇതിന്റെ വിശദീകരണത്തിൽ ഹദ്റത്ത് സയ്യിദ് സയ്നുൽ ആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് എഴുതുന്നു: വഹ്ശിയിലുണ്ടായ മാറ്റം അദ്ദേഹത്തിന്റെ ആത്മാർഥതയ്ക്കുള്ള തെളിവാകുന്നു. എങ്ങനെയെങ്കിലും തന്റെ തെറ്റിനുള്ള പ്രായശ്ചിത്തമുണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അങ്ങനെ യമാമയുടെ ഭയാനകമായ യുദ്ധത്തിൽ തന്റെ ഈ ആഗ്രഹവും നേർച്ചയും പൂർത്തിയാക്കി സംതൃപ്തനായി. നിവേദകൻ എഴുതുന്നു, അതായത് ശാഹ് സാഹിബ്. നബി(സ) തിരുമേനിയുടെ വാക്കുകൾ ഫഹൽ തസ്തത്തീഉ അൻ തുഗയ്യിബ വജ്ഹക്ക അന്നീ നിനക്ക് എന്റെ മുന്നിൽ വരാതിരുന്നൂടേ എന്ന വാക്കുകൾ വളരെ ഉന്നതമായ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നു. വഹ്ശിയോട് ആഗ്രഹം പ്രകടപ്പിച്ചത് നിനക്ക് സാധ്യമാണെങ്കിൽ എന്റെ മുന്നിൽ വരരുതെന്നാണ്. ഈ ആശയപ്രകടനം കൽപന രീതിയിലുള്ളതായിരുന്നില്ല. മറിച്ച് അപേക്ഷയുടെ രൂപത്തിലായിരുന്നു. ഇതിൽ നിന്ന് നബി(സ)തിരുമേനിക്ക് ഹദ്റത് ഹംസത്തിനോട് ഉണ്ടായിരുന്ന സ്നേഹവും ആദരവും പ്രകടമാണ്. ഒരു പ്രതികാര സ്വഭാവമുള്ളയാൾക്ക് പ്രതികാരം ചെയ്തുകൊണ്ട് മനസ്സിന് സന്തോഷം നൽകാം. എന്നാൽ, നബി(സ)തിരുമേനി പൊറുത്തു കൊടുക്കുകയും തന്റെ മുന്നിൽ വരാതിരിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്തു. അങ്ങനെ ഹംസയുടെ(റ) വേദനാജനകമായ ശഹാദത്തിന്റെ ഓർമകൾ കാരണം നബി(സ)തിരുമേനിയുടെ ഹൃദയത്തിൽ അസ്വസ്ഥത ഉണ്ടാകരുതെന്നാണ് ആഗ്രഹിച്ചത്. *(സ്വഹീഹുൽബുഖാരി, മുത്തർജിം സയ്നിൽആബ്ദീൻ സാഹിബ്, വാള്യം 8, പേജ് 198-199)*

ഇതേ യമാമ യുദ്ധത്തിന്റെ വിശദീകരണം മറ്റൊരു സ്ഥലത്ത് ഇങ്ങനെ കാണാം. അതിൽ മുസ്‌ലിമീങ്ങളുടെ ധൈര്യത്തേയും ആർജ്ജവത്തെയും പരാമർശിച്ചുകൊണ്ട് പറയുന്നു: രണ്ടു കൂട്ടർക്കുമിടയിൽ ശക്തമായ യുദ്ധമുണ്ടായി. എത്രത്തോളമെന്നാൽ രണ്ടു വിഭാഗക്കാരുടെയും നിരവധി ആളുകൾ കൊല്ലപ്പെടുകയും പരിക്കേൽക്കുകയും ചെയ്തു. മുസ്‌ലിമീങ്ങളിൽനിന്ന് ഏറ്റവുമാദ്യം മാലിക് ബിൻ ഉവയ്സാണ് ശഹീദായത്. മുസ്‌ലിമീങ്ങളിൽ നിരവധി ഖുർആൻ ഹാഫിളുമാരും ശഹീദായി. രണ്ടു സൈന്യങ്ങൾക്കുമിടയിൽ അതിശക്തമായ പോരാട്ടം നടന്നു. മുസ്‌ലിമീങ്ങൾ മുസയ്‌ലിമയുടെ സൈന്യത്തിലും മുസയ്‌ലിമയുടെ സൈന്യം മുസ്‌ലിമീങ്ങളുടെ സൈന്യത്തിലും ഇടകലരുകയുണ്ടായി. മുസ്‌ലിമീങ്ങൾ പിന്മാറുമ്പോൾ അവർ മുന്നോട്ട് വരുകയും അവർ മുജ്ജാഅവരെ എത്താൻ ശ്രമിക്കുകയും ചെയ്തു. സാലിം മൗലാ അബൂഹുദയ്ഫ(റ) തന്റെ പകുതി കണങ്കാൽവരെ കുഴിയെടുത്തിട്ടുണ്ടായിരുന്നു. അദ്ദേഹത്തിൻറെ കൈയിൽ മുഹാജിരീങ്ങളുടെ പതാകയാണ് ഉണ്ടായിരുന്നത്. ഥാബിത്തും അതെ രീതിയിൽ തനിക്ക് വേണ്ടിയും കുഴി എടുത്തിരുന്നു. പിന്നെ അവർ രണ്ടുപേരും തങ്ങളുടെ കൊടികൾ ചേർത്തുപിടിച്ചു. ജനങ്ങൾ നാലു ഭാഗത്തേക്കും ചിതറിയോടി. എന്നാൽ, ഇവർ കുഴിയെടുത്ത് അതിൽ സ്വയം നിൽക്കുകയായിരുന്നു. കൊടികൾ തങ്ങളിലേക്ക് ചേർത്ത് പിടിച്ചിരുന്നു. സാലിമും ഥാബിത്തും തങ്ങളുടെ കൊടികളുമായി ഉറച്ചുനിന്നു. അങ്ങനെ സാലിം ശഹീദായി. അബൂഹുദയ്ഫയും ശഹീദായി. അബൂഹുദയ്ഫയുടെ ശിരസ്സ് സാലിമിന്റെ കാൽക്കീഴിലായിരുന്നു. സാലിം(റ)ന്റെ ശിരസ്സ് അബൂഹുദയ്ഫയുടെ കാൽക്കീഴിലുമായിരുന്നു. സാലിം ശഹീദായപ്പോൾ പതാക കുറച്ച് സമയം അങ്ങനെ തന്നെ നിലത്തുകിടന്നു. പിന്നീട് ബദ്‌രി സ്വഹാബിയായ യസീദ് ബിൻ ഖയ്സ് മുന്നോച്ചു വന്ന് ആ പതാകയെടുത്തു. അങ്ങനെ അദ്ദേഹവും ശഹീദായി. ശേഷം ഹക്കം ബിൻ സയീദ് ബിൻ ആസ്(റ) പതാകയേറ്റെടുത്തു. അതിന്റെ സംരക്ഷണത്തിന് പകൽ മുഴുവൻ യുദ്ധം ചെയ്തു. തുടർന്ന് അദ്ദേഹവും ശഹീദായി. വഹ്ശി പറയുന്നു: ശക്തമായ പോരാട്ടമാണ് നടന്നത്. മൂന്നു തവണ മുസ്‌ലിമീങ്ങളുടെ കാലുകൾക്ക് ഇളക്കം സംഭവിച്ചു. നാലാമത്തെ തവണ മുസ്‌ലിമീങ്ങൾ തിരിച്ച് യുദ്ധം ചെയ്തു. അവരുടെ പാദങ്ങൾ ഉറച്ചുനിന്നു. അവർ വാളുകൾക്ക് മുന്നിൽ ഉറച്ച് നിൽക്കുകയുണ്ടായി. ബനൂ ഹനീഫയുടെയും അവരുടെയും വാളുകൾ പരസ്പരം കൂട്ടിമുട്ടാൻ തുടങ്ങി. അതിൽ നിന്ന് തീപ്പൊരികൾ പാറിത്തുടങ്ങി. അവയുടെ ശബ്ദം മുഖരിതമായി. അല്ലാഹു ഞങ്ങൾക്കുമേൽ അനുഗ്രഹം ചൊരിഞ്ഞു. ബനൂ ഹനീഫയെ അല്ലാഹു പരാജയപ്പെടുത്തി. അല്ലാഹു മുസയ്‌ലിമയെ കൊല്ലുകയും ചെയ്തു. അദ്ദേഹം പറയുന്നു: ഞാൻ ആ ദിവസം എന്റെ വാൾ നല്ലപോലെ ഉപയോഗിക്കുകയുണ്ടായി. എത്രത്തോളമെന്നാൽ കൈയിലുണ്ടായിരുന്ന വാളിന്റെ കൈപ്പിടിയിൽ രക്തം നിറഞ്ഞു. ഹദ്റത്ത് ഇബ്നു ഉമർ(റ) പറയുന്നു: ഞാൻ, ഹദ്റത്ത് അമ്മാർ(റ) ഒരു കുന്നിൽ കയറി ഇങ്ങനെ വിളിച്ച് പറയുന്നതായി കേട്ടു. മുസ്‌ലിമീങ്ങളുടെ സമൂഹമേ! നിങ്ങൾ

സ്വർഗ്ഗത്തിൽനിന്ന് ഓടിപ്പോവുകയാണോ? ഞാൻ അമ്മാർ ബിൻ യാസിർ ആകുന്നു. എന്റെ അടുത്ത് വരുവിൻ. നിവേദകൻ പറയുന്നു: അദ്ദേഹത്തിന്റെ കാത് മുറിഞ്ഞു തൂങ്ങുന്നതായി ഞാൻ കണ്ടിരുന്നു. അബൂ ഹയ്ഥമ നജ്ജാരി പറയുന്നു: മുസ്‌ലിമീങ്ങൾ യമാമ യുദ്ധ ദിവസം ചിതറിപ്പിരിഞ്ഞപ്പോൾ ഞാൻ ഒരു ഭാഗത്തേക്കു മാറി. എന്റെ മുന്നിലിപ്പോഴും ഒരു ദൃശ്യമുണ്ട്. അതായത് ആ ദിവസം ഞാൻ ഹദ്റത്ത് അബൂദുജാനയെ കണ്ടിരുന്നു. അദ്ദേഹത്തിന്റെ പേര് സിമാക്ക് ബിൻ ഖർശ എന്നായിരുന്നു. 'അബൂദുജാന' എന്ന വിളിപ്പേരിലാണ് അറിയപ്പെട്ടിരുന്നത്. ഇദ്ദേഹം പ്രസിദ്ധനായ സ്വഹാബിയാകുന്നു. നബി(സ)തിരുമേനിയുടെ കൂടെ എല്ലാ യുദ്ധങ്ങളിലും ഭാഗഭാക്കായിരുന്നു. ഉഹുദ് യുദ്ധത്തിൽ നബി(സ)തിരുമേനി ഒരു വാൾ പിടിച്ചുകൊണ്ട് ചോദിച്ചു, ആരാണ് ഇത് യഥാവിധി ഉപയോഗിക്കുക? അബൂദുജാന പറഞ്ഞു: 'ഞാൻ അതിന് തയ്യാറാണ്.' നബി(സ)തിരുമേനി അദ്ദേഹത്തിന് ആ വാൾ നൽകുകയുണ്ടായി. ചില നിവേദനങ്ങളിൽ പറയുന്നു. അദ്ദേഹം ചോദിച്ചു. ഇതിന്റെ കടമ എന്താണ്? നബി(സ)തിരുമേനി പറഞ്ഞു; മുസ്‌ലിമീങ്ങളെ വധിക്കരുത്. കാഫിരീങ്ങളിൽനിന്ന് ഓടിപ്പോവുകയുമരുത്. ഹദ്റത്ത് അബൂദുജാന(റ) പതിവുപോലെ ചെമന്ന തലപ്പാവ് കെട്ടി. അഭിമാന വിജ്രംഭിതനായി ധാർഷ്ട്യത്തോടെ സഫ്ഫുകൾക്കിടയിലേക്ക് വന്നു നിന്നു. നബി(സ)തിരുമേനി പറഞ്ഞു: 'ഈ നടത്തം അല്ലാഹു ഇഷ്ടപ്പെടുന്നില്ല, പക്ഷേ, ഇത്തരം സന്ദർഭങ്ങളിൽ ഒരു പ്രശ്നവുമില്ല.' അദ്ദേഹം യുദ്ധരംഗത്ത് വളരെ ചുറുചുറുക്കോടെ പൊരുതുകയും നിരവധി കാഫിരീങ്ങളെ കൊല്ലുകയും ചെയ്തു. നബി(സ)തിരുമേനിയുടെ സംരക്ഷണത്തിൽ നിരവധി പരിക്കുകൾ ഏൽക്കുകയും ചെയ്തു. പക്ഷേ, രണാങ്കണത്തിൽ നിന്ന് പിൻമാറിയില്ല.

എന്തായാലും യമാമയുദ്ധത്തിന്റെ സംഭവങ്ങളെ കുറിച്ച് വിവരിക്കുന്നു. ബനൂ ഹനീഫയുടെ സമൂഹം അബൂദുജാനയെ ആക്രമിച്ചു. മുൻകഴിഞ്ഞ സംഭവം തന്നെയാണ് വിവരിക്കുന്നത്. അതായത് നബി(സ)തിരുമേനിയുടെ കാലത്ത് നടന്ന സംഭവം. ഇനി യമാമയിൽ എന്ത് സംഭവിച്ചു എന്ന് നോക്കാം. അദ്ദേഹത്തെ കുറിച്ച് എഴുതുന്നു: അദ്ദേഹത്തിനുമേൽ ഒരു വിഭാഗം ആക്രമണം നടത്തിയപ്പോൾ അദ്ദേഹം തന്റെ മുന്നിലും ഇടത്തും വലത്തും വാൾ ചുഴറ്റിക്കൊണ്ടിരുന്നു. അദ്ദേഹം ഒരു വ്യക്തിയെ ആക്രമിച്ചു. അയാളെ ഭൂമിയിൽ വീഴ്ത്തുകയും ചെയ്തു. അദ്ദേഹം ഒന്നും സംസാരിക്കുന്നുണ്ടായിരുന്നില്ല. അങ്ങനെ ആ വിഭാഗം അദ്ദേഹത്തിൽനിന്ന് ദൂരത്തുപോയി. തിരിച്ചുപോയി. മുസ്‌ലിമീങ്ങൾ സമീപസ്ഥരായി. ബനൂ ഹനീഫ പരാജയപ്പെട്ട് തോട്ടത്തിലേക്ക് ഓടിപ്പോയി. മുസ്‌ലിമീങ്ങൾ അവർക്ക് പിന്നാലെ കുതിച്ചു. അവരെ തോട്ടത്തിൽ ശരണം പ്രാപിക്കാൻ നിർബന്ധിച്ചു. അവർ തോട്ടത്തിന്റെ വാതിലടച്ചപ്പോൾ അബൂദുജാന പറഞ്ഞു: 'എന്നെ തൊട്ടിയിലാക്കി അകത്തേക്കിടുവിൻ. ഞാൻ അകത്തുപോയി തോട്ടത്തിന്റെ വാതിൽ തുറക്കാം. മുസ്‌ലിമീങ്ങൾ അങ്ങനെതന്നെ ചെയ്തു, അദ്ദേഹം തോട്ടത്തിൽ പ്രവേശിച്ചു. അദ്ദേഹം ഇങ്ങനെ പറയുന്നുണ്ടായിരുന്നു; 'നിങ്ങളുടെ ഓട്ടം നിങ്ങളെ ഞങ്ങളിൽനിന്ന് രക്ഷിക്കുന്നതല്ല.' അദ്ദേഹം അവരുമായി ശക്തമായി യുദ്ധം ചെയ്തു. എത്രത്തോളമെന്നാൽ കവാടം തുറന്നു. നിവേദകൻ പറയുന്നു: ഞങ്ങൾ തോട്ടത്തിൽ കടക്കുമ്പോഴേക്കും അദ്ദേഹം ശഹീദായിട്ടുണ്ടായിരുന്നു. മറ്റൊരു നിവേദനം അനുസരിച്ച് ബറാഅ് ബിൻ മാലികിനെയാണ് തോട്ടത്തിലേക്ക് ഇട്ടത്. എന്നാൽ, ആദ്യത്തെ നിവേദനമാണ് കൂടുതൽ ശരിയായി തോന്നുന്നത്. *(അൽഇക്തിഫാ, ഭാഗം 2, പേജ് 121-126, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് ഹിജ്റ 1420) (സ്വഹീഹ് മുസ്‌ലിം കിതാബു ഫളാഇലു സ്സ്വഹാബ ബാബു മിൻ ഫളാഇലു അബീ ദുജാജ ഹദീഥ് 6353)(കൻസുൽഉമ്മാൽ ഭാഗം4, പേജ് 339, ഹദീഥ് 10792, മുഅസ്സസ്സത്തുർരിസാല ബെയ്റുത്ത് 1985)*

ഇതിന്റെ വിശദീകരണവുമുണ്ട്. ബാക്കി പിന്നീട് വിവരിക്കുന്നതായിരിക്കും ഇൻശാ അല്ലാഹ്.

ഈ സമയത്ത് പാകിസ്താനുവേണ്ടി ദുആക്ക് പറയാൻ ആഗ്രഹിക്കുന്നു. അഹ്മദികൾക്കുവേണ്ടി പ്രത്യേകമായി ദുആ ചെയ്യുക. അവസ്ഥകൾ പൊതുവിൽ അസ്വസ്ഥമാകുന്നത് ഏതായാലും സംഭവിക്കുന്നു. പാകിസ്താനിലെ അഹ്മദികളുടെ ഭാഗത്തുനിന്നു ഇത്തരം അവസ്ഥയിൽ ശ്രദ്ധ ഉണ്ടാകാറുണ്ട്. എതിർപ്പ് വർധിച്ച് വരുന്നു. പഴയ ഖബറുകൾ മാന്താൻപോലും അവർ മടിക്കുന്നില്ല. വളരെ മോശമായ ജനങ്ങളാണ്. അല്ലാഹു തന്നെ അവരെ പിടികൂടുമാറാകട്ടെ. അതേപോലെ അൾജീരിയായിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. ഇപ്പോൾ അവരും വളരെ പ്രയാസത്തിലാണ്. അഫ്ഗാനിസ്താനിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എല്ലാവർക്കുമേലും അവന്റെ അനുഗ്രഹം ചൊരിയുമാറാകട്ടെ.

ഈ സമയത്ത് ഞാൻ ചില മർഹൂമീങ്ങളെ അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. തുടർന്ന് നമസ്കാരത്തിന് ശേഷം അവരുടെ ജനാസയും നമസ്കരിക്കുന്നതാണ്.

ഇതിൽ ആദ്യത്തെ അനുസ്മരണം മുബല്ലിഗ് ജനാബ് നസീം മഹ്ദി സാഹിബിനെ കുറിച്ചാണ്. അദ്ദേഹം മൗലാനാ അഹ്മദ് ഖാൻ നസീം സാഹിബിന്റെ മകനാണ്. കഴിഞ്ഞ ദിവസം 79-ാമത്തെ വയസ്സിൽ അദ്ദേഹം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ.* അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസി ആയിരുന്നു. അദ്ദേഹം രണ്ടു വിവാഹങ്ങൾ ചെയ്തിട്ടുണ്ട്. ആദ്യ ഭാര്യ വഫാത്തായിട്ടുണ്ടായിരുന്നു. സന്തപ്ത കുടുംബത്തിൽ അദ്ദേഹത്തിന്റെ രണ്ടാം ഭാര്യയും രണ്ടു ഭാര്യമാരിൽ നിന്നുമുള്ള ഈരണ്ടുവീതം ആൺ മക്കളും ഓരോരോ പെൺകുട്ടികളുമുണ്ട്. 1976-ലാണ് ഇദ്ദേഹം ജാമിഅ അഹ്മദിയ്യ റബ്‌വയിൽ നിന്ന് പാസായത്. പിന്നെ ഇസ്‌ലാഹോ ഇർശാദ് മഖാമി ഓഫീസിൽ സേവനം ചെയ്തു. 83-ൽ സ്വിറ്റ്സർലാണ്ടിൽ മുബല്ലിഗായി അയക്കുകയുണ്ടായി. അവിടെ അദ്ദേഹത്തിന് സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചു. 84-ൽ നാഇബ് വക്കീൽ തബ്ശീർ ആയി നിയമിതനായി. ഏതാനും മാസം ആക്ടിംഗ് വക്കീൽ തബ്ശീറായും സേവനം ചെയ്തിട്ടുണ്ട്. 84-ഡിസംബറിൽ ഇവിടെ ലണ്ടനിൽവന്നു. ഇവിടെ ലണ്ടനിൽ പ്രൈവറ്റ് സെക്രട്ടറിയായും സേവനം ചെയ്യുകയുണ്ടായി. പിന്നെ 85-ൽ ഏതാനും മാസങ്ങൾക്കു ശേഷം കാനഡയിലേക്ക് പുറപ്പെട്ടു. 85-മുതൽ 2008 വരെ മുബല്ലിഗായും. തുടർന്ന് കാനഡ മുബല്ലിഗ് ഇൻചാർജായും സേവനം ചെയ്തിട്ടുണ്ട്. ഈ കാലത്ത് അദ്ദേഹം കാനഡയുടെ അമീറുമായിരുന്നു. 2009 മുതൽ 2016 വരെ അമേരിക്കയിൽ ഇൻചാർജ് മുബല്ലിഗായും സേവനം ചെയ്തിട്ടുണ്ട്. പിന്നെ ഇദ്ദേഹം രോഗബാധിതനായി. അതു കഴിഞ്ഞ് അദ്ദേഹത്തെ വീണ്ടും സ്വിറ്റ്സർലാണ്ടിൽ നിയമിച്ചു. എന്നാൽ, അദ്ദേഹം എഴുതി. ഡോക്ടർമാർ എന്നോട് എന്റെ ആരോഗ്യപ്രശനം കാരണം കൂടുതൽ ഭാരിച്ച ജോലികൾ ചെയ്യരുതെന്ന് പറഞ്ഞിരിക്കുന്നു. അങ്ങനെ അദ്ദേഹം കാലപരിധിയില്ലാത്ത ലീവ് എടുത്തു. പിന്നെ ഞാൻ അദ്ദേഹത്തിനുവേണ്ടി ഇങ്ങനെയുള്ള ഒരു അവസ്ഥയാണെങ്കിൽ ഡോക്ടർമാർ ആരോഗ്യത്തെ സംബന്ധിച്ച് പറയുന്നുണ്ടെങ്കിൽ ആരോഗ്യവാനാകുമ്പോൾ പറയുക, ഇൻശാ അല്ലാഹ് താങ്കളുടെ സേവനം സ്വീകരിക്കുന്നതാണ്. പക്ഷേ, അദ്ദേഹത്തിന്റെ രോഗം വർധിച്ചു കൊണ്ടിരുന്നു.

ഞാൻ പറഞ്ഞ് വന്നതുപോലെ 1985-ൽ

**• അല്ലാഹുവിന്റെ കലാം •**

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."**

*(വിശുദ്ധ ഖുർആൻ 51:57)*

**• അല്ലാഹുവിന്റെ കലാം •**

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**

*(വിശുദ്ധ ഖുർആൻ 54:18)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

അദ്ദേഹം കാനഡയിലേക്ക് പോയി. 1986-ൽ ബയ്ത്തുൽ ഇസ്‌ലാം മിഷൻ ഹൗസിനു വേണ്ടി 24 ഏക്കർ സ്ഥലം വാങ്ങിച്ചിരുന്നു. പിന്നെ അതിന് അവിടെ ജനവാസമുള്ളതുമാക്കി. അദ്ദേഹത്തിന്റെ കാലത്ത് നിരവധി അഹ്മദികൾ കാനഡയിൽ വന്നു താമസമാക്കി. അദ്ദേഹം അവരെ ഒരുപാട് സഹായിച്ചിട്ടുണ്ട്. ഒരുപാടാളുകൾ അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു. ചന്ദയുടെയും തജ്നീദിന്റേയും സിസ്റ്റം അദ്ദേഹം കമ്പ്യൂട്ടറൈസ്ഡ് ആക്കി. ടൊറൊന്റോയിലും കാൽഗിരിയിലും രണ്ടു വലിയ മസ്ജിദുകൾ നിർമിച്ചു. നിരവധി ജമാഅത്തുകളിൽ സെന്ററുകൾ സ്ഥാപിച്ചു. എന്റെ അഭിപ്രായത്തിൽ ഒരു പക്ഷേ, വാൻകൂവറിൽ ഉള്ള മസ്ജിദും ഇദ്ദേഹത്തിന്റെ കാലത്തുതന്നെയാണ് നിർമിച്ചത്. ഏതായാലും ഈ രണ്ടു വലിയ മസ്ജിദുകളുണ്ട്. 2003-ൽ അദ്ദേഹത്തിന്റെ കാലത്തു തന്നെയാണ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ കാനഡയിലെ ജാമിഅ അഹ്മദിയ്യ തുടങ്ങിയത്. ദമേ നോർത്ത് അമേരിക്ക സ്റ്റേഷൻ സ്ഥാപിക്കുന്നതിനും അദ്ദേഹത്തിന് വലിയ പങ്കുണ്ട്. അല്ലാഹു അദ്ദേഹത്തിൻറെ എല്ലാ സേവനങ്ങളും സ്വീകരികുമാറാകട്ടെ.

അദ്ദേഹത്തിന്റെ ഭാര്യ അമത്തുന്നസീർ സാഹിബ് എഴുതുന്നു: 'നസീം മഹ്ദി സാഹിബുമായുള്ള 26-വർഷത്തെ ദാമ്പത്യ ജീവിതത്തിൽ ഞാൻ കണ്ടത്, എല്ലാ ദുഖത്തിലും വേദനയിലും നല്ലൊരു സുഹൃത്തായി അദ്ദേഹം അനുഭവപ്പെട്ടു. സ്നേഹവും ആദരവുമുള്ള ഭർത്താവ് ആയിരുന്നു. വാത്സല്യമുള്ള പിതാവും ത്യാഗ മനസ്കനായ സഹോദരനുമായിരുന്നു. മനുഷ്യത്വത്തോട് അനുകമ്പയുള്ള ആളുമായിരുന്നു. ഖിലാഫത്തിനെ ഏറെ ആദരിക്കുമായിരുന്നു. അല്ലാഹുവിൽ പരിപൂർണമായും ഭരമേൽപിക്കുന്ന വളരെ നല്ല മനുഷ്യൻ ആയിരുന്നു.' വീണ്ടും അദ്ദേഹത്തിന്റെ ഭാര്യ എഴുതുന്നു: 'ജനങ്ങളെ നിസ്വാർഥമായി സേവിച്ചിരുന്നു. മറ്റുള്ളവരോട് സ്നേഹത്തോടെ പെരുമാറിയിരുന്നു. ജമാഅത്തിനെതിരിൽ ഒരു സംസാരവും കേൾക്കുമായിരുന്നില്ല. ആർക്കും അദ്ദേഹത്തിന് മുന്നിൽ അങ്ങനെ പറയാൻ ധൈര്യവും ഉണ്ടായിരുന്നില്ല. വളരെ നല്ല ആതിഥേയനുമായിരുന്നു. സ്വലാത്ത് ചൊല്ലുന്നതിൽ പ്രത്യേക ശ്രദ്ധ ഉണ്ടായിരുന്നു.' അവർ പറയുന്നു: 'അദ്ദേഹം ഉംറക്ക് പോയപ്പോൾ താങ്കളെന്ത് ദുആയാണ് ചെയ്തതെന്ന് അദ്ദേഹത്തോടു ഞാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു: 'ഞാൻ അവിടെ സ്വലാത്ത് മാത്രമേ ഉരുവിട്ടുള്ളൂ.' അദ്ദേഹത്തിന്റെ മകൾ സഅ്ദിയ മഹ്ദി പറയുന്നു: 'എന്റെ പിതാവ് വളരെയേറെ ദുആ ചെയ്യുന്ന ആളായിരുന്നു. ഞാൻ എപ്പോഴെങ്കിലും ദുആക്കുവേണ്ടി പറഞ്ഞാൽ, എന്നോട് സ്വലാത്ത് ചൊല്ലാൻ പറയുമായിരുന്നു. എന്ത് പ്രശ്നത്തിന് ദുആക്ക് വേണ്ടി പറഞ്ഞാലും എപ്പോഴും സ്വലാത്ത് ചൊല്ലുന്നതിലേക്ക് ശ്രദ്ധ തിരിക്കുമായിരുന്നു. ഞാൻ ഒരു ദിവസം അദ്ദേഹത്തോട് ചോദിച്ചു. താങ്കൾ എപ്പോഴും സ്വലാത്ത് ചൊല്ലാനാണല്ലോ പറയുന്നത്. അപ്പോൾ പറയുന്നു, സ്വലാത്ത് ചൊല്ലുക. ഇതാണ് ഏറ്റവും വലിയ ദുആ. ഇത് സ്വീകരിക്കപ്പെടുകയാണെങ്കിൽ എല്ലാ ദുആയും സ്വീകരിക്കപ്പെടുന്നതാണ്.

അസ്മാ ശരീഫ് സാഹിബ പറയുന്നു: മഹ്ദി സാഹിബ് എന്റെ സഹോദരി ഭർത്താവ് ആയിരുന്നു. 22 വർഷമായി ഞാൻ അദ്ദേഹത്തെ വളരെ അടുത്ത് കണ്ടിട്ടുണ്ട്. വളരെ വാത്സല്യമുള്ള കാര്യങ്ങൾ നല്ല പോലെ ശ്രദ്ധിച്ചിരുന്നു. സ്നേഹപ്പൂർവം പെരുമാറിയിരുന്നു. കാലത്തിന്റെ ഖലീഫയുമായി സീമാതീതമായ ബന്ധമായിരുന്നു. അദ്ദേഹത്തിന്റെ സഹോദരി പറയുന്നു: 'അദ്ദേഹം സ്വിറ്റ്സർലാണ്ടിൽ മുബല്ലിഗ് ആയിരുന്നപ്പോൾ ഒരു സ്വിസ് പെൺകുട്ടി അഹ്മദിയായി. അവർ റബ്വ ജൽസ സാലനയിൽ വന്നിരുന്നു. റബ്വയിൽ ഞങ്ങളുടെ വീട്ടിലും വന്നു. അവർ പറഞ്ഞു: 'എനിക്ക് നസീം മഹ്ദി സാഹിബിന്റെ ഉമ്മയെ കാണണം. അവർ തന്റെ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു. ഇത്രയധികം ബുദ്ധിമാനായ ഒരു മനുഷ്യന്റെ മാതാവിനെ കാണാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹം വളരെ ചെറിയ കാലത്തിനുള്ളിൽ നിരവധി ഭാഷകളിൽ പ്രാവീണ്യം നേടി. ഒരു സങ്കോചവുമില്ലാതെ തബ്‌ലീഗ് പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു. വളരെ ഒഴുക്കോടെ ഏത് വിഷയവും സംസാരിക്കുമായിരുന്നു.

അദ്ദേഹത്തിന്റെ മകന്റെ ഭാര്യ പറയുന്നു: 'ഞങ്ങളോടെപ്പോഴും സ്വലാത്തിന്റെ പ്രാധാന്യത്തെ കുറിച്ചും അതുമുഖേന ദുആയുടെ സ്വീകാര്യത ഉണ്ടാകുന്നതിന് കുറിച്ചും പറഞ്ഞു തന്നിരുന്നു. അദ്ദേഹം ഒരിക്കൽ പറഞ്ഞു: 'ഞാൻ എയർപോർട്ടിൽ ലൈനിൽ നിൽക്കുകയായിരുന്നു. പാസ്സ്പോർട്ടിന്റെ കാലാവധി തീർന്നത് എനിക്കോർമ വന്നു. ഉടൻതന്നെ ഞാൻ സലാത്ത് ചൊല്ലാൻ തുടങ്ങി. ലൈനിൽതന്നെ നിൽക്കുകയും ചെയ്തു. കൗണ്ടറിൽ ഉണ്ടായിരുന്ന ആൾ പാസ്സ്പോർട്ട് നോക്കുകപോലും ചെയ്തില്ല. അങ്ങനെ തന്നെ മുന്നോട്ട് പോകാൻ അനുവദിച്ചു.

അദ്ദേഹത്തിന്റെ ജാമാതാവ് എഴുതുന്നു: എന്റെ വിവാഹം കഴിഞ്ഞതിനുശേഷം വളരെ സ്നേഹത്തോടെയും വാത്സല്യത്തോടെയുമാണ് പെരുമാറിയിരുന്നത്. സ്വന്തം കൈകൊണ്ട് ചായ ഉണ്ടാക്കി തരുമായിരുന്നു. ഫജ്ർ നമസ്കാരത്തിനു ശേഷം എന്റെകൂടെ ഇരിക്കുകയും വിശുദ്ധ ഖുർആനിലെ ഏതെങ്കിലും ആയത്തോ സംഭവമോ കേൾപ്പിച്ചുകൊണ്ട് അതിന്റെ തഫ്സീർ പറഞ്ഞു തന്നിരുന്നു. അങ്ങനെ വളരെ മനോഹരമായി ഞങ്ങൾക്ക് ശിക്ഷണം നൽകിയിരുന്നു.

അദ്ദേഹത്തിന്റെ മകൾ നവാൽ മഹ്ദി പറയുന്നു: ഞാൻ എപ്പോഴും അദ്ദേഹം വിശുദ്ധ ഖുർആനിൽ ശ്രദ്ധിക്കുന്നതിൽ തൽപരനായിട്ടാണ് കണ്ടത്. ഖുർആന്റെ സത്യസന്ധനായ പ്രേമിയായിരുന്നു. ഞങ്ങളോടും വളരെ ശ്രദ്ധാപൂർവം പാരായണം ചെയ്യാനും അതിന്റെ അർഥവും വിവക്ഷിതവും മനസ്സിലാക്കാൻ ശ്രമിക്കാനും പറഞ്ഞിരുന്നു. അങ്ങനെ ആയാൽ നിങ്ങൾക്ക് അല്ലാഹുവിന്റെ ശക്തിപ്രഭാവങ്ങൾ കാണാമെന്നും ഖുർആൻ പാരായണത്തിന്റെ ആനന്ദം ലഭിക്കാൻ തുടങ്ങുമെന്നും പറയുമായിരുന്നു. അവർ പറയുന്നു: അദ്ദേഹം കൃത്യമായി തഹജ്ജുദ് നമസ്കരിക്കുമായിരുന്നു. നിൽക്കുന്നതും റുകൂഉം സുജൂദും വളരെ നീണ്ടതായിരുന്നു. ഒരുപടു സമയവും അദ്ദേഹം നമസ്കാരത്തിൽ ചെലവഴിക്കുമായിരുന്നു. റമളാൻ മാസത്തിൽ ഖുർആൻ ദർസ് കൊടുക്കാൻ പ്രത്യേകം ഏർപ്പാട് ചെയ്യുമായിരുന്നു. വളരെ അധ്വാനിച്ച് ദർസ് തയ്യാറാക്കുമായിരുന്നു. ഇത് ജനങ്ങളും എഴുതിയിട്ടുണ്ട്. വിശുദ്ധ ഖുർആനിന്റെ പ്രയാസമുള്ള വാക്കുകളുടെ അർഥവും വിവക്ഷിതവും വിവരിച്ച് തന്നിരുന്നു. അത്തരം വാക്കുകളുമായി ബന്ധമുള്ള വാക്കുകൾ ജനങ്ങൾക്ക് എളുപ്പത്തിൽ മനസ്സിലാകുന്നതിന് വേണ്ടി പരാമർശിക്കുമായിരുന്നു.

കാനഡ ജമാഅത്തിന്റെ അമീർ ലാൽ ഖാൻ സാഹിബ് പറയുന്നു: കാനഡയുടെ മുൻ അമീറും മിഷണറി ഇൻചാർജും ആയിരുന്ന ഇദ്ദേഹത്തോടൊപ്പം 1987-മുതൽ ഒരു നീണ്ട കാലം പ്രവർത്തിച്ചിട്ടുണ്ട്. അല്ലാഹു അദ്ദേഹത്തെ ഒരുപാട് സൽഗുണങ്ങളാൽ അനുഗ്രഹിച്ചിരുന്നു. ജമാത്തിന്റെ സേവനത്തിൽ അതെല്ലാം ഉപയോഗപ്പെടുത്തിയത് അദ്ദേഹത്തിന്റെ സവിശേഷതയാണ്. സൗഹൃദം ഉണ്ടാക്കാനും അത് നിലനിറുത്താനും ആ ബന്ധങ്ങളെ ജമാഅത്തിന്റെ പ്രയോജനത്തിന് ഉപയോഗപ്പെടുത്താനും അല്ലാഹു അദ്ദേഹത്തിന് തൗഫീഖ് നൽകി. കനേഡിയൻ സൊസൈറ്റിയുടെ വിവിധ വിഭാഗങ്ങളുടെ സഹായത്താൽ അദ്ദേഹം അവരുമായി വ്യക്തിപരമായ ബന്ധം ഉണ്ടാക്കുകയും അവർക്ക് ജമാഅത്തിനെ പരിചയപ്പെടുത്തുകയും ചെയ്തിരുന്നു. മാശാ അല്ലാഹ് അക്കാര്യത്തിൽ അദ്ദേഹത്തിന് പ്രത്യേക പ്രാവീണ്യമായിരുന്നു. ആരുമായി ബന്ധം ഉണ്ടാക്കിയാലും വളരെ ആഴത്തിലുള്ളബന്ധമായിരുന്നു.മറ്റുള്ളവരും ആ ബന്ധം നിലനിറുത്തിയിരുന്നു. അദ്ദേഹത്തിന്റെ വഫാത്തിൽ ഇത്തരത്തിൽ നിരവധി അന്യരായ ആളുകളും അനുശോചിക്കുകയുണ്ടായി. ലാൽ ഖാൻ സാഹിബ് പറയുന്നു: പാകിസ്താനിൽ നിന്നും മറ്റു രാജ്യങ്ങളിൽ നിന്നും വരുന്ന ആളുകൾക്കും കുടുംബങ്ങൾക്കും മാർഗ്ഗദർശനവും സഹായവും നൽകാനുള്ള തൗഫീഖും അല്ലാഹു അദ്ദേഹത്തിന് നൽകി. മജ്‌ലിസെ ആമിലയുമായുള്ള മെമ്പർമാരുമായി അദ്ദേഹത്തിന് സുഹൃദ് ബന്ധമാണുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ ഇമാറത്തിൽ ഏകദേശം 20 വർഷം സേവനം ചെയ്യാൻ എനിക്ക് തൗഫീഖ് ലഭിച്ചിട്ടുണ്ട്. അതിന്നിടയിൽ അദ്ദേഹം ഒരിക്കലുംതന്നെ ഞാൻ അദ്ദേഹത്തിന്റെ കീഴിലാണെന്നു തോന്നാൻ ഇടവരുത്തിയിട്ടില്ല. മറിച്ച് ഞാനുമായി സുഹൃദ് ബന്ധമാണ് ഉണ്ടായിരുന്നത്.

ഡോക്ടർ അസ്ഫന്ദ് ദാവൂദ് സാഹിബ് പറയുന്നു: നസീം മഹ്ദി സാഹിബിന് ഓർഡർ ഓഫ് ontariyo യുടെ ബഹുമതി 2009-ൽ കിട്ടി. അത് ആ സംസ്ഥാനത്തിൽ ഒരു പൗരന് നൽകുന്ന ഏറ്റവും ഉയർന്ന ബഹുമതിയാണ്. ഈ അവാർഡ് ഏതെങ്കിലും രംഗത്ത് വിജയത്തിനും ഉയർന്ന സേവനത്തിനുമാണ്

നൽകപ്പെടുന്നത്. പറയുന്നു: അദ്ദേഹം അമേരിക്കയിലേക്ക് മാറിയപ്പോൾ ഒരിക്കൽ ജൽസ സാലാനയിൽ അദ്ദേഹത്തെ കണ്ടുമുട്ടി. അപ്പോൾ അദ്ദേഹം ഉപദേശിച്ചുകൊണ്ട് പറഞ്ഞു. നിങ്ങൾ ഇപ്പോഴുള്ള അവസ്ഥയിൽ എത്രമാത്രം ജനങ്ങളെ സേവിക്കാൻ കഴിയുമോ അത് ചെയ്യുക. ജമാഅത്തിലെ ഏത് വ്യക്തിയും എപ്പോൾ താങ്കളുടെ അടുക്കൽ വന്നാലും അദ്ദേഹത്തെ സഹായിക്കുക. ഒരിക്കലും ആട്ടിവിടരുത്. എന്താണോ ചെയ്യാൻ കഴിയുന്നത് അത് ചെയ്യുക. ചിലപ്പോൾ ആളുകൾക്ക് ശരിയായി പറയാൻ കഴിയണം എന്നില്ല. അവരുടെ കാര്യങ്ങൾ രഹസ്യമായി മനസ്സിലാക്കി അവർക്ക് സേവനം ചെയ്യുക. പറയുന്നു: ഞാനെപ്പോഴും അദ്ദേഹം ആവശ്യക്കാരെ സഹായിക്കുന്നതായി കണ്ടിട്ടുണ്ട്. അദ്ദേഹം ആവശ്യക്കാർക്ക് ഒരിക്കലും ലജ്ജ ഉണ്ടാകാൻ ഇടവരുത്താതെ രഹസ്യമായിട്ടാണ് സഹായിച്ചിരുന്നത്.

മുറബ്ബി സിൽസില ശക്കൂർ സാഹിബ് എഴുതുന്നു: അദ്ദേഹത്തിന്റെ ഒരുപദേശം എന്റെ മനസ്സിൽ നിറച്ചിട്ടുണ്ട്. ഒരുപാട് കാര്യങ്ങളുണ്ട്. ഞാൻ ജാമിഅയിൽ രണ്ടാം വർഷ വിദ്യാർഥിയായിരുന്നു. ഒരിക്കൽ അസ്ർ നമസ്കാര സമയത്ത് ഞാൻ ചെരിപ്പിട്ടു മസ്ജിദിൽപോയി. അദ്ദേഹം എന്നോട് പറഞ്ഞു: വഖ്ഫ് ചെയ്ത ആളുകൾ എല്ലാ കാര്യത്തിനും തയ്യാറായിട്ട് മാത്രമേ വീട്ടിൽ നിന്നിറങ്ങാവൂ. എപ്പോൾ എന്ത് കൽപന കിട്ടിയാലും നിങ്ങളത് ഉടൻ തന്നെ ചെയ്യാൻ തയ്യാറായിരിക്കണം. വീട്ടിൽ പോയി തയ്യാറായി വരാം എന്ന് പറയാൻ ഇടവരുത്തരുത്. മാനസികമായി തയ്യാറാകുന്നതോടൊപ്പം തന്നെ ഭൗതീകമായും എപ്പോഴും തയ്യാറായിരിക്കണം.

അമേരിക്കയിലെ മുറബ്ബി സിൽസില ഫിറാസത്ത് ഖമർ സാഹിബ് പറയുന്നു: മഹ്ദി സാഹിബ് ജാമിഅയിലേക്ക് ഇന്റർവ്യൂ നടത്തിക്കൊണ്ട് ഒരു ചോദ്യം ചോദിച്ചു: 'നിങ്ങളെ ആഫ്രിക്കയിലേക്ക് മുബല്ലിഗ് ആയി അയക്കുകയും അവിടെ പ്രാദേശികമായി എതിർപ്പ് ഉണ്ടാകുകയാണെങ്കിൽ നിങ്ങൾ ആരെയാണ് ആദ്യമായി ബന്ധപ്പെടുക? മാതാവിനെയാണോ അതോ ഖലീഫത്തുൽ മസീഹിനെയാണോ? ഞാൻ ആലോചിക്കാതെ ഉടൻതന്നെ പറഞ്ഞു ; ഖലീഫത്തുൽ മസീഹിനെ!മഹ്ദി സാഹിബ് പറയുന്നു: ഞാൻ ഈ കാര്യം കൊണ്ടുമാത്രം നിങ്ങളെ ജാമിഅയിൽ പ്രവേശിക്കാൻ ശിപാർശ ചെയ്യുകയാണ്. നിങ്ങൾ പറഞ്ഞതാണ് ശരിയായ മറുപടി.'

മിഷൻ ഹൗസിലെ സെക്രട്ടറി കേണൽ ദീദാർ സാഹിബ് പറയുന്നു: 'നസീം മഹ്ദി സാഹിബിന് ഖലീഫമാരോടുള്ള അനുസരണത്തിന്റെ വികാരം പ്രത്യേകം പ്രകടമായിരുന്നു. അദ്ദേഹത്തിന്റെ സേവനങ്ങളിൽ ഒന്ന് പീസ് വില്ലേജിന്റെ സ്ഥാപനമാണ്. ഇത് രൂപപ്പെടാനുണ്ടായ കാരണം എന്തെന്നാൽ കാനഡയുടെ ജൽസ സാലാന മസ്ജിദ് ബയ്ത്തുൽ ഇസ്ലാമിനോട് ചേർന്നുള്ള മൈതാനത്തിലാണ് അന്ന് നടന്നിരുന്നത്. ആ സമയത്ത് അടുത്തുള്ള കൃഷി ഭൂമിയുടെ ഉടമസ്ഥ ജൽസയുടെ അവസരത്തിൽ അതിന്റെ ബഹളം കാരണം തനിക്ക് അസ്വസ്ഥത ഉണ്ടെന്നും ലങ്കറിൽനിന്ന് വരുന്ന മണം അസഹനീയമാണെന്നും പരാതിപ്പെട്ടുകൊണ്ടിരുന്നു. ഏതായാലും കുറച്ച് സമയത്തിനകംതന്നെ സർക്കാർ കൃഷി ഭൂമി തട്ടുകളായി തിരിച്ച് വാസസ്ഥലമായി മാറ്റുകയുണ്ടായി. വാസസ്ഥലമായപ്പോൾ നസീം മഹ്ദി സാഹിബ് ഏറെ ചിന്താകുലനായി. ഇതുവരെ ഒരു വീടിന്റെ ഉടമസ്ഥയാണ് അസ്വസ്ഥയായി കൊണ്ടിരുന്നത്. ഇനി നിരവധി ഉടമസ്ഥന്മാർ വരും. വളരെ പ്രയാസമാവുകയും ചെയ്യും. നിരവധി വീടുകൾ വരുന്നതാണ്. അദ്ദേഹം ഈദിന്റെ അവസരത്തിൽ ജമാഅത്തിന് മുന്നിൽ ഒരു സ്കീം സമർപ്പിച്ചുകൊണ്ട് പറഞ്ഞു: 'എന്തുകൊണ്ട് ഇവിടെയുള്ള എല്ലാ വീടും അഹ്മദികളുടേത് ആയിക്കൂടാ? അഹ്മദികൾ ഈ സ്ഥലം വാങ്ങണം. അങ്ങനെ അഹ്മദികൾ ഈ ആഹ്വാനത്തിന് ലബ്ബൈക്ക് പറയുകയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ 'പീസ്‌വില്ലേജ്' സ്ഥാപിതമാകുകയും ചെയ്തു.

മുറബ്ബി സിൽസില സീശാൻ ഗോരാഇയ സാഹിബ് പറയുന്നു: 'നിരവധി യുവാക്കൾ അദ്ദേഹത്തിൽ നിന്ന് ശിക്ഷണം കരസ്ഥമാക്കിയവരാണ്. അദ്ദേഹത്തിന്റെ തർബിയ്യത്തിന്റെ ഫലമാണ് ഇന്ന് ഞങ്ങൾ വിവിധ നാടുകളിൽ മുറബ്ബിമാരായി സേവനം ചെയ്യുന്നത്. അദ്ദേഹത്തിന്റെ തർബിയ്യത്തിന്റെ ഫലമായി ഞങ്ങൾ ഖിലാഫത്തിനോടുള്ള സ്നേഹം എന്താണെന്ന് പഠിക്കുകയും അനുസരണത്തിന്റെ ആത്മാവ്ഞങ്ങൾക്കുള്ളിൽ വളരുന്നത് അനുഭവിക്കുകയും ചെയ്യുന്നു. കാനഡ ഉമൂറെ ഖാരിജ സെക്രട്ടറി ആസിഫ് ഖാൻ സാഹിബ് പറയുന്നു: 'ഞാൻ പതിമൂന്നാമത്തെ വയസ്സിലാണ് 'വാൻ' എന്ന സ്ഥലത്ത് വന്നത്. ആ സമയത്ത് മിഷൻ ഹൗസിന്റെ ചുറ്റുപാടും ഒരു ഡസനിൽ താഴെ അഹ്മദികളെ ഉണ്ടായിരുന്നുള്ളു. എനിക്ക് ആ സമയത്ത് ജമാഅത്തുപരമായി അറിവും കുറവായിരുന്നു. മഹ്ദി സാഹിബ് എന്നോട് മകനെപോലെ വാത്സല്യം കാണിച്ചു. എന്റെ ഉസ്താദായി മാറി. ബാസ്കറ്റ് ബോൾ കളിക്കുകയും ഞങ്ങൾക്ക് ജമാഅത്തിൽ അധ്യാപനം നൽകുകയും ചെയ്തിരുന്നു. ഞാൻ എനിക്ക് ബുദ്ധി ഉറച്ചതുമുതൽ എന്നെ വിവിധ രാഷ്ട്രീയക്കാരുമായി ബന്ധം ഉണ്ടാക്കാനുള്ള ജമാഅത്തി ജോലി ഏല്പിച്ചു. ഇങ്ങനെ ഇന്നും അദ്ദേഹം വളരെ നല്ല സേവനമാണ് ചെയ്യുന്നത്. പറയുന്നു: എല്ലാ ശിക്ഷണവും ഞാൻ അദ്ദേഹത്തിൽ നിന്നാണ് നേടിയത്. അമേരിക്കൻ ജമാഅത്ത് അമീർ മിർസാ മഗ്ഫൂർ അഹ്മദ് സാഹിബ് പറയുന്നു: '2016-ൽ മുബല്ലിഗ് ഇൻചാർജ് നാഇബ് അമീർ എന്ന നിലക്ക് സേവനം ചെയ്യാൻ അദ്ദേഹത്തിന് തൗഫീഖ് ലഭിച്ചു. അമേരിക്കയിൽ വളരെ നല്ല സേവനമാണ് അദ്ദേഹം ചെയ്തത്. പര്യടനങ്ങൾ നടത്തിയിരുന്നു. വിവിധ സംസ്ഥാനങ്ങളിൽ പര്യടനം നടത്തി തബ്ലീഗ് പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കാൻ ശ്രമിച്ചു. ഇതിന്നിടയിൽ അദ്ദേഹത്തിന് മീഡിയയും വിവിധ കമ്പനികളും മുഖേന ഇസ്ലാം അഹ്മദിയ്യത്തിന്റെ സന്ദേശം അമേരിക്കയിൽ പരത്താൻ തൗഫീഖ് ലഭിച്ചു. മെക്സിക്കോയിൽ ജമാഅത് സ്ഥാപിക്കുന്നതുമായി ബന്ധപെട്ട് കേന്ദ്ര നിർദേശത്തിന്റെ വെളിച്ചത്തിൽ അവിടെ മിഷൻ ഹൗസ് ഉണ്ടാക്കുന്നതിനും തൗഫീഖ് ലഭിച്ചു.

അമേരിക്കയിലെ തബലീഗ് സെക്രട്ടറി വസീം സയ്യിദ് സാഹിബ് പറയുന്നു: 'മർഹൂം എല്ലാവരോടും സ്നേഹവും സൗഹാർദവും നില നിറുത്തിയിരുന്നു. അക്കാര്യത്തിൽ മുൻകൈ എടുത്തിരുന്നു. ഇസ്ലാമിക സേവനത്തിന് എല്ലാവരെയും കൂടെ നിറുത്താനുള്ള രീതി അറിയാമായിരുന്നു. അമേരിക്കയിൽ വന്നതിനുശേഷം, എല്ലാ വർഷവും നടക്കുന്ന സെപ്റ്റംബർ 11-നോടനുബന്ധിച്ച പ്രോഗ്രാമിൽ ഇസ്ലാമിക സന്ദേശം പരത്താനുള്ള സന്ദർഭമാക്കി മാറ്റി. മുസ്ലിം ഫോർ ലൈഫ് മുഹമ്മദ് messenger ഓഫ് പീസ് എന്നിങ്ങനെ നബി(സ)തിരുമേനിയുടെ ജീവിതത്തെ സംബന്ധിച്ചുള്ള പ്രോഗ്രാമുകൾ ആവിഷ്കരിച്ചു. അമേരിക്കയിലെ 56 യൂണിവേഴ്സിറ്റികളിൽ ഈ വിഷയത്തെ കുറിച്ച് പ്രഭാഷണങ്ങൾ നടത്തി. ലൈഫ് ഓഫ് മുഹമ്മദ് എന്ന ഗ്രന്ഥം വിശാലമായ തരത്തിൽ ഈ പ്രഭാഷണത്തിൽ പങ്കെടുക്കുന്ന ആളുകൾക്ക് ഉപഹാരമായി നൽകുകയും ചെയ്തു. 'മുസ്‌ലിം ഫോർ ലോയൽറ്റി' എന്ന പേരിലും പരിപാടികൾ ആവിഷ്കരിച്ചു. വിവിധ യൂണിവേഴ്സിറ്റികളിൽ പ്രഭാഷണങ്ങൾ നടത്തി. പ്രാദേശിക സർക്കാർ കേന്ദ്രങ്ങളുമായി മീറ്റിങ്ങുകൾ നടത്തുകയും ഇസ്ലാമിക സന്ദേശം പ്രചരിപ്പിക്കുകയും ചെയ്തു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാലിസ്(റഹ്) ജൽസ സാലാനയുടെ അവസരത്തിൽ തന്റെ പ്രസംഗത്തിൽ സ്വിറ്റ്സർലാൻഡിലെ മിഷനിലെ പ്രവർത്തനങ്ങളിൽ ജമാഅത്തിനെ പരിചയപ്പെടുത്തിക്കൊണ്ടുള്ള ഫോൾഡർ സ്കീമിൽ മഹ്ദി സാഹിബിന്റെപ്രവർത്തനങ്ങളെപരാമർശിച്ച് കൊണ്ട് പറഞ്ഞു: 'സ്വിറ്റ്സർലാൻഡിലെ കുന്നുകളിൽ മൃഗങ്ങളെ വളർത്തുന്ന മൂന്ന് ഗോത്രങ്ങളുണ്ട്. മൂന്ന് കൂട്ടരുടെയും ഭാഷ വ്യത്യസ്തമാണ്. 28000-ത്തോളമാണ് അവരുടെ ജനസംഖ്യ. ഒരു വിഭാഗം അതിലും കുറവാണ്. ഏതായാലും പറയുന്നു: 'യാദൃച്ഛികമായി 28000 ആളുകളുടെ ഭാഷയിൽ ഫോൾഡർ പ്രസിദ്ധീകരിച്ചു. നസീം മഹ്ദി സാഹിബിന് അല്ലാഹു തക്കതായ പ്രതിഫലം നൽകുമാറാകട്ടെ. ഞാനുമായി കൂടിയാലോചിച്ചതിനുശേഷം 8000 ഫോൾഡർ ഓരോ വീട്ടിലും എത്തിച്ചു. അവിടെ ഈ പ്രദേശത്തുള്ള ഓരോ വീട്ടിലും അത് എത്തിയപ്പോൾ ബഹളം ഉണ്ടാകുകയും രണ്ടു പത്രങ്ങൾ വളരെ ശക്തമായി വിമർശിക്കുകയും ചെയ്തു. ഞാൻ പറഞ്ഞു: 'നല്ലപോലെ താങ്കൾക്ക് അനുകൂലമായി ദുആ ഉണ്ടായിരിക്കുന്നു . ലക്ഷക്കണക്കിന് ഫോൾഡർ ആണ് വിതരണം ചെയ്യപ്പെട്ടത്. ഏതായിരുന്നാലും ഈ സംക്ഷിപ്ത റിപ്പോർട്ട് ഖലീഫത്തുൽ മസീഹ് ഖാലിസ് ജൽസയിൽ കേൾപ്പിക്കുകയുണ്ടായി. അല്ലാഹു അദ്ദേഹത്തോട് പൊറുമയും കരുണയും കാണിക്കുമാറാകട്ടെ.

തുടരും

# ഭരണാധികാരിക്ക് നബി(സ)തിരുമേനിയുടെ ഉത്തമ മാതൃക

2021 ഖാദിയാൻ ജൽസസാലാനയിൽ ചെയ്ത പ്രസംഗം

**മുഹമ്മദ് ഇനാം ഗോറി,**
നാളിർ അഅ്ലാ സദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ

**വിവർത്തനം: മൗലവി സഫ്ർ അഹ്മദ്,** കോഴിക്കോട്

അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു: ***ഇന്നല്ലാഹ യഅ്മുറുക്കും അൻതുഅദ്ദുൽഅമാനാത്തി ഇലാ അഹ്‌ലിഹാ വ ഇദാ ഹകംതും ബയ്ന ന്നാസി അൻതഹ്കുമു ബിൽഅദ്‌ലി ഇന്നല്ലാഹ നിയിമ്മാ യയിളുക്കും ബിഹീ ഇന്നല്ലാഹ കാന സമീഅൻ ബസ്വീറൻ(4:59)***

അർഥം: നിശ്ചയമായും അല്ലാഹു അമാനത്തുകൾ അവയുടെ അവകാശികൾക്ക് ഏല്പിക്കണമെന്ന് നിങ്ങളോടു കല്പിക്കുന്നു. ജനങ്ങൾക്കിടയിൽ നിങ്ങൾ വിധികല്പിക്കുമ്പോൾ നീതിപൂർവം നിങ്ങൾ വിധികല്പിക്കണം. അല്ലാഹു നിങ്ങളോടു ഉപദേശിക്കുന്നതെന്തോ അത് ഏറ്റവും ഉത്തമമായതാകുന്നു.നിശ്ചയമായും അല്ലാഹു വളരെ കേൾക്കുന്നവനും നല്ലപോലെ കാണുന്നവനുമാകുന്നു.

***അല്ലദീന ഇൻ മക്കന്നാഹും ഫിൽഅർളി അഖാമുസ്സ്വലാത്ത വ ആത്തവുസ്സക്കാത്ത വ അമറൂ ബിൽമഅ്റൂഫി വ നഹൗ അനിൽമുൻകറി വ ലില്ലാഹി ആഖിബത്തുൽ ഉമൂരി (22:42)***

അർഥം: ഭൂമിയിൽ നാം അവർക്ക് സ്വാധീനം നല്കിയാൽ നമസ്കാരം നിലനിറുത്തുകയും സക്കാത്ത് കൊടുക്കുകയും നല്ല കാര്യങ്ങൾ കൽപിക്കുകയും നിഷിദ്ധ കാര്യങ്ങൾ നിരോധിക്കുകയും ചെയ്യുന്നവരായിരിക്കും അവർ. സകല കാര്യങ്ങളുടേയും പര്യവസാനം അല്ലാഹുവിങ്കലാകുന്നു.

***ഇന്ന ലക്ക അല്ലാ തജൂഅ ഫീഹാ വലാ തഅ്റാ. വ അന്നക്ക ലാ തള്‌മഉ ഫീഹാ വലാ തള്ഹാ (20:119,120)***

അർഥം: തീർച്ചയായും നിനക്കിതിൽ വിശക്കേണ്ടതില്ല. നഗ്നനാകേണ്ടതുമില്ല. തീർച്ചയായും നിനക്കിതിൽ ദാഹമുണ്ടാവുകയില്ല. വെയിലിന്റെ ഉഷ്ണമേൽക്കുകയുമില്ല.

ഞാൻ പാരായണം ചെയ്യുകയും അർഥം പറയുകയും ചെയ്ത ഈ മൂന്ന് ആയത്തുകളിൽ ഏതു ഭരണകൂടത്തിന്റെ കീഴിലുള്ള സാധാരണക്കാർക്കും ഭരണാധികാരികൾക്കുമുള്ള, അവർ ഏതു നിലയിലുള്ള ഭരണാധികാരിയായാലും രണ്ടുപേർക്കും വേണ്ടിയുള്ള വ്യക്തമായ സന്ദേശവും പ്രവർത്തന രൂപരേഖയും നൽകിയിരിക്കുന്നു.

പൊതുജനങ്ങൾക്കുള്ള ഉപദേശം, ജനാധിപത്യ തിരഞ്ഞെടുപ്പിന്റെ രീതി തികച്ചും സത്യസന്ധമായ നിലയിലായിരിക്കണമെന്നതാണ്. വെറും സത്യസന്ധരായ ആളുകളെ മാത്രമല്ല മറിച്ച് സമൂഹത്തിന്റെ ഉത്തരവാദിത്വം ശരിയായ നിലയിൽ നിറവേറ്റുന്ന ആളുകളെ തിരഞ്ഞെടുക്കാൻ വേണ്ടി ശ്രമിക്കേണ്ടതാണ്. ഭരണം നിലവിൽ വന്നാൽ ഭരണാധികാരിക്കുള്ള ഉപദേശം, പരിപൂർണമായ നീതിയോടുകൂടി, വർഗവർണ വിവേചനമില്ലാതെ പ്രജകളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുകയെന്നതാണ്.

പൊതുജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ എത്തിക്കാനുള്ള നടപടി സ്വീകരിക്കുകയെന്നതാണ് പ്രഥമമായ കാര്യം. അടിസ്ഥാനപരമായ ആവശ്യമെന്നത് ആരും പട്ടിണിയിലാവരുത്, കുടിക്കാൻ ശുദ്ധമായ വെള്ളം എത്തിക്കാൻ ശ്രമിക്കുക. ശരീരം മറക്കാൻ വസ്ത്രവും താമസിക്കാൻ ഭരണകൂടത്തിന്റെ മാധ്യമങ്ങൾക്കനുസരിച്ച് വീടും എത്തിച്ചുകൊടുക്കുക എന്നതാണ്. ഇസ്‌ലാം ഈ ഉദ്ദേശ്യത്തിനുവേണ്ടിയാണ് സക്കാത്തിന്റേയും ജിസ്‌യയുടേയും വ്യവസ്ഥിതി കൊണ്ടുവന്നിട്ടുള്ളത്.

ഇതിനുശേഷം ഭരണകൂടത്തിന്റെ ഉത്തരവാദിത്വം പൊതുജനങ്ങളുടെ വിശ്വാസത്തിന്റേയും രീതിയുടേയും അടിസ്ഥാനത്തിൽ അവർക്ക് ആരാധന നടത്താനുള്ള സ്വാതന്ത്ര്യം നൽകുക, മസ്ജിദുകളും ക്രിസ്ത്യൻ പള്ളികളും മഠങ്ങളും മന്ദിരങ്ങളും സംരക്ഷിക്കുക, പൊതുജനങ്ങൾ സ്വന്തമായും മറ്റുള്ളവരോടും സദ്ഭാവനയേയും ധാർമികതയേയും നീതിയേയും ഉപദേശിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കാൻ ശ്രമിക്കുകയും സ്വന്തമായും മറ്റുള്ളവരേയും എല്ലാ അനിഷ്ടകാര്യങ്ങളിൽനിന്നും ഭൗതികമായോ, മതപരമായോ ധാർമികപരമായോ സമൂഹപരമായോ സാമ്പത്തികപരമായോ എല്ലാ കാര്യങ്ങളും തടയാൻ ശ്രമിക്കുകയും ചെയ്യുക എന്നുള്ളതാണ്.

ഈ ചുരുങ്ങിയ ആമുഖത്തിനുശേഷം ഒരു ഭരണകർത്താവ് എന്ന നിലയിൽ സയ്യുദിനാ അബ്ദസ് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ മാതൃക എന്തായിരുന്നുവെന്ന് നമുക്ക് പരിശോധിക്കാം.

നുബുവ്വത്ത് വാദത്തിനുശേഷം മക്കയിൽ അങ്ങേയറ്റം പീഢനങ്ങളുടേയും ക്ലേശങ്ങളുടേയും നീണ്ട 13 വർഷം കഴിച്ചുകൂട്ടുകയും പിന്നീട് അല്ലാഹുവിന്റെ കല്പന പ്രകാരം മദീനയിലേക്ക് പലായനം ചെയ്യുകയും ചെയ്തു. മദീനയിൽ എത്തിയയുടനെ സംഘം ചേർന്നുകൊണ്ട് നമസ്കരിക്കുന്നതിനായി ഒരു മസ്ജിദ് നിർമ്മിക്കണമെന്നതായിരുന്നു നബി(സ) തിരുമേനിക്കുണ്ടായിരുന്ന ചിന്ത. അങ്ങനെ ആദ്യമായി അദ്ദേഹത്തിന് കുറച്ചു ദിവസം തങ്ങേണ്ടിവന്ന 'ഖുബ' എന്ന സ്ഥലത്ത് ആദ്യത്തെ മസ്ജിദ് നിർമ്മിച്ചു. പിന്നീട് മദീനയിൽ എത്തിയയുടനെ രണ്ട് അനാഥ കുട്ടികളുടെ സ്ഥലം വിലക്ക് വാങ്ങി അവിടെ മസ്ജിദിന് തറക്കല്ലിട്ടു. അങ്ങേയറ്റം ലളിതവും എന്നാൽ, വീതിയും വിശലവുമുള്ള ഈന്തപ്പനശാഖ കൊണ്ട് മേൽക്കൂരയുള്ള ഒരു മസ്ജിദ് നിർമ്മിച്ചു. ഇപ്രകാരം നാം ഇവർക്ക് ഭൂമിയിൽ ശക്തി നൽകിയാൽ ഇവർ നമസ്കാരം നിലനിറുത്തുന്നു എന്ന ദൈവിക കല്പന പാലിച്ചുകൊണ്ട് സംഘം ചേർന്നുകൊണ്ടുള്ള നമസ്കാരത്തിനുള്ള സംവിധാനം ഒരുക്കുകയുണ്ടായി. പിന്നീട് മദീനയുടെ വ്യവസ്ഥിതിയും നിയമവും സംരക്ഷിക്കുന്നതിലേക്ക് ശ്രദ്ധ പതിപ്പിച്ചു.

ഓർക്കുക. മദീനയുടെ ഭരണവും പുഷ്പശയ്യയായിരുന്നില്ല. ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ)ക്ക് പൊതുജനങ്ങളുടെ ഭൂരിപക്ഷം വോട്ടുകൊണ്ട് മദീനയുടെ ഭരണം കിട്ടിയതുമില്ല. മറിച്ച് ഇസ്‌ലാമിന്റെ സന്ദേശത്തിലും നബി(സ)തിരുമേനിയുടെ സൽസ്വഭാവത്തിലും സ്വാധീനിച്ച ഏതാനും ചില അനുയായികളുടെ അപേക്ഷയും മറുഭാഗത്ത് ഈ പട്ടണത്തെ മദീനത്തുർറസൂൽ ആക്കണമെന്ന് അല്ലാഹുവിന് ഉദ്ദേശ്യവുമുണ്ടായിരുന്നു. അങ്ങനെയാണ് നബി(സ)തിരുമേനി ദാരിദ്ര്യാവസ്ഥയിൽ തന്റെ കൂട്ടുകാരനായ ഹദ്റത്ത് അബൂബക്ർ(റ)ന്റെ കൂടെ മദീനയിലെത്തിയത്. എന്നാൽ, ഹൃദയത്തിൽ അങ്ങേയറ്റം സ്നേഹവും ജീവിതം അർപ്പിക്കാനുള്ള ആവേശവും അല്ലാഹു ഇട്ടുകൊടുത്തിരുന്നു. അതിന്റെ ഫലമായി നബി(സ)തിരുമേനി തങ്ങളുടെ വീട്ടിൽ അനുഗ്രഹം വർഷിക്കണമെന്ന് അവൻ ആഗ്രഹിച്ചിരുന്നു. പിന്നീട് കുറച്ച് കാലത്തിനുശേഷം മക്കയിൽനിന്ന് നബി(സ)തിരുമേനിയുടെ കുടുംബക്കാരും സ്വഹാബാക്കളും ഹിജ്റത്ത് ചെയ്ത് മദീനയിലെത്തി. തങ്ങളുടെ സമ്പത്തും സാധന സാമഗ്രികളും ഉപേക്ഷിച്ച് വെറും കൈയോടെ വന്ന മുഹാജിരീങ്ങളെ സംരക്ഷിക്കുകയെന്നതായിരുന്നു ഒന്നാമത്തെ പ്രശ്നം. നബി(സ)തിരുമേനി സ്വയം ഒരു അന്യദേശക്കാരനായിട്ടാണ് അവിടെ എത്തിയിട്ടുള്ളത്. ഒരു ഭരണമോ, ഖജനാവോ, ബയ്ത്തുൽമാലോ ഉണ്ടായിരുന്നില്ല. പ്രതികൂല സാഹചര്യത്തിൽ മക്കയിലുള്ള ഓരോ മുഹാജിരങ്ങളുടെ മദീനയിലുള്ള ഓരോ അൻസ്വാർ സഹോദരനുമായി സാഹോദര്യബന്ധം ഉണ്ടാക്കി. ഈ സാഹോദര്യബന്ധം എത്രത്തോളം മാതൃകാപരമായിരുന്നുവെച്ചാൽ അതിന്റെ ഫലമായി ചില അൻസ്വാർ സഹോദരന്മാർ തങ്ങളുടെ മുഹാജിരീങ്ങളായ സഹോദരന്മാരോട് ഇപ്രകാരം പറഞ്ഞു. 'ഇത് എന്റെ സമ്പാദ്യമാണ്. ഇതിൽ പകുതി നിന്റേതാണ്.' സ്നേഹംകൊണ്ടും ആത്മാർഥതകൊണ്ടും ഇങ്ങേയറ്റംവരെ പറഞ്ഞു, 'എനിക്ക് രണ്ട് ഭാര്യമാരുണ്ട്. ഒന്നിനെ ഞാൻ ത്വലാഖ് ചൊല്ലാം. കാലാവധി കഴിഞ്ഞതിനുശേഷം നിനക്ക്

**ത്വാലിബെ ദുആ**



**SABIR BURQA HOUSE**
ALL TYPES OF READYMADE BURQA
**ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.**
**CIVIL LINES ROAD, OPP.FOUR STORY QADIAN**
CONTACT NO: 98884 45694 (SABIR AHMAD)

**• അല്ലാഹുവിന്റെ കലാം •**

**"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമെ."**

*(വിശുദ്ധ ഖുർആൻ 14:36)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

അവളെ വിവാഹം കഴിക്കാം.' എന്നാൽ., ആ മുഹാജിർ സഹോദരൻ പറഞ്ഞു: 'നിന്റെ സമ്പാദ്യവും കുടുംബക്കാരും നിനക്ക് അനുഗ്രഹമായിരിക്കട്ടെ. എനിക്ക് മാർക്കറ്റിലേക്കുള്ള വഴി പറഞ്ഞുതരികയും കുറച്ചുരൂപ കടം തരികയും ചെയ്താൽ മതി.' പിന്നെ കുറച്ചുകാലങ്ങൾക്കുശേഷം അവർ സ്വന്തം കാലിൽ നിന്നുവെന്ന് മാത്രമല്ല, മറ്റുള്ളവരയും സംരക്ഷിക്കാനുള്ള അർഹരായിത്തീർന്നു. മദീനയിലെ അൻസാർ സഹോദരന്മാർ എന്ന് പറയപ്പെടുന്നതും മക്കയിലെ മുഹാജിറുകൾ എന്ന് പറയപ്പെടുന്നതുമായ സഹാബിമാർ തമ്മിലുള്ള ഐക്യത്തിന്റേയും സാഹോദര്യത്തിന്റേയും ഉദാത്തവും തത്വപൂർണവുമായ പ്രവർത്തനത്തിന്റെ ഉദാഹരണം.

ഈ ഭരണകൂടത്തിൽ ഏതൊക്കെ സമൂഹങ്ങളും ഗോത്രങ്ങളുമാണ് താമസിച്ചിരുന്നത്. അവരെ കൂടെ നിറുത്തുന്നതിനും ഐക്യമുണ്ടാക്കുന്നതിനും വ്യവസ്ഥിതിയുടെ കീഴിൽ അണിനിരത്തുന്നതിനും വേണ്ടി നബി(സ)തിരുമേനി എന്ത് പദ്ധതിയാണ് ആസൂത്രണം ചെയ്തത് എന്നതിനെ സംബന്ധിച്ച് പരിശോധിക്കാം. ആ സമയത്ത് മദീനയിൽ യഹൂദികളുടെ മൂന്ന് ഗോത്രങ്ങളായിരുന്നു താമസിച്ചത്. 1. ബനൂഖയ്നഖാഅ് 2. ബനൂ നളീർ 3. ബനൂഖുറയ്ള്വ. ബിംബാരാധകരുടെ രണ്ട് ഗോത്രങ്ങളും 1. ഔസ് 2. ഖസ്റജ്.

ഈ അഞ്ച് ഗോത്രങ്ങളിലും നിയമവ്യവസ്ഥിതികളൊന്നും ഉണ്ടായിരുന്നില്ല. പ്രത്യേകിച്ച് യഹൂദികളുടെ മൂന്ന് ഗോത്രങ്ങളും സ്വതന്ത്രരും സ്വന്തമായി അധികാരപെടുത്തിയെന്ന നിലയിൽ പ്രത്യേകം പ്രത്യേകം കോട്ടകളിൽ താമസിക്കുകയായിരുന്നു.

മറുഭാഗത്ത് മക്ക ഖുറയ്ശികൾ നബി(സ)തിരുമേനിയും അദ്ദേഹത്തിന്റെ അധിക അനുയായികളും മദീനയിൽ ഹിജ്റത്ത് ചെയ്തുകൊണ്ടും മദീനയിൽ മുസ്ലിമീങ്ങൾ ശക്തിപ്രാപിച്ചതിന്റെ ഫലമായും വളരെയധികം അസ്വസ്ഥരാവുകയും ചെയ്യുന്നു. അവസരം കിട്ടുമ്പോൾ മദീനയെ ആക്രമിച്ചുകൊണ്ട് മുസ്ലിമീങ്ങളെ അവിടെനിന്നു പുറത്താക്കുന്നതിൽ വിജയിക്കുന്നതിനുവേണ്ടി അവരുടെ ശക്തികൾ ഒരുമിച്ചുകൂട്ടാനുള്ള ശ്രമത്തിലായിരുന്നു മദീനയുടെ പുറത്തും അകത്തും. ഈ അവസ്ഥ നബി(സ)തിരുമേനിക്കും അദ്ദേഹത്തിന്റെ സ്വഹാബാക്കൾക്കും അൻസ്വാറായാലും മുഹാജിറായാലും സമാധാനമുള്ളവരായിരുന്നില്ല. ഇങ്ങേയറ്റം നബി(സ)തിരുമേനിക്കുതന്നെയും തന്റെ സ്വഹാബത്തിനോടൊപ്പം സമാധാനത്തോടുകൂടി ഉറങ്ങാൻ സാധിക്കുമായിരുന്നില്ല. എന്നിരുന്നാലും ചുരുങ്ങിയപക്ഷം മദീനയിലെ അകത്തുള്ളവരായ മുസ്ലിമീങ്ങളും മറ്റുള്ള അമുസ്ലിമീങ്ങളും പ്രത്യേകിച്ച് യഹൂദി ഗോത്രങ്ങളുമായി സമാധാനത്തോടുകൂടി താമസിക്കാൻവേണ്ടി നബി(സ)തിരുമേനിയുടെ ദീർഘ വീക്ഷണം ഒരു കരാർ എഴുതിവെക്കണമെന്ന് കരുതി. അതിലുള്ള നിബന്ധനകൾ ഇപ്രകാരമാണ്.

1. യഹൂദികളും മുസ്ലിമീങ്ങളും അന്യോന്യം കാരുണ്യത്തോടും ആത്മാർഥതയോടുംകൂടി താമസിക്കുന്നതാണ്. ഒരാൾ മറ്റൊരാൾക്കെതിരെ അക്രമപരമായി ഒന്നുംതന്നെ ചെയ്യുകയില്ല.

2. എല്ലാ വിഭാഗക്കാർക്കും മതസ്വാതന്ത്ര്യമുണ്ടായിരിക്കും.

3. എല്ലാ പട്ടണവാസികളുടെ ജീവനും സമ്പത്തും സംരക്ഷിക്കപ്പെടും.

4. എല്ലാവിധ എതിർപ്പുകളും ഭിന്നതകളും നബി(സ) തിരുമേനിയുടെ തിരുസന്നിധിയിൽ മടക്കപ്പെടും. ഓരോ ആളുടേയും തീരുമാനം അവരുടെ ശരീഅത്ത് അനുസരിച്ച് എടുക്കുന്നതായിരിക്കും.

5. യഹൂദികൾക്കെതിരിലോ മുസ്ലിമീങ്ങൾക്കെതിരിലോ മറ്റു സമൂഹം യുദ്ധം ചെയ്യുകയാണെങ്കിൽ യഹൂദികളും മുസ്ലിമീങ്ങളും അന്യോന്യം സഹായിക്കുന്നതാണ്.

6. മദീനയെ ആരെങ്കിലും അക്രമിക്കുകയാണെങ്കിൽ എല്ലാവരും ചേർന്ന് അതിനെ നേരിടും.

7. മക്ക ഖുറയ്ശികൾക്കും അവരെ സഹായിക്കുന്നവർക്കും യഹൂദികളുടെ ഭാഗത്തുനിന്ന് ഒരുവിധത്തിലുള്ള സഹായം നൽകുവാനോ അല്ലെങ്കിൽ അഭയം നൽകുവാനോ പാടുള്ളതല്ല.

8. ഒരു വിഭാഗവും നബി(സ)തിരുമേനിയുടെ അനുമതിയില്ലാതെ യുദ്ധത്തിന് പുറപ്പെടരുത്.

9. ഈ ഉടമ്പടിയനുസരിച്ച് ഒരു അക്രമിയും കുഴപ്പക്കാരനും ശിക്ഷയിൽനിന്ന് രക്ഷപ്പെടുകയില്ല.

യഹൂദ ഗോത്രങ്ങൾ ചില ഉടമ്പടികൾക്കെതിരിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും ഔസ് ഗോത്രത്തിലേയും ഖസ്റജ് ഗോത്രത്തിലേയും ചില ബഹുദൈവാരാധകർ മുസ്ലിമീങ്ങളോടൊപ്പം താമസിക്കുന്നതിലാണ് സമാധാനമെന്ന് മനസ്സിലാക്കിയിട്ട് ബാഹ്യമായി ഇസ്‌ലാംമതം സ്വീകരിക്കുകയുണ്ടായി. എന്നാൽ, അവരുടെ ഹൃദയങ്ങളിൽ സത്യവിശ്വാസം എത്തിനോക്കിയിട്ടുപോലുമില്ല. എന്നു മാത്രമല്ല ഓരോ വിഷമഘട്ടത്തിലും തങ്ങളുടെ കാപട്യം പ്രകടമാക്കുകയുമുണ്ടായി. എന്നിരുന്നാലും ഈ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ മുസ്ലിമീങ്ങളും യഹൂദികളും തമ്മിലുള്ള ബന്ധം ദൃഢീകരിക്കുകയും മദീനയിൽ ഒരുവിധത്തിൽ വ്യവസ്ഥാപിതമായ ഭരണത്തിനുള്ള അടിത്തറപാകുകയുമുണ്ടായി. അതിന്റെ നേതാവായി നബി(സ)തിരുമേനി നിശ്ചയിക്കപ്പെടുകയുണ്ടായി.

ചുരുക്കത്തിൽ ഇത്തരം പ്രതികൂല സാഹചര്യത്തിൽ നബി(സ)തിരുമേനിയുടെ അങ്ങേയറ്റം തത്ത്വപൂർണമായ രീതിയിൽ മദീനയിൽ നിയമവ്യവസ്ഥിതിയെ സംരക്ഷിക്കുകയും പിന്നെ തന്റെ ഉന്നതമായ സൽസ്വഭാവത്തിന്റെയും സഹോദരബന്ധത്തിന്റെയും പരിപൂർണമായ നീതിയും നിമിത്തം മദീനയെ ഒരു മാതൃകാഭരണകൂടമാക്കി മാറ്റുകയുണ്ടായി. നബി(സ)തിരുമേനിയുടെ മാതൃക അനുകരണീയമാണ്. തന്റെ നാട്ടിൽ തന്റെ പ്രജകളുടെ ഭൂരിപക്ഷത്തോടുകൂടി തിരഞ്ഞെടുക്കുകയോ നാമനിർദ്ദേശം ചെയ്യുകയോ ചെയ്യുന്ന ഭരണാധികാരിക്കുളള മാർഗദീപമാണിത്.

നബി(സ)തിരുമേനിയുടെ ആത്മീയസ്ഥാനത്തെ മാറ്റിനിറുത്തിയാലും നബി(സ)തിരുമേനിയെ സ്വീകാര്യനും വിജയശ്രീലാളിതനുമായ ഭരണകർത്താവാക്കിയത് ഏത് കാര്യമാണെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ പറയാനാഗ്രഹിക്കുന്നു. ചില കുഴപ്പക്കാരും കപടന്മാരേയും വിട്ടാൽ ഈ ഭരണകൂടത്തിലെ എല്ലാ പ്രജകളും അദ്ദേഹത്തിൽ തങ്ങളുടെ ജീവൻ ബലിയർപ്പിക്കുന്നതിൽ അഭിമാനംകൊണ്ടിരുന്നു.

ഏറ്റവുമാദ്യം പൊങ്ങിവരുന്ന പ്രശ്നം മതസ്വാതന്ത്ര്യമാണ്. പ്രത്യേകിച്ച് പല മതങ്ങളും ആചാരങ്ങളുമായി ബന്ധപ്പെട്ട ആളുകൾ താമസിക്കുന്ന ഭരണകൂടത്തിൽ എല്ലാവർക്കും തങ്ങളുടെ വിശ്വാസങ്ങൾ പ്രകടിപ്പിക്കാനും സമാധാനത്തോടുകൂടി തബ്‌ലീഗ് ചെയ്യാനും അത് പ്രാവർത്തികമാക്കാനുമുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കുകയും ആരേയും വേദനിപ്പിക്കാനുള്ള അനുവാദം ഇല്ലാതിരിക്കുകയും ചെയ്യേണ്ടതാണ്. പറഞ്ഞതുപോലെ മദീനയിൽ ഏകദൈവത്തേയും ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)നേയും വിശ്വസിക്കുകയും ഖുർആനാകുന്ന ശരീഅത്ത് പ്രാവർത്തികമാക്കുകയും ചെയ്യുന്ന മുസ്ലിമീങ്ങളുണ്ടായിരുന്നു. അതുപോലെ അവിടെ മൂസാ(അ)യ്ക്ക് അവതരിച്ച തൗറാത്തിൽ അനുസരിക്കുന്ന യഹൂദികളും ഹദ്റത്ത് ഈസ(അ)യിൽ വിശ്വസിക്കുന്ന ക്രിസ്ത്യനികളും ബിംബാരാധകരുമുണ്ടായിരുന്നു. നബി(സ)തിരുമേനി അവരുമായി ചെയ്തിട്ടുള്ള ഉടമ്പടി പ്രകാരം പ്രവർത്തിച്ചുകൊണ്ട് അദ്ദേഹം എല്ലാവർക്കും മതസ്വാതന്ത്ര്യം നൽകുകയുണ്ടായി. നിയോഗിക്കപ്പെട്ട ഭരണകർത്താവ് എന്ന നിലയിൽ ഏതു മതവിഭാഗക്കാരുമായി ബന്ധപ്പെട്ട് കിടക്കുന്ന ആളുകളുടെ പ്രശ്നവും നബി(സ)തിരുമേനിയുടെ സന്നിധിയിൽ സമർപ്പിക്കുമ്പോൾ അതായത് വേദഗ്രന്ഥങ്ങൾക്കനുസരിച്ചുള്ള തീരുമാനം കല്പിക്കുമായിരുന്നു.

വിശുദ്ധഖുർആൻ ഇതുവരെ പറഞ്ഞു: 'അല്ലാഹുവിനു പുറമെ അവർ മറ്റാരെ വിളിച്ചു പ്രാർഥിക്കുന്നുവോ അവരെ നിങ്ങൾ ശകാരിക്കരുത്. അപ്പോൾ ശത്രുതനിമിത്തം അവർ അറിവില്ലാതെ അല്ലാഹുവിനെ ശകാരിച്ചേക്കും.'(6:109)

മക്കയിലെ ബിംബരാധകർ ഉഹ്ദ് യുദ്ധാവസരത്തിൽ മുസ്ലിം ശുഹദാക്കളുടെ മൃതശരീരത്തെ വികൃതമാക്കുകയും ഹദ്റത്ത് ഹംസത്ത്(റ)ന്റെ കരൾവരെ കടിക്കുകയുണ്ടായി. എന്നാൽ, നബി(സ) തിരുമേനി ഒരിക്കലും പകരം വീട്ടാൻ ചിന്തിച്ചിട്ടില്ല. മറിച്ച് എപ്പോഴും അവരോട് നല്ലരീതിയിൽ പെരുമാറുകയാണ് ചെയ്തത്.

ഹദ്റത്ത് ഹസൻ ബിൻ അസ്‌വദ്(റ) നിവേദനം. ഒരു യുദ്ധാവസരത്തിൽ വധിക്കപ്പെട്ടവരിൽ കുറച്ച് കുട്ടികളുടെ മൃതശരീരവും ലഭിക്കുകയുണ്ടായി. നബി(സ)തിരുമേനി ഇതിനെ കുറിച്ച് ചോദിച്ചപ്പോൾ, അല്ലാഹുവിന്റെ റസൂലേ! അവർ മുശ്‌രിക്കുകളുടെ കുട്ടികളല്ലേയെന്ന് ഒരാൾ ചോദിച്ചു. നബി(സ)തിരുമേനി പറഞ്ഞു: നിങ്ങളിൽ ഉന്നതരായ ആളുകൾ ഇന്നലെവരെ മുശ്‌രിക്കുകളുടെ കുട്ടികളായിരുന്നുവല്ലോ? ഓർത്തുകൊള്ളുക! കുട്ടികൾ സൽപ്രകൃതത്തോടുകൂടിയല്ലാതെ ജനിക്കുന്നില്ല. അതിനുശേഷം അവന്റെ മാതാപിതാക്കൾ അവനെ യഹൂദിയോ ക്രിസ്ത്യാനിയോ ആക്കുകയാണ്.' *(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 6, പേജ് 24 ബെയ്റൂത്ത്)*

'ഒരു ഭരണകൂടത്തിന്റെ നേതാവെന്ന നിലയിൽ രണ്ടാമത്തെ പ്രധാനപ്പെട്ട സവിശേഷത നബി(സ)തിരുമേനിയുടെ പരിപൂർണമായ നീതിയുടെ രീതിയാണ്. അത് സമാധാന പ്രപഞ്ചത്തിന്റെ ജാമ്യമാണ്. ഇന്ന് ലോകം എത്രകണ്ട് അസമാധാനത്തിലും അസ്വസ്ഥതയിലും മുഴുകിയിരിക്കുന്നുവോ അതിനുള്ള ഏറ്റവും വലിയ കാരണം നീതിനിഷേധമാണ്. ഇസ്‌ലാം തന്റെ ആളുകളോട് മാത്രമല്ല അന്യരോടും ശത്രുക്കളോടുപോലും നീതിയോടുകൂടി വർത്തി

ക്കണമെന്നാണ് പറയുന്നത്. ഇതിനെ സംബന്ധിച്ച് നബി(സ)തിരുമേനിയുടെ ജീവചരിത്രം ഉദാത്തമായ മാതൃകകൊണ്ട് അലങ്കരിക്കപ്പെട്ടിരിക്കുന്നു. സമയപരിധി കാരണം വെറും രണ്ട് സംഭവങ്ങൾ കേൾപ്പിക്കാം.

ഏതൊരു സമൂഹത്തിന്റെയും ധാർമിക സ്വഭാവം അധഃപതിക്കുവാൻ തുടങ്ങുമ്പോൾ അവരിൽ അനീതി ഉടലെടുക്കുന്നു. അത് സർവസാധാരണമായി മാറുന്നു. വലിയവർ നിയമത്തിന്നെതിരെ പ്രവർത്തിച്ചു രക്ഷപ്പെടുന്നു. ദരിദ്രരും നിരാലംബരും ശിക്ഷിക്കപ്പെടുന്നു. എന്നാൽ, ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ), റഹ്മത്തുല്ലിൽ ആലമീനും (മുഴുപ്രപഞ്ചത്തിനും കാരുണ്യം) ആർദ്രനും കാരുണ്യവാനുമായിട്ടും ശരീഅത്ത് കല്പന നടപ്പിൽവരുത്തുന്നതിൽ അങ്ങേയറ്റം രോഷം പ്രകടിപ്പിക്കുകയും നീതിയെ ഒരിക്കലും പാഴാക്കുകയും ചെയ്തില്ല. ബുഖാരിയിൽ ഹദ്റത്ത് ആഇശാ(റ) നിവേദനം ചെയ്യുന്നു: ബനൂ മഖ്സൂം ഗോത്രത്തിലെ ഫാത്വിമ എന്നു പേരുള്ള ഒരു സ്ത്രീ മോഷണം നടത്തി. നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഈ സ്ത്രീയുടെ കാര്യത്തിൽ മൃദുലത കാണിക്കണമെന്ന് ശിപാർശ ചെയ്യാൻ ജനങ്ങൾ തീരുമാനിച്ചു. നബി(സ)തിരുമേനിക്ക് സ്നേഹമുള്ള ഉസാമയെ ഇതിനുവേണ്ടി അവർ തയ്യാറാക്കി. അദ്ദേഹം നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഈ സ്ത്രീക്കുവേണ്ടി ദയയ്ക്കു അപേക്ഷിച്ചു. നബി(സ) തിരുമേനി, ഇക്കാര്യത്തിൽ അങ്ങേയറ്റം വെറുപ്പ് പ്രകടിപ്പിക്കുകയും ദേഷ്യം കാരണം അദ്ദേഹത്തിന്റെ മുഖം ചെമക്കുകയും ചെയ്തു. ആ മഹാത്മാവ് പറഞ്ഞു:

'ബനൂ ഇസ്റാഈലരുടെ സ്വഭാവം അവരിലെ ഉന്നതരായ ആരെങ്കിലും മോഷണം നടത്തുകയാണെങ്കിൽ അയാളെ വെറുതെ വിടുകയും എന്നാൽ, ദരിദ്രരായ ഒരാൾ മോഷണം നടത്തുകയാണെങ്കിൽ അയാളുടെ കൈ മുറിച്ചുകളയുകയുമാണ്. എന്നാൽ, എന്റെ അവസ്ഥ എന്താണെന്നാൽ ആരുടെ കൈകളിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! മുഹമ്മദിന്റെ മകൾ ഫാത്വിമയായാലും മോഷ്ടിച്ചാൽ ഞാൻ അവളുടെ കൈ മുറിക്കുന്നതാണ്.' **അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ ആലി മുഹമ്മദിൻ വ ബാരിക് വ സല്ലിം**

രണ്ടാമത്തെ സംഭവം ഇപ്രകാരമാണ്. ബദ്ർ യുദ്ധത്തിൽ മക്കയിലെ ബഹുദൈവാരാധകരായ തടവു പുള്ളികളിൽ നബി(സ)തിരുമേനിയുടെ പിതൃവ്യൻ ഹദ്റത്ത് അബ്ബാസുമുണ്ടായിരുന്നു. തടവുകാരുടെ മേൽനോട്ടം ഹദ്റത്ത് ഉമർ(റ)ൽ ചുമതലപ്പെടുത്തിയപ്പോൾ അദ്ദേഹം ഹദ്റത്ത് അബ്ബാസ്(റ) ഉൾപ്പെടെ എല്ലാവരുടേയും ചങ്ങല മുറുക്കികെട്ടി. അതുകാരണം ഹദ്റത്ത് അബ്ബാസ്(റ) ഞെരങ്ങാൻ തുടങ്ങി. ഹദ്റത്ത് അബ്ബാസിന്റെ ഞെരക്കം അതിന്റെ ശബ്ദം നബി(സ)തിരുമേനി കേട്ടപ്പോൾ അദ്ദേഹം അസ്വസ്ഥനായി. അദ്ദേഹത്തിന്റെ ഉറക്കമില്ലാതായി. ഇക്കാര്യം അൻസ്വാർ സഹോദരന്മാർ അറിഞ്ഞപ്പോൾ അവർ ഹദ്റത്ത് അബ്ബാസ്(റ)ന്റെ കെട്ട് അയച്ചിട്ടു. അതുകാരണം അദ്ദേഹത്തിന്റെ ഞെരക്കം നിന്നു. അബ്ബാസ്(റ)ന്റെ ഞെരുക്കത്തിന്റെ ശബ്ദം എന്തുകൊണ്ട് കേൾക്കുന്നില്ലെന്ന് നബി(സ)തിരുമേനി ചോദിച്ചപ്പോൾ സ്വഹാബാക്കൾ പറഞ്ഞു: 'അങ്ങയുടെ ബുദ്ധിമുട്ട് മനസ്സിലാക്കി അദ്ദേഹത്തിന്റെ കെട്ട് അയച്ചതാണ്.' നബി(സ)തിരുമേനി പറഞ്ഞു: 'ഇത് നീതിക്കെതിരാണ്. അതുകൊണ്ട് ഒന്നുകിൽ എല്ലാ തടവുകാരുടെയും കെട്ടയച്ചു വിടുക. അല്ലെങ്കിൽ അബ്ബാസ്(റ)ന്റെ കെട്ട് മുറുക്കുക. ഇതുകേട്ടപ്പോൾ എല്ലാ തടവുകാരുടേയും കെട്ട് അയച്ചുകൊടുത്തു.

ഒരു വിജയശ്രീലാളിതനായ ഭരണകർത്താവിന് നബി(സ)തിരുമേനിയുടെ ഉത്തമമാതൃകയിൽനിന്ന് മനസ്സിലാകുന്നത് എല്ലാ ദുരിതാവസ്ഥയിലും സമൂഹത്തെ നയിക്കാൻ വേണ്ടി എപ്പോഴും തയ്യാറായി നിൽക്കുക എന്നതാണ്. ഇതുമായി ബന്ധപ്പെട്ട ഒരു സംഭവം മാത്രം കേൾപ്പിക്കാം.

ഖന്തഖ് യുദ്ധാവസരത്തിൽ കൂടുതൽ സുരക്ഷിതത്വത്തിന് മദീനയുടെ ചുറ്റും കിടങ്ങ് കുഴിക്കുകയായിരുന്നു. സ്വഹാബാക്കളുടെ അവസ്ഥ എന്തായിരുന്നുവെന്നാൽ വിശപ്പിന്റെ ബുദ്ധിമുട്ട് കുറക്കുവാനായി അവർ വയറ്റിൽ കല്ലുവെച്ചുകെട്ടിയിരുന്നു. കിടങ്ങ് കുഴിക്കുന്ന സമയത്ത് ഒരു പാറക്കല്ല് പൊട്ടുന്നുണ്ടായിരുന്നില്ല. സ്വഹാബാക്കൾ നബി(സ)തിരുമേനിയുടെ സന്നിധിയിൽ കാര്യം പറഞ്ഞുകൊണ്ട് മാർഗനിർദേശം ആരാഞ്ഞു. നബി(സ)തിരുമേനി സ്ഥലത്തെത്തി. ആ സമയത്ത് നബി(സ)തിരുമേനിയും വിശപ്പിന്റെ കാഠിന്യം കുറക്കുവാൻവേണ്ടി തന്റെ വയറ്റിൽ രണ്ട് കല്ല് വെച്ചുകെട്ടിയിരുന്നു. ഈയവസ്ഥയിലും നബി(സ) തിരുമേനി പിക്കാസ് തന്റെ കൈയിലെടുത്തുകൊണ്ട് കല്ലിന്മേൽ മൂന്ന് പ്രാവശ്യം ആഞ്ഞുവെട്ടി അത് കഷണംകഷണമാക്കി. അല്ലാഹുവിന്റെ ശക്തിപ്രഭാവം നോക്കുക. ഈ ബലഹീനാവസ്ഥയിലും ഒന്നുമില്ലാത്തവസ്ഥയിലും അല്ലാഹു ഓരോ വെട്ടിലും അടുത്തുള്ള മഹത്തായ ഭരണകൂടത്തിൽ മുസ്ലിമീങ്ങളുടെ വിജയത്തിന്റെ കാഴ്ച കാണിച്ചുകൊടുത്തു. ഓരോ വെട്ടിലും അല്ലാഹു അക്ബർ എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ട് സ്വഹാബാക്കൾക്ക് സന്തോഷവാർത്ത ഇപ്രകാരം നൽകി, ശാമിന്റേയും ഇറാനിന്റേയും യമനിന്റേയും കൊട്ടാരങ്ങളുടെ താക്കോൽ എനിക്ക് നൽകപ്പെട്ടു.'

അങ്ങനെ നബി(സ)തിരുമേനിയുടെ ജീവിതകാലത്ത് അറേബ്യൻ മരുഭൂമിയിൽ ഇസ്ലാം വിജയിച്ചിരുന്നു. നബി(സ)തിരുമേനിയുടെ വഫാത്തിന്റെ 9 വർഷത്തിനുള്ളിൽ മുഴുവൻ അറേബ്യയിലും മുസ്ലിം ഭരണകൂടം നിലവിൽവന്നു കഴിഞ്ഞിരുന്നു.

നബി(സ)തിരുമേനി മദീനയുടെ ഭരണത്തലവനായതിനു മുമ്പേയുള്ള ജീവിതത്തിലും ശേഷമുള്ള ജീവിതത്തിലും ഒരു വ്യത്യാസം കണ്ടിരുന്നില്ലെന്നാണ് മറ്റൊരു സവിശേഷത. മക്കാ ജീവിതത്തിന്റെ ദാരിദ്ര്യത്തിന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ ജീവിതരീതി എങ്ങനെയായിരുന്നു. മദീനയുടെ രാജാവായതിനുശേഷവും അതിൽ ഒരു വ്യത്യാസവുമുള്ളതായി കാണാൻ സാധിക്കുകയില്ല. ആ സമയത്ത് ഒരു ഭാഗത്ത് ഇറാനിലെ ഭരണകർത്താവിന്റെ പ്രതാപവും പ്രൗഢിയും മുഴുവൻ ഏഷ്യയിലും നിലനിൽക്കുന്ന സമയം. മറുഭാഗത്ത് റോം ഭരണകൂടം പാശ്ചാത്യ രാഷ്ട്രങ്ങളിൽ ആഢംബരജീവിതം നയിച്ചുകൊണ്ടിരിക്കുന്ന സമയം. ബഹുമാന്യരായ രണ്ട് ഭരണകർത്താക്കളുടെ ഇടയിൽ അറേബ്യൻ ഗോത്രങ്ങളും അടിമത്വത്തിൽനിന്നു തങ്ങളുടെ കഴിവുകൾ വർധിപ്പിച്ചുകൊണ്ട് തന്റെ രാജകീയ പ്രതാപം പ്രകടിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു.

ഇത്തരം സാഹചര്യത്തിൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ)അങ്ങേയറ്റം ലാളിത്യപരവും കൃത്രിമത്വമില്ലാത്തതുമായ ജീവിതത്തിൽ പ്രതികാരം ഇല്ലാതെ, തന്റെ സഹാബാക്കളുടെയും മദീനയിലെ പ്രജകളുടെയും സന്തോഷത്തിനും അവരുടെ അവസ്ഥയെ ഉന്നതിയിൽനിന്ന് ഉന്നതിയിലേക്ക് കൊണ്ടുപോകുന്നതിനുമുള്ള ചിന്തയിൽ തന്നിലും തന്റെ കുടുംബത്തിന്റെ മേലും ബുദ്ധിമുട്ടുകൾ സഹിച്ചു. വീട്ടുജോലികൾക്കായി ഒരു വേലക്കാരനെയും വെച്ചിട്ടില്ല. എല്ലാ ജോലിയും സ്വയം ചെയ്തിരുന്നു.

നബി(സ)തിരുമേനി വീട്ടിലെന്താണ് ചെയ്യാറുള്ളതെന്ന് ഹദ്റത്ത് ആഇശ(റ)യോടു ചോദിച്ചു. ഹദ്റത്ത് ആഇശ(റ) മറുപടി പറഞ്ഞു: '**യകൂനു ഫീ മിഹ്നത്തി അഹ് ലിഹീ ഫഇദാ ഹളറത്തി സ്സ്വലാത്തു ഖറജ ഇലസ്സ്വലാത്തി**' അതായത് വീട്ടിൽ തന്റെ കുടുംബത്തിലെ ജോലിയിൽ സഹായിക്കാറുണ്ട്. നമസ്കാര സമയമായാൽ നമസ്കാരത്തിനു വേണ്ടി പുറത്തുപോകും (ബുഖാരി)

എന്തുമാത്രം ഉദാത്തമായ മാതൃകയാണ്! രാജാവായിരിക്കെ ഇത്തരത്തിലുള്ള മാതൃക കാഴ്ചവെച്ച ഏതെങ്കിലും മനുഷ്യനുണ്ടോ? അറേബ്യയിലെ രാജാവായിക്കൊണ്ട് നബി(സ)തിരുമേനി ലക്ഷക്കണക്കിനുള്ള രൂപയും ആട്ടിൻപറ്റങ്ങളും ആവശ്യക്കാർക്ക് വീതിച്ചുകൊടുക്കാറുണ്ടായിരുന്നു. ഒരിക്കൽ നബി(സ)തിരുമേനിയുടെ അടുത്ത് എഴുപതിനായിരം ദിർഹം വന്നു. മറ്റൊരു നിവേദനത്തിൽ 90 ആയിരം ദിർഹം വന്നുവെന്നും രേഖപ്പെട്ടതായി കാണാം. ഈ ദിർഹം നബികരീം(സ) പായയിൽ വെക്കുകയും അത് വിതരണം ചെയ്യാൻ എഴുന്നേറ്റുനില്ക്കുകയും ചെയ്തു. അത് വിതരണം ചെയ്തതിനുശേഷമാണ് ശ്വാസംവിട്ടത്.*(അൽവഫാഉ ബി അഹ്‌വാലിൽമുസ്ത്വഫാ ഇബ്നുൽജൂസീ, പേജ് 447, ബെയ്റുത്ത്)*

ഒരിക്കൽ നബി(സ)തിരുമേനിയുടെയടുക്കൽ ഒരാൾ വന്നു. നബി(സ)തിരുമേനി അദ്ദേഹത്തിന് ആടുമാടുകൾ നിറഞ്ഞ ഒരു താഴ്വര നൽകുകയുണ്ടായി. ആ പുതുവിശ്വാസി നബി(സ)തിരുമേനിയോട് താഴ്വരയുടെ ഇടയിലുള്ള സ്ഥലവും ചോദിച്ചു. നബി(സ)തിരുമേനി ഭൂമിയും ആട്ടിൻകൂട്ടങ്ങളേയും എല്ലാംതന്നെ ദാനമായി നൽകുകയുണ്ടായി. അദ്ദേഹം തന്റെ സമൂഹത്തിലേക്ക് തിരിച്ചുപോയിട്ട് പറഞ്ഞു: 'എന്റെ സമൂഹമേ! നിങ്ങൾ എല്ലാവരും മുസ്ലിമായിക്കൊള്ളുക. പട്ടിണിപരവട്ടത്തെക്കുറിച്ച് ഒരിക്കലും ഭയപ്പെടാത്തവിധത്തിൽ മുഹമ്മദ് മുസ്തഫാ(സ) നൽകാറുണ്ട്.' *(മജ്മഉസ്സാവാഇദ് ഹയ്ഥമി വാള്യം 9, പേജ് 13, ബെയ്റുത്ത്)*

എന്നാൽ, തനിക്കും തന്റെ കുടുംബക്കാർക്കും പൊതുഖജനാവിൽനിന്ന് സഹായം പറ്റുന്നത് എപ്പോഴും വിലക്കിയിരുന്നു. ഇങ്ങേയറ്റം ഒരിക്കൽ ചെറുപ്രായക്കാരനായ ഹദ്റത്ത് ഇമാം ഹുസയ്ൻ(റ) ഈന്തപ്പഴത്തിന്റെ കൂമ്പാരത്തിൽനിന്ന് ഒന്നോ രണ്ടോ ഈന്തപ്പഴമെടുത്ത് വായിലിട്ടു. നബി(സ)തിരുമേനി പെട്ടെന്നുതന്നെ തന്റെ വിരൽ വായിലിട്ടുകൊണ്ട് ഈന്തപ്പഴം പുറത്തെടുത്തു. എന്നിട്ട് പറഞ്ഞു: 'മോനേ! ഇത് സ്വദഖയുടെ ഈന്തപ്പഴമാണ്. സ്വദഖ നമുക്ക് അനുവദനീയമല്ല.'

വീട്ടിലെ അവസ്ഥ ഇതായിരുന്നു: ഹദ്റത്ത് ആഇശാ(റ) നിവേദനം, അവർ തന്റെ സഹോദരി പുത്രൻ ഹദ്റത്ത് ഉർവായോടു(റ) പറഞ്ഞു: 'അല്ലയോ

എന്റെ സഹോദരീപുത്രാ! ഞങ്ങൾ ഹിലാലിനുശേഷം ഹിലാൽ എത്രത്തോളമെന്നാൽ മുമ്മൂന്ന് ഹിലാൽ വരെ കാണാറുണ്ടായിരുന്നു. അതായത് രണ്ടുമാസം കടന്നുപോയാലും നബി(സ)തിരുമേനിയുടെ വീട്ടിൽ തീ പുകയാറുണ്ടായിരുന്നില്ലെന്ന്! ഹദ്റത്ത് ഉർവാ(റ) പറയുന്നു: 'അല്ലയോ മാതൃസഹോദരീ! പിന്നെന്താണ് നിങ്ങൾ ഭക്ഷിക്കാറുണ്ടായിരുന്നത്?' ഹദ്റത്ത് ആഇശാ(റ) മറുപടി പറഞ്ഞു: 'അസ്‌വദാനീ അതായത് ഈന്തപ്പഴംകൊണ്ടും വെള്ളംകൊണ്ടും കഴിച്ചുകൂട്ടും.' ഇതുമാത്രമല്ല, നബി(സ)തിരുമേനിയുടെ ചുറ്റിലും അൻസ്വാർ സഹോദരന്മാർ അയൽവാസികളായിട്ടുണ്ടായിരുന്നു. അവരുടെ പക്കൽ കറവയുള്ള ആടുകളുണ്ടായിരുന്നു. അവർ നബി(സ) തിരുമേനിക്കു പാൽ ദാനമായി അയച്ചുകൊടുക്കാറുണ്ടായിരുന്നു.

നബി(സ)തിരുമേനിയുടെ മകൾ ഹദ്റത്ത് ഫാത്വിമ(റ)യുടെ അവസ്ഥ വീട്ടിൽ ആട്ടമ്മിയിൽ അരച്ചതിന്റെ ഫലമായി അവരുടെ കൈയിൽ തഴമ്പ് വന്നിരുന്നു. നബി(സ)തിരുമേനിയുടെ അടുത്ത് കുറച്ച് അടിമകൾ വന്നുവെന്നറിഞ്ഞ് ഒരടിമ അവർക്ക് കൊടുക്കാൻവേണ്ടി അവർ ആവശ്യപ്പെട്ടു. നബി(സ)തിരുമേനി രാത്രിസമയത്ത് തന്റെ മകളുടേയും മരുമകന്റേയുമടുത്തെത്തി. അവരുടെ ഇടയിൽ കട്ടിലിലിരുന്നു. എന്നിട്ട് വളരെ സ്നേഹത്തോടുകൂടി പറഞ്ഞു: 'ഞാൻ നിങ്ങൾ ചോദിച്ച ചോദ്യത്തിനേക്കാൾ ഉത്തമമായ കാര്യം പറഞ്ഞുതരട്ടെയോ? അതിതാണ്, 'നിങ്ങൾ കിടക്കയിൽ കിടക്കുമ്പോൾ 33 പ്രാവശ്യം സുബ്ഹാനല്ലാഹ് 33 പ്രാവശ്യം അല്ലാഹു അക്ബർ 34 പ്രാവശ്യം അല്ലാഹു അക്ബർ എന്നു പറയുക. ഇത് നിങ്ങൾക്ക് വേലക്കാരനേക്കാളും ഉത്തമമായിരിക്കും.'

നബി(സ)തിരുമേനിയുടെ പക്കൽ തന്നിലും കുടുംബക്കാരിലും ചെലവ് ചെയ്യുന്നത് തെറ്റാണെന്ന് കരുതുന്ന സമൂഹ ഖജനാവിലെ പണം മാത്രമമായിരുന്നില്ല ഉണ്ടായിരുന്നത്. മറിച്ച് അദ്ദേഹത്തിനുവേണ്ടി ചെലവ് ചെയ്യാൻ അദ്ദേഹത്തിന്റെയടുക്കൽ ധാരാളം പണം വരാറുണ്ടായിരുന്നു. സ്വഹാബാക്കൾ തങ്ങളുടെ ആത്മാർഥതയും സ്നേഹവും കാരണമായി ധാരാളം പാരിതോഷികങ്ങൾ നൽകിക്കൊണ്ട് ഇത് സ്വന്തമായി കുടുംബത്തിനുവേണ്ടിയും ഉപയോഗിക്കുകയെന്ന ആഗ്രഹം പ്രകടിപ്പിക്കുകയും അപേക്ഷിക്കുകയും ചെയ്യാറുണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ കാലശേഷം കുടുംബം എങ്ങനെ കഴിയുമെന്ന് കരുതി ഉചിതമായ നിലയിൽ സമ്പത്തും സ്വത്തും സ്വരുക്കൂട്ടുകയാണെങ്കിലും ആക്ഷേപമുള്ള കാര്യമല്ല. എന്നാൽ, നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം വീട്ടിലെ അവസ്ഥ എന്തായിരുന്നുവെന്നുള്ളത് അംറ് ബിൻ ഹാരിഥിന്റെ നിവേദനത്തിൽനിന്ന് വളരെ വ്യക്തമായി മനസ്സിലാക്കാം. അദ്ദേഹം പറയുന്നു: 'നബി(സ)തിരുമേനി വഫാത്താവുന്ന സമയത്ത് ഒന്നുംതന്നെ ഉപേക്ഷിച്ചിരുന്നില്ല. വെളുത്തനിറമുള്ള ഒരു കഴുതയും തന്റെ ആയുധം സ്വദഖ ചെയ്തിട്ടുള്ള ഒരു ഭൂമിയുമല്ലാതെ ഒരു ദിർഹമോ ദീനാറോ അടിമയോ ദാസിയോ മറ്റു വസ്തുക്കളോ ഒന്നുംതന്നെ ഉപേക്ഷിച്ചിട്ടില്ല.'

ഹദ്റത്ത് സഹ്ൽ ബിൻ സഅ്ദ്(റ) വിവരിക്കുന്നു: 'നബി(സ)തിരുമേനി 7 ദീനാർ ഹദ്റത്ത് ആഇശാ(റ)യെ ഏല്പിച്ചിരുന്നു. അവസാന രോഗസമയത്ത് നബി(സ)തിരുമേനി പറഞ്ഞു: 'ആഇശാ! നിന്റെയടുത്തുണ്ടായ ദീനാർ എന്തു ചെയ്തു?' ഹദ്റത്ത് ആഇശാ(റ) പറഞ്ഞു: 'എന്റെയടുത്തുണ്ട്.' അവിടന്ന് പറഞ്ഞു: 'അത് സ്വദഖ കൊടുക്കുക.' പിന്നീട് നബി(സ)തിരുമേനി അബോധാവസ്ഥയിലായി. ഹദ്റത്ത് ആഇശാ(റ) അദ്ദേഹത്തെ പരിചരിക്കുന്നതിൽ മുഴുകി. ബോധം വന്നപ്പോൾ നബി(സ)തിരുമേനി ചോദിച്ചു: 'ആ സ്വർണം സ്വദഖ ചെയ്തോ?' പറഞ്ഞു: 'ഇപ്പോൾ ചെയ്തിട്ടില്ല.' അപ്പോൾ നബി(സ)തിരുമേനി ആ ദീനാർ വാങ്ങി തന്റെ കൈയിൽ വെച്ചുകൊണ്ട് പറഞ്ഞു: 'ഈ ലോകത്തോടു വിടപറയുകയും അല്ലാഹുവുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്യുന്ന സമയത്ത് ഈ ദീനാർ എന്റെ കൈയിലുണ്ടെങ്കിൽ മുഹമ്മദിന് തന്റെ റബ്ബിൽ എന്ത് വിശ്വാസമാണുള്ളത്?' പിന്നീട് ആ ദീനാർ സ്വദഖ ചെയ്തു. അന്നേ ദിവസം അദ്ദേഹത്തിന്റെ വഫാത്ത് നടക്കുകയും ചെയ്തു. *(മജ്മഉസ്സവാഇദ് ഹയ്ഥമീ, വാള്യം 3, പേജ് 124, ബെയ്റുത്ത്)*

നബി(സ)തിരുമേനിയുടെ യഥാർഥ പ്രേമി ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) അവിടത്തെ ധന്യമായ ജീവിതത്തെക്കുറിച്ച് പറയുന്നു:

'അളവറ്റ ഖജനാവിന്റെ കവാടങ്ങൾ അല്ലാഹു നബി(സ)തിരുമേനിക്കു തുറന്നുകൊടുത്തു. എന്നാൽ, അദ്ദേഹം അതെല്ലാം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവ് ചെയ്തു. തന്റെ ആവശ്യത്തിന് ഒരു ചില്ലിക്കാശുപോലും ചെലവാക്കിയില്ല. ഒരു ബിൽഡിംഗോ കൊട്ടാരമോ പണിതില്ല. മറിച്ച് ദരിദ്രരുടെ മുറികളേക്കാൾ മുൻഗണനയില്ലാത്ത മുറിയിലായിരുന്നു അദ്ദേഹം മുഴുവൻ സമയവും കഴിച്ചുകൂട്ടിയത്. തിന്മ കാണിച്ചവരോടു നന്മ കാണിച്ചു. ഹൃദയവേദന അനുഭവിക്കുന്നവരോട് അവർ വേദന അനുഭവിക്കുന്ന സമയത്ത് തന്റെ ധനം കൊണ്ട് സന്തോഷിപ്പിച്ചു. ഉറങ്ങുന്നത് അധികസമയവും തറയിൽ! താമസിക്കാൻ ചെറിയ കുടിൽ! ഭൗതിക സമ്പത്ത് ധാരാളമായി നൽകി. എന്നിട്ടും നബി(സ)തിരുമേനി തന്റെ പരിശുദ്ധ കരങ്ങളെ ഭൗതികതയുടെ ചേറു പുരളാൻ അനുവദിച്ചില്ല. എപ്പോഴും ദാരിദ്ര്യത്തെ സമ്പന്നതക്കു പകരമായി സ്വീകരിച്ചു. ജനിച്ചതു മുതൽ ഉത്തമനായ സുഹൃത്തിനെ കണ്ടുമുട്ടുന്നതുവരെ തന്റെ യജമാനനെയല്ലാതെ മറ്റൊന്നിനേയും ഒന്നുമായും കരുതിയിരുന്നില്ല. അതുകൊണ്ട് ഏതൊരുഭരണകർത്താവിനും നബി(സ)തിരുമേനിയുടെ വ്യക്തിത്വത്തിന്റെയും കുടുംബത്തിന്റെയും ഉൾക്കാഴ്ചയെ പ്രശോഭിതമാക്കുന്ന ഈ സംഭവങ്ങൾ മാർഗദീപങ്ങളാണ്. ഇതല്ലാതെ കണ്ട് അദ്ദേഹത്തിന് പ്രജകളുടെ അവകാശങ്ങൾ സംരക്ഷിക്കാനോ അത് നടപ്പിലാക്കാനോ സാധിക്കുകയില്ല.

ഇന്നത്തെ ഭരണകർത്താക്കൾപോട്ടെ, മുസ്‌ലിം ഭരണകർത്താക്കൾതന്നെ പൊതുഖജനാവ് സ്വന്തമായും കുടുംബത്തന്റെ ആവശ്യത്തിനുമായും അനാവശ്യമായി ചെലവഴിക്കുകയാണ്. അല്ലാഹുതന്നെ അവർക്ക് ഇക്കാര്യം മനസ്സിലാക്കി കൊടുക്കുമാറാകട്ടെ. നമ്മുടെ യജമാനൻ ഹദ്റത്ത് മുഹമ്മദ്(സ)യുടെ ഉത്തമ മാതൃകയുടെ ആയിരത്തിലൊരംശം പ്രാവർത്തികമാക്കാനുള്ള തൗഫീഖ് ലഭിക്കുകയാണെങ്കിൽ പ്രജകളുടെ അവസ്ഥ നന്നാകുമായിരുന്നു.

പ്രിയ ശ്രോതാക്കളേ! നമ്മുടെ പ്രിയങ്കരനായ ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് മനുഷ്യരുടെ ഗുണകാംക്ഷിയായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ)യുടെ പരിശുദ്ധമാതൃകയുടെ വെളിച്ചത്തിലും ഇന്ന് ലോകത്തുള്ള വലിയ വലിയ വികസിത രാഷ്ട്രങ്ങളിലെ ആസ്ഥാനമണ്ഡപത്തിൽനിന്നുകൊണ്ട് നീതി നടപ്പിലാക്കാനും ലോകത്തു ണ്ടായിക്കൊണ്ടിരിക്കുന്ന അസ്വസ്ഥതയേയും അസമാധാനത്തേയും തീവ്രവാദത്തേയും തടയുന്നതിനും തലയ്ക്കുമീതെ നൃത്തമാടിക്കൊണ്ടിരിക്കുന്ന മൂന്നാം ലോക മഹായുദ്ധത്തിൽനിന്നു രക്ഷപ്പെടുന്നതിനുവേണ്ടിയും ലോകരാഷ്ട്രങ്ങളുടെ നേതാക്കന്മാരെ ഉപദേശിച്ചുകൊണ്ടിരിക്കുകയാണ്.

അവസാനം അവയിൽനിന്നുള്ള രണ്ട് ഉദ്ധരണികൾ കേൾപ്പിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതാണ്. 2012 ജൂൺ 27ന് വാഷിംഗ്ടണിലെ കേപ്ടൺഹില്ലിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ സെനറ്റിലെ പ്രധാന മെമ്പർമാരോടും വൈറ്റ്ഹൗസിലെ സ്റ്റാഫുകളോടും സർക്കാരേതര സംഘടനകളുടെ പ്രതിനിധികളോടും പല രാഷ്ട്രങ്ങളുടെ അംബാസിഡർമാരോടും അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു:

'ഒന്നാം ലോകമഹായുദ്ധം അവസാനിച്ചപ്പോൾ, ചില രാഷ്ട്രങ്ങളുടെ നേതാക്കൾ, ഭാവിയിൽ നല്ലതും സമാധാനപൂർണവുമായ സാർവ്വദേശീയ ബന്ധം നിലനിൽക്കണമെന്ന് ആഗ്രഹം പ്രകടിപ്പിക്കുകയും ആഗോള സമാധാനത്തിന്റെ നിലനിൽപിന്റെ പരിശ്രമത്തിന്റെ ഭാഗമായി ലീഗ് ഓഫ് നേഷൺസ് നിലവിൽ വരികയും ചെയ്തു. ഇതിന്റെ അടിസ്ഥാന ലക്ഷ്യം ലോകത്ത് സമാധാനം സ്ഥാപിക്കുകയും ഭാവിയിൽ യുദ്ധം തടയുകയും ചെയ്യുക എന്നുള്ളതാണ്. എന്നാൽ, ഖേദകരമെന്ന് പറയട്ടെ അതിന്റെ അടിസ്ഥാന കാര്യത്തിലും അതിന്റെ പ്രമേയത്തിലും ചില പോരായ്മകളും കുറവുകളുമുണ്ടായിരുന്നു. ആയതിനാൽ അവർക്ക് എല്ലാ രാഷ്ട്രങ്ങളുടേയും അവകാശങ്ങൾ ശരിയായ രീതിയിൽ തുല്യതയോടുകൂടി സംരക്ഷിക്കാൻ കഴിഞ്ഞിട്ടില്ല. ഈ സമത്വരഹിതത്തിന്റെ ഫലമായി ദീർഘകാലത്തേക്കുള്ള സമാധാനം നിലനിറുത്താൻ സാധിച്ചിട്ടില്ല. ലീഗ് ഓഫ് നേഷൺസിന്റെ പരിശ്രമം പരാജയപ്പെട്ടു. അതിന്റെ നേരിട്ടുള്ള പരിണിതഫലമെന്ന നിലയിൽ രണ്ടാം ലോകമഹായുദ്ധം നടക്കുകയുണ്ടായി. അതിനുശേഷം തുല്യതയില്ലാത്ത നാശനഷ്ടങ്ങൾ ഉണ്ടായി. നാമെല്ലാം അതിനെ കുറിച്ച് അറിവുള്ളവരാണ്. അതിൽ ഏകദേശം 7 കോടി 50 ലക്ഷം ജനങ്ങളുടെ ജീവൻ നഷ്ടമായി. അതിൽ ഭൂരിപക്ഷമാളുകളും നിരപരാധികളായ പട്ടണവാസികളായിരുന്നു. ഈ യുദ്ധം ലോകരുടെ കണ്ണ് തുറക്കേണ്ടതായിരുന്നു. നീതിയുടെ അടിത്തറയിൽ എല്ലാ വിഭാഗക്കാരുടേയും അനുവദനീയമായ അവകാശങ്ങൾ ലഭിക്കുന്ന വിധത്തിലുള്ള പോളിസി ഉണ്ടാക്കേണ്ടതാണ്. അങ്ങനെ ഈ സംഘടന ആഗോള സമാധാനം നിലനിറുത്താനുള്ള ഒരു നിമിത്തമായി മാറിയേനെ. ആ കാലത്തുള്ള ഭരണകൂടങ്ങൾ ഒരു പരിധിവരെ സമാധാനം നിലനിറുത്താൻ ശ്രമിച്ചിരുന്നു. അങ്ങനെ ഐക്യരാഷ്ട്ര സഭയുടെ ഉന്നതവും അടിസ്ഥാനപരവുമായ ലക്ഷ്യം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്ന് വളരെ പെട്ടെന്നുതന്നെ വ്യക്തമായി. *(ആഗോള പ്രതിസ*

*ന്ധിയും സമാധാനത്തിലേക്കുള്ള പാതയും, പേജ് 74,75)*

അതേപ്രകാരം 2013 ജൂൺ 11ന് ലണ്ടനിലെ പാർലമെന്റ് ഹൗസിൽ ചെയ്ത പ്രഭാഷണത്തിൽ ഹുദൂർ ഇപ്രകാരം പറഞ്ഞു:

'ആഗോള സമാധാനം നിലനിറുത്തുന്നതിനുള്ള പരിശ്രമത്തിൽ എല്ലാവരും അന്യോന്യം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടതാണ്. അതേപ്രകാരം എല്ലാ മതങ്ങളേയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടത് കാലത്തിന്റെ ആവശ്യമാണ്. ഇല്ലെങ്കിൽ ഭയാനകമായ ഫലമുണ്ടാകാൻ സാധ്യതയുണ്ട്.

ലോകം ഇന്ന് ഗ്ലോബൽ വില്ലേജ് ആയിരിക്കുന്നു. ആയതിനാൽ അന്യോന്യമുള്ള ആദരവിന്റെ കുറവും സമാധാനവും നിലനിറുത്തുന്നതിനുവേണ്ടി അന്യോന്യമുള്ള ഐക്യമുണ്ടാകാത്തതിന്റെ പേരിൽ വെറും പ്രാദേശിക ആളുകൾക്കോ അല്ലെങ്കിൽ പട്ടണവാസികൾക്കോ അല്ലെങ്കിൽ ഏതെങ്കിലും രാഷ്ട്രത്തിനോ മാത്രമല്ല നഷ്ടം ഉണ്ടാവുക. മറിച്ച് ഇത് മുഴുലോകത്തിനുമുള്ള നഷ്ടത്തിന് കാരണമായിത്തീരും. നാമെല്ലാവരും കഴിഞ്ഞ രണ്ട് ലോകമഹായുദ്ധത്തിന്റെ കെടുതിളെക്കുറിച്ച് അറിവുള്ളവരാണ്. ചില രാഷ്ട്രങ്ങളുടെ പോളിസി കാരണം ഒരു ആഗോളയുദ്ധത്തിന്റെ ലക്ഷണങ്ങൾ പ്രകടമായിക്കൊണ്ടിരിക്കുകയാണ്. ആഗോളയുദ്ധം നടക്കുകയാണെങ്കിൽ പാശ്ചാത്യരാഷ്ട്രങ്ങളും ഇതിന്റെ ദീർഘകാലം നിലനിൽക്കുന്ന നാശത്തിന്റെ ഫലങ്ങൾകൊണ്ട് സ്വാധീനിക്കപ്പെടുന്നതാണ്. വരിക, നമുക്ക് ഈ നാശത്തിൽനിന്ന് രക്ഷപ്പെടാം. വരിക, നമ്മുടെ വരുംതലമുറയെ യുദ്ധത്തന്റെ നാശകാരിയായ ഫലങ്ങളിൽനിന്ന് സംരക്ഷിക്കാം. കാരണം ഈ നാശകാരിയായ യുദ്ധം അണുവായുധ യുദ്ധമായിരിക്കും. ലോകം ഏതൊരു ദിശയിലേക്കാണോ പൊയ്ക്കൊണ്ടിരിക്കുന്നത് അതിൽനിന്നു ഇത്തരത്തിലുള്ള ഒരു യുദ്ധം ഉണ്ടാവാനുള്ള ആശങ്കയുണ്ട്. ഈ ഭയാനകമായ നാശത്തിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി നീതിയും സത്യസന്ധതയും വിശ്വസ്തതയും നടപ്പിലാക്കേണ്ടതായി വരും. ശത്രുതയെ ഊതിവീർപ്പിച്ച് ആഗോളസമാധാനത്തിന് ഭംഗം വരുത്തുന്ന വിഭാഗത്തിനെ കൂട്ടായ്മയോടുകൂടി എതിർക്കേണ്ടതാണ്.

വൻശക്തികൾക്ക് ഇക്കാര്യത്തിൽ തങ്ങളുടെ ഉത്തരവാദിത്വം നീതിയോടും ശരിയായ രീതിയിലും നിറവേറ്റാനുള്ള തൗഫീഖ് അല്ലാഹു നൽകട്ടെയെന്നാണ് എന്റെ ആഗ്രഹവും ദുആയും. *(ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള മാർഗവും, പേജ് 129)*

وآخر دعوانا أن الحمد لله رب العالمين

......☆......☆......☆......

പേജ് 05 ൽ നിന്ന്

ധരണമായ അനന്തരാവകാശം പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു. നബി(സ)തിരുമേനി തന്നെ പറയുന്നു:

***ഉലമാഉ ഉമ്മത്തീ കഅമ്പിയാഉ ബനീ ഇസ്റാഈല***

അതായത് എന്റെ ഉമ്മത്തിലെ ആത്മീയ ഉലമാ (അവരിൽ ഓരോ നൂറ്റാണ്ടിലേയും മുജദ്ദിദുമാരും ഉൾപെടുന്നു)തങ്ങളുടെ മഹിമാവിലാസത്തിലും ആത്മീയമായ ശ്രേഷ്ഠതകളിലും ബനീ ഇസ്റാഈലിലെ നബിമാരെ പോലെയായരിക്കും. അതിനാൽ മുഹമ്മദിയ്യ ഉമ്മത്തിൽ കഴിഞ്ഞു കടന്നിട്ടുള്ള ആയിരക്കണക്കിന് ശ്രേഷ്ഠരായ ഔലിയാക്കളും അല്ലാഹുവിനെ ഭയപ്പെട്ടു ജീവിച്ച ആയിരക്കണക്കിന് ഉലമായും അവരവരുടെ കാലഘട്ടത്തിൽ ബാഹ്യമായ അറിവിനോടൊപ്പം ദൈവവചനം കൊണ്ടും വിഭൂഷിതരായിക്കൊണ്ടിരുന്നു. അവരെക്കൊണ്ട് ഇസ്‌ലാമിക ആകാശത്തിന്റെ ഓരോ മുക്കും മൂലയും വിതാനിക്കപ്പെട്ടിരിക്കുന്നതായി കാണാൻ കഴിയുന്നു. ഇതെല്ലാം ആ സ്വലാത്തിൽ പറയപ്പെട്ടിട്ടുള്ള അനുഗൃഹീത ദുആയുടെ കിരണങ്ങളാണ്.

എന്നാൽ, ഈ പൊതുവെയുള്ള ആത്മീയ അനന്തരാവകാശത്തിനു പുറമെ നബി(സ)തിരുമേനിയോടു അവിടത്തെ ഒരു സമ്പൂർണമായ പ്രതിരൂപത്തേയും പ്രതിബിംബത്തേയും കുറിച്ചും വാഗ്ദാനമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആഗമനത്തെ നബി(സ)തിരുമേനിയുടെ രണ്ടാമത്തെ ആഗമനമായി പറയപ്പെട്ടിരിക്കുന്നു. വ ആഖരീന മിൻഹും എന്ന് സൂറ ജുമുഅയിൽ(അതായത് അവസാന കാലത്ത് അല്ലാഹു മുഹമ്മദുറസൂലുല്ലായെ പ്രതിച്ഛായയുടെ രൂപത്തിൽ വീണ്ടും നിയോഗിക്കുന്നതായിരിക്കും) പറഞ്ഞിരിക്കുന്നതുപോലെ!നബി(സ)തിരുമേനി യുദ്ഫനു മയീ ഫീ ഖബ്‌രീ.......എന്ന (അതായത് വരാൻപോകുന്ന പരിഷ്കർത്താവ് തന്റെ വഫാത്തിനുശേഷം തന്റെ ആത്മീയമായ പദവിയുടെ അടിസ്ഥാനത്തിൽ എന്നോടൊപ്പംതന്നെ വെക്കപ്പെടുന്നതായിരിക്കും)വാക്കുകളിൽ ഇതിലേക്കാണ് സൂചന നല്കിയിട്ടുളളത്. ഈ വാഗ്ദാനവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ പൂർത്തിയായി. ചുരുക്കത്തിൽ ഏപ്രകാരം ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ ദുആയുടെ ഫലമായി നബി(സ)തിരുമേനി ജനിച്ചുവോ അതേപോലെ കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമിന്റെ ദുആയുടെ പൂർത്തീകരണത്തിന് നബി(സ)തിരുമേനി വീണ്ടും ലോകത്ത് വരേണ്ടതുണ്ടായിരുന്നു. ഇനി ഖിയാമത്തുന്നാൾവരെ അവിടത്തെ ഏതേതെല്ലാം നിഴലുകൾ ദൈവികമായ ആകാശത്ത് ഉദിച്ചുയർന്ന് സ്വലാത്തിന്റെ ദുആയെ പൂർത്തയാകേണ്ടതെന്ന് ആരറിഞ്ഞു? അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ വ ബാരിക് വസല്ലിം.

പറഞ്ഞതിന്റെ ചുരുക്കം സ്വലാത്തിൽ ഹദ്റത്ത് ഇബ്റാഹീമിന്റെ ഉദാഹരണം പറഞ്ഞതുകൊണ്ട് ഹദ്റത്ത് ഇബ്റാഹീമിന്റെ ഏതെങ്കിലും വ്യക്തിപരമായ ശ്രേഷ്ഠത സൂചിപ്പിക്കുകയല്ല ഉദ്ദേശ്യം. പ്രത്യുത ഹദ്റത്ത് ഇബ്റാഹീമിന്റെ ദുആയുടെ ഫലമായി നബി(സ)തിരുമേനി പ്രത്യക്ഷപ്പെട്ടു എന്നു പറയലാണ്. ചുരുക്കത്തിൽ എപ്രകാരം ഹദ്റത്ത് ഇബ്റാഹീമിന്റെ ദുആ മുഖേന അനുഗൃഹീതനായ നബി(സ)തിരുമേനി ജനിച്ചുവോ അതേ പ്രകാരം ഇനി അല്ലാഹുവേ!നബി(സ)തിരുമേനിയുടെ ഉമ്മത്തിൽ അവിടത്തെ ആത്മീയമായ നിഴലുകളുടെ പരമ്പരയും ഖിയാമത്തുന്നാൾവരേയും തുടർന്നാലും. ഈ മാർഗത്തിലൂടെ ഒരു പരിശുദ്ധമായ കാലഘട്ടം സ്ഥാപിതമാകണം. അത് നിന്റെ അവസാന പ്രകാശം മുഖേന ലോകത്ത് എപ്പോഴും പ്രകാശമാനമായി വെക്കണം! ഈ പോയന്റ് പരിഹരിച്ചതിനുശേഷം എന്റെ ആത്മാവ് കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമയുടെ വാക്കുകളിൽ നില്ക്കുകയും ഉടയ്ക്കുകയും ചെയ്യുന്നതിനുപകരം ഒരു പ്രത്യേക തരത്തിലുള്ള ആത്മീയമായ സന്തോഷവും ഒരു പ്രത്യേക തരത്തിലുള്ള ആത്മീയമായ രുചിയുടെ അവസ്ഥയിൽ തസ്ബീഹ് ചെയ്തുകൊണ്ട് മുന്നോട്ടു കടന്നുപോകുന്നു. ഈ മിന്നിത്തിളങ്ങുന്ന ദിവ്യമായ നക്ഷത്രങ്ങളേയും ഈ പ്രശോഭിക്കുന്ന പ്രതിബിംബപരമായ സൂര്യനേയും ചന്ദ്രനേയും കൊണ്ട് ഇന്ന് ഇസ്‌ലമിക ചക്രവാളം വിതാനിക്കപ്പെട്ടിരിക്കകയാണ്. അതു ഇതിനുമുമ്പേ ഒരിക്കലും ലഭ്യമായിരുന്നില്ല.

**അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമ വ ബാരിക് വസല്ലിം**

**അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമ വ ബാരിക് വസല്ലിം**

**അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമ വ ബാരിക് വസല്ലിം**

**വ ആഖിറു ദഅ്‌വാനാ അനിൽഹംദുലില്ലാഹി റബ്ബിൽആലമീൻ**

(മളാമീനെ ബശീർ വാള്യം 2, പേജ് 298, പ്രസിദ്ധീകരണം 2011)

പേജ് 04 ൽ നിന്ന്

*(റൂഹാനീ ഖസായിൻ വാള്യം 17, അർബയീൻ നമ്പർ 4, പേജ് 13)*

**ഉന്നതനിലയിലുളള പരിശുദ്ധവും യുക്തിനിർഭരവുമായ അധ്യാപനം നല്കുന്ന പ്രവാചകൻ**

സകല ദീനിലുംവച്ച് ഇസ്‌ലാം ദീൻതന്നെയാണ് സത്യമെന്ന് എന്നോടു പറയപ്പെട്ടിരിക്കുന്നു. എല്ലാ സന്മാർഗങ്ങളിലുംവച്ച് ഖുർആനികമയ സന്മാർഗം മാത്രമാണ് സത്യതയുടെ സമ്പൂർണമായ നിലയിലും മനുഷ്യകൈകടത്തലുകളിൽനിന്ന് പരിശുദ്ധവുമെന്ന് എനിക്ക് മനസ്സിലാക്കപ്പെട്ടിരിക്കുന്നു. എല്ലാ റസൂൽമാരിലുംവച്ച് ഏറ്റവും പരിപൂർണവും ഏറ്റവും പരിശുദ്ധവും ജ്ഞാനനിർഭരവുമായ ഉപദേശങ്ങൾ നല്കിയ പ്രവാചകനും അത്യുൽകൃഷ്ടമായ മാനുഷികഗുണങ്ങൾ വെളിപ്പെടുത്തിയ പ്രവാചകനും നമ്മുടെ നബിനായകർ(സ)തിരുമേനിയാണെന്ന് എനിക്കു മനസ്സിലാക്കിത്തന്നിരിക്കുന്നു. (റൂഹാനീ ഖസാഇൻ വാള്യം 17, അർബയീൻ ഭാഗം 1, പേജ് 7 - 8)

അല്ലാഹു താൻ ആരെയെങ്കിലും സ്നേഹിക്കണമെങ്കിൽ അത്തരം വ്യക്തി നബി(സ)തിരുമേനിയെ പിന്തുടരണമെന്ന നിബന്ധന വെച്ചിരിക്കുന്നു. എന്റെ വ്യക്തിപരമായ അനുഭവമാണ് നബി(സ)തിരുമേനിയെ സത്യഹൃദയത്തോടെ പിൻപറ്റുകയും ആ മഹാത്മാവിനെ സ്നേഹിക്കുകയും ചെയ്യുക എന്നത് അവസാനം മനുഷ്യനെ അല്ലാഹുവിന് പ്രിയപ്പെട്ടവനാക്കിത്തീർക്കുന്നു. ഇപ്രകാരം സ്വയമേവ അവന്റെ മനസ്സിൽ ദൈവസ്നേഹത്തിന്റെ ഒരു ജ്വലനമുണ്ടാക്കുന്നു. അപ്പോൾ അത്തരം വ്യക്തി എല്ലാ വസ്തുക്കളിൽനിന്നും വിരക്തനായി അല്ലാഹുവിലേക്ക് കുനിയുന്നു. അവന്റെ സ്നേഹവും അഭിരുചിയും അല്ലാഹുവിനുവേണ്ടി മാത്രം അവശേഷിക്കുന്നു. അപ്പോൾ ദൈവസ്നേഹത്തിന്റെ ഒരു പ്രത്യേക ജ്യോതിസ്സ് അവന്റെമേൽ പതിയുന്നു. അവന് ഒരു പരിപൂർണമായ അനുരക്തിയുടേയും സ്നേഹത്തിന്റേയും വർണം നല്കി ശക്തമായ ആവേശത്തോടുകൂടി തന്നിലേക്ക് വലിച്ചടുപ്പിക്കുന്നു. അപ്പോൾ ശാരീരകേച്ഛയുടെമേൽ അവൻ വിജയിക്കുന്നു. അവനെ സഹായിച്ചും പിന്തുണച്ചുംകൊണ്ട് എല്ലാ വശത്തുടേയും അല്ലാഹുവിന്റെ ദിവ്യാത്ഭുതപ്രവൃത്തികൾ ദൃഷ്ടാന്തങ്ങളുടെ വർണത്തിൽ പ്രകടമാകുന്നു."(റൂഹാനീഖസാഇൻ വാള്യം 22, ഹഖീഖത്തുൽ വഹ്‌യ്, പേജ് 66)

## ധനത്യാഗത്തിന്റെ പ്രാധാന്യം

# നബി(സ)തിരുമേനിയുടേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും പുണ്യചരിതത്തിന്റെ വെളിച്ചത്തിൽ

2021 ഖാദിയാൻ ജൽസസാലാനയിൽ ചെയ്ത പ്രസംഗം

**റഫീഖ് അഹ്മദ് ബേഗ്,**
നാളിർ ബയ്ത്തുൽമാൽ ആമദ്, സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ, ഖാദിയാൻ

**വിവർത്തനം: മൗലവി മുഹമ്മദു മൻസിൽ**

ബഹുമാന്യ യോഗാധ്യക്ഷൻ ആദരണീയരായ ശ്രോതാക്കളെ! അസ്സലാമു അലൈക്കും വ.വ. ധനത്യാഗത്തിന്റെ പ്രാധാന്യം നബി(സ)യുടെയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും സഹാബാക്കളുടേയും ചരിത്രത്തിന്റെ വെളിച്ചത്തിൽ എന്നതാണ് എന്റെ പ്രസംഗ വിഷയം.

അല്ലാഹുതആല വിശുദ്ധഖുർആനിൽ ധനത്യാഗത്തിന്റെ പ്രാധാന്യത്തേയും അനുഗ്രഹങ്ങളേയും സംബന്ധിച്ച് പറയുന്നു: **മഥലുല്ലദീന യുൻഫിഖൂന അംവാലഹും ഫീ സബീലില്ലാഹി കമഥലി ഹബ്ബത്തിൻ അൻബതത്ത് സബ്അ സനാബില ഫീ കുല്ലി സുൻബുലത്തിൻ മ്മിഅത്തു ഹബ്ബത്തിൻ വല്ലാഹു യുളായിഫു ലിമൻയ്യശാഉ വല്ലാഹു വാസിഉൻ അലീമുൻ** (2:262)

അർത്ഥം: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം ചെലവാക്കുന്നവരുടെ ഉപമ ഒരു ധാന്യമണിയുടേതു പോലെയാകുന്നു. അത് ഏഴു കതിരുകളെ ഉദ്പാദിപ്പിച്ചു. ഓരോ കതിരിലും നൂറു മണി വീതമുണ്ട്. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ (ഇതിനെക്കാൾ) ഇരട്ടിയായി നൽകുന്നതാണ്. അല്ലാഹു ഔദാര്യവാനും സർവ്വജ്ഞനുമാകുന്നു.

**വ മഥലുല്ലദീന യുൻഫിഖൂന അംവാലഹു മുബ്തിഗാഅ മറളാത്തില്ലാഹി വ തഥ്ബീത്തൻ മ്മിൻ അൻഫുസിഹിം കമഥലി ജന്നത്തിൻ ബിറബ്വത്തിൻ അസ്വാബഹാ വാബിലുൻ ഫ ആത്തത്ത് ഉകുലഹാ ളിഅ്ഫയ്നി ഫ ഇൻല്ലം യുസ്വിബ്ഹാ വാബിലുൻ ഫത്വല്ലുൻ വല്ലാഹു ബിമാ തഅ്മലൂന ബസ്വീറുൻ(2:266)**

അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചും തങ്ങളുടെ ആത്മാക്കളെ ദൃഢപ്പെടുത്തിയുംകൊണ്ട് തങ്ങളുടെ ധനം ചെലവ് ചെയ്യുന്നവരുടെ നില പീഠഭൂമിയിലുള്ള ഒരു തോട്ടത്തിന്റേതു പോലെയാണ്. അതിന് കനത്ത മഴ കിട്ടി. അങ്ങനെ അത് അതിന്റെ ഫലം ഇരട്ടിയായി നൽകി. ഇനി അതിന് സമൃദ്ധമായ മഴ ലഭിച്ചില്ലെങ്കിൽ(തന്നെയും) ലഘുവായ മഴയായാലും (അതിന് മതിയാകും). അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നത് നല്ലപോലെ കണ്ടുകൊണ്ടിരിക്കുന്നവനാണ്.

ഈ രണ്ടു ഖുർആനിക വചനങ്ങളിലും തന്റെ മാർഗത്തിൽ ധനം ചെലവ് ചെയ്യുന്നവൻ, അതിന്റെ ഫലമായി ഒരിക്കലും പാഴായിപ്പോകുകയോ നഷ്ടം സഹിക്കുകയോ ചെയ്യുന്നതല്ലെന്ന് അല്ലാഹു വളരെ വ്യക്തമായും പറയുന്നു. പ്രത്യുത അയാളുടെ ധനത്തിൽ അസാധാരണമായ അനുഗ്രഹങ്ങൾ നൽകപ്പെടുന്നതാണ്. ഏതുപോലെയെന്നാൽ, ഒരു ധാന്യം ഭൂമിയിൽ വിതയ്ക്കപ്പെടുമ്പോൾ അതിന്റെ ഫലമായി അതിന് ഏഴ് കതിരുകൾ ഉൽപാദിപ്പിക്കുകയും ഓരോ കതിരിലും നൂറ് വീതം ധാന്യങ്ങൾ ഉണ്ടാവുകയും ഏഴ് കതിരുകളിലായി 700 ധാന്യങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു; എന്നല്ല അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ അതിനെക്കാൾ കൂടുതൽ ഉൽപാദിപ്പിക്കപ്പെടുന്നതാണ്. ഒരു ധാന്യത്തിൽനിന്ന് എത്രയോ നൂറ് ധാന്യങ്ങൾ ഉൽപാദിപ്പിക്കപ്പെടാവുന്നതാണെന്ന് ആധുനിക ശാസ്ത്രം മുഖേന സ്ഥാപിതമായിട്ടുള്ളതാണ്.

ആയതിനാൽ നിങ്ങൾ അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ട് ഏതെങ്കിലും സൽപ്രവൃത്തിയിൽ ധനം ചെലവഴിക്കുമ്പോൾ നിങ്ങളുടെ ധനം കുറയുകയില്ല. ഒരിക്കലും തോട്ടം നഷ്ടപ്പെടുകയുമില്ല. കച്ചവടം പാഴാവുകയോ നഷ്ടം സംഭവിക്കുകയോ ഇല്ല. മറിച്ച് ഓരോ പ്രവൃത്തിയിലും അസാധാരണമായ അനുഗ്രഹങ്ങൾ കരഗതമാവുന്നതാണെന്ന് അല്ലാഹു ഉറപ്പ് നൽകുന്നു.

**ഖുദാ സെ വഹീ ലോഗ് കർത്തെ ഹൈ പിയാർ**
**ജോ സബ് കുച്ച് ഹി കർത്തെ ഹൈ ഉസ് പെ നിഥാർ**
**ഇസീ ഫിക്ർ മെ രഹ്ത്തെ ഹൈ റോസ് വ ശബ്**
**കെ റാളി വൊ ദിൽദാർ ഹോത്താ ഹെ കബ്**
**ഉസെ ദേ ചുക്കേ മൽ വ ജാൻ ബാർ ബാർ**
**അഭീ ഖൗഫ് ദിൽ മെ കെ ഹൈ നാ ബുകാർ**

സർവ്വസ്വവും ദൈവത്തിൽ സമർപ്പിക്കുന്നവരാണ് ദൈവത്തെ സ്നേഹിക്കുന്നവർ. ആ പ്രിയപ്പെട്ടവൻ എപ്പോഴാണ് തന്നെ തൃപ്തിപ്പെടുക എന്ന ഒരേ ചിന്തയിലായിരിക്കും രാവും പകലു അവരുണ്ടാകുക. ധനവും ജീവനും വീണ്ടും വീണ്ടും അവന് നൽകികഴിഞ്ഞിരിക്കുന്നു. അത് അപര്യാപ്തമാണോ എന്ന ഭയമാണ് ഇപ്പോഴും ഹൃദയത്തിൽ.

സമാദരണീയരായ ശ്രോതാക്കളേ! ഈ രണ്ട് ആയത്തുകളിൽ വിവരിക്കപ്പെട്ട പ്രകാരം ധനത്യാഗത്തിന്റെ അനുഗ്രഹങ്ങൾ മനസ്സിലാക്കിക്കൊണ്ട് ആ അനുഗ്രഹങ്ങളിൽനിന്നു ആദ്യകാല വിശ്വാസികൾ പ്രയോജനമെടുക്കുകയുണ്ടായി. നബി(സ) തിരുമേനിയുടെ അനുചരവൃന്ദം തങ്ങളുടെ അതുല്യമായ ത്യാഗങ്ങളും സ്നേഹാവേശവും മുഖേന അല്ലാഹുവിലും റസൂലിലും അനുരക്തിയുടെ സ്ഥാനം കരസ്ഥമാക്കിക്കൊണ്ട് ലോകം നിലനിൽക്കുന്ന കാലംവരേക്കും ഒരു അതുല്യമായ മാതൃക സ്ഥാപിക്കുകയും യഥാർഥത്തിൽ നബി(സ)യുടെ കാലഘട്ടം ലോകചരിത്രത്തിലെ സുവർണ്ണ കാലഘട്ടമായിരുന്നുവെന്ന് അവർ തങ്ങളുടെ കർമങ്ങൾകൊണ്ട് സ്ഥാപിക്കുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ ഈ സ്വഹാബിമാർ ദൈവത്തിന്റെ വിളിയായ **യാ അയ്യുഹല്ലദീന ആമനൂ കൂനൂ അൻസ്വാറല്ലാഹി** വിശ്വസിച്ചവരേ! നിങ്ങൾ അല്ലാഹുവിന്റെ ദീനിന്റെ സഹായികളായിതീരുക! എന്ന വിളി കേട്ടതും, തങ്ങൾ അല്ലാഹുവിന്റെ ദീനിന്റെ സഹായികളാവുന്നുവെന്ന് പറഞ്ഞുകൊണ്ട് അവിടത്തെ തൃപ്പാദങ്ങളിൽ തങ്ങളുടെ ജീവൻ സമർപ്പിച്ചവരായിരുന്നു. ധനത്യാഗം ചെയ്യാൻ ആവശ്യപ്പെടുമ്പോൾ സ്വഹാബത്ത് തങ്ങളുടെ വീടുകളിലേക്ക് ഓടുകയും വീടുകളിൽനിന്നു ലഭ്യമായതുമായി വരികയും തിരുസന്നിധിയിൽ സമർപ്പിക്കുകയും ചെയ്യുമായിരുന്നു. നന്മയിൽ അഹമഹമികയാ അവർ മുന്നേറിക്കൊണ്ടിരുന്നു. ഒരിക്കൽ ഹദ്റത്ത് അബൂബക്റും(റ) ഹദ്റത്ത് ഉമറും(റ) വീട്ടിൽ നിന്നും സമ്പത്തുമായി വന്നപ്പോൾ നബി(സ)തിരുമേനി ചോദിച്ചു, 'ഉമറേ! താങ്കളെന്താണ് കൊണ്ടുവന്നിട്ടുള്ളത്? അദ്ദേഹം പ്രതിവചിച്ചു. യാ റസൂലല്ലാഹ്! ഞാൻ സമ്പത്തിന്റെ പകുതി കൊണ്ടുവന്നിരിക്കുന്നു. ഇതുപോലെ ഹദ്റത്ത് അബൂബക്റിനോടും(റ) ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം മറുപടി നല്കി: 'യാ റസൂലല്ലാഹ്! ഞാനെന്റെ മുഴുവൻ സമ്പത്തും കൊണ്ടുവന്നിരിക്കുന്നു. വീട്ടിൽ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും സ്മരണ വിട്ടുംവെച്ചാണ് വന്നിട്ടുളളത്!

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദിന്റെ പക്കൽ വളരെ കുറച്ചു സമ്പത്ത് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അങ്ങേയറ്റത്തെ പ്രയാസത്തിലായിരുന്നു അദ്ദേഹം മക്കളെ പോറ്റിയിരുന്നത്. എന്നാൽ, ഇസ്ലാമിന് ധനം ആവശ്യമായി വന്ന ഒരു ഘട്ടം വന്നു. അത് പൂർത്തിയാക്കാൻ ചന്ദ നൽകാൻ ആഹ്വാനം ചെയ്യപ്പെട്ടു. ഹദ്റത്ത് അബ്ദുല്ലായുടെ പക്കൽ സമ്പത്ത് കുറവായിരുന്നെങ്കിലും ഹൃദയത്തിൽ ഈമാനിന്റെ ചൂട് ഉണ്ടായിരുന്നു. അതിൽ നിർബന്ധിതനായി തന്റെ പക്കലുണ്ടായിരുന്ന സകലതും ദൈവമാർഗ്ഗത്തിൽ നൽകി. അദ്ദേഹത്തിന്റെ പിതാവ് നബി(സ)തിരുമേനിയുടെ അടുത്തുവന്ന് അദ്ദേഹത്തെ സംബന്ധിച്ച് പരാതിപ്പെട്ടപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തെ വിളിച്ച് പറഞ്ഞു: 'അല്ലാഹു നിന്റെ സ്വദഖ സ്വീകരിച്ചിരിക്കുന്നു. എന്നാൽ, നിന്റെ പിതാവിന്റെ അനന്തരാവകാശ സ്വത്തായിക്കൊണ്ട് താങ്കൾക്ക് അത് തിരിച്ചു നൽകുന്നു. താങ്കൾ അത് സ്വീകരിക്കുക.'

ഹദ്റത്ത് ത്വൽഹ(റ)പതിനേഴ് പതിനെട്ട് വയസ്സ് പ്രായത്തിൽ ഇസ്ലാം സ്വീകരിച്ചിരുന്നു. ബദ്ർ യുദ്ധത്തിൽ നല്ലപോലെ, ജീവാർപ്പണത്തോടെ നബി(സ)തിരുമേനിക്കുവേണ്ടി ഉറച്ചുനിന്നു. എന്നാൽ, അദ്ദേഹം ധനത്യാഗത്തിന്റെ കാര്യത്തിലും ആരുടേയും പിന്നിലായിരുന്നില്ല. യുദ്ധ ചെലവുകൾക്കായി തന്റെ ധനം സമർപ്പിക്കുന്നതാണെന്ന് പ്രതിജ്ഞയെടുത്തിട്ടുണ്ടായിരുന്നു. അതുകൊണ്ട് ഈ പ്രതിജ്ഞയെ സ്ഥിരചിത്തതയോടെ പൂർത്തീകരിച്ചു. തബൂക്ക് യുദ്ധസമയത്ത് മുസ്ലിമീങ്ങൾ പൊതുവെ പ്രയാസത്തിലായിരുന്നു. യുദ്ധസാമഗ്രികൾ സംഘടിപ്പിക്കുന്നതിൽ കഠിനമായ പ്രയാസം നേരിടേണ്ടിവന്നു. അദ്ദേഹം ഒരു വലിയ സംഖ്യ സമർപ്പിച്ചു. അപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തിന് 'ഫയ്യാള്' (ഉദാരഗുണമുളളവൻ) എന്ന സ്ഥാനപ്പേര് നൽകുകയുണ്ടായി.

ഖുർആനിക വചനം **മിനൽമുഅ്മിനീന രിജാലുൻ സ്വദഖൂ മാ ആഹദുല്ലാഹ അലയ്ഹി ഫമിൻഹും മൻഖളാ നഹ്ബഹൂ വ മിൻഹും മ്മയ്യൻതളിറു(33:24)** അല്ലാഹുവുമായിച്ചെയ്ത കരാർ പാലിച്ച ചിലയാളുകൾ ആ സത്യവിശ്വാസികളിലുണ്ട്. അങ്ങനെ (ജീവനർപിച്ച്) അവരിൽ ചിലർ തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കിയിരിക്കുന്നു. അവരിൽ (മറ്റു)ചിലർ അതിനായി അവസരം പാർത്തിരിക്കുകയുമാണ്. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'ത്വൽഹാ! താങ്കളും അക്കൂട്ടരിൽപ്പെട്ടയാ

ളാണ്. **ലൻതനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുബിബ്ബൂന(3:93)** നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ പരിപൂർണ നന്മ പ്രാപിക്കുകയില്ല എന്ന വചനം ഇറങ്ങിയപ്പോൾ അനുസരണയോഗ്യമായ മാതൃക സമർപ്പിച്ചുകൊണ്ട് 'ബയറുഹാ'യുടെ തോട്ടം അദ്ദേഹം നബി(സ)തിരുമേനിയുടെ തിരുസന്നിധിയിൽ സമർപ്പിക്കുകയുണ്ടായി.

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) യുവത്വത്തിൽ ഇസ്‌ലാം സ്വീകരിച്ചു. അദ്ദേഹം വലിയ കച്ചവടക്കാരനും വലിയ സമ്പന്നനുമായിരുന്നു. എന്നാൽ, അദ്ദേഹത്തിന് സമ്പത്തിനോട് ഒട്ടും സ്നേഹമുണ്ടായിരുന്നില്ല. മറിച്ച് ദൈവമാർഗ്ഗത്തിൽ അത് ചിലവഴിക്കുന്നതിൽ സന്തോഷം അനുഭവിച്ചിരുന്നു. ഒരിക്കൽ മദീനയിൽ കച്ചവടസംഘം എത്തിയപ്പോൾ അതിൽ 700 ഒട്ടകങ്ങളുടെമേൽ ഗോതമ്പ്, ആട്ട മറ്റു ഭക്ഷണ സാധനങ്ങളുടെ ഭണ്ഡങ്ങളുണ്ടായിരുന്നു. ഇതൊരു അസാധാരണമായ കാര്യമായിരുന്നു. മദീനയിൽ അത് സംബന്ധിച്ച് ചർച്ച നടന്നുകൊണ്ടിരുന്നു. ഹദ്റത്ത് ആഇശാ(റ) പറഞ്ഞു: നബി(സ) പറയുമായിരുന്നു അബ്ദുർറഹ്മാൻ സ്വർഗ്ഗത്തിൽ ഇഴഞ്ഞുകൊണ്ട് പ്രവേശിക്കും. ഈ കാര്യം ഹദ്റത്ത് അബ്ദുർറഹ്മാന്റെ അടുത്തും എത്തിയപ്പോൾ ഹദ്റത്ത് ആഇശാ(റ)യുടെ സമക്ഷത്തിൽ ഹാജരായിക്കൊണ്ട് പറഞ്ഞു: അങ്ങ് സാക്ഷ്യം വഹിക്കുക ഞാൻ ഈ മുഴുവൻ സംഘവും അതിലുള്ള സകല സാമഗ്രികളോടുംകൂടി ഏതുവരെയെന്നാൽ ഒട്ടക കുട്ടികളടക്കം ദൈവമാർഗ്ഗത്തിൽ സമർപ്പിച്ചിരിക്കുന്നു.

വഫാത്തിന്റെ സമയത്തും അവിടന്ന് അമ്പതിനായിരം ദീനാറും ആയിരം കുതിരകളും ദൈവമാർഗ്ഗത്തിൽ വഖ്ഫു ചെയ്തു. വസിയത്ത് ചെയ്തു. കൂടാതെ ബദ്‌രി സ്വഹാബിമാരിൽ അന്ന് ആയുസ്സോടെയിരുന്നവർക്ക് ഓരോരുത്തർക്കും നാന്നൂറ് ദീനാർ വീതം നൽകാൻ വസിയ്യത്ത് ചെയ്തു. ആ സമയംവരെയ്ക്കും നൂറോളം ബദ്‌രീ സ്വഹാബിമാർ ജീവിച്ചിരിപ്പുണ്ടായിരുന്നു എന്നാണ് പറയപ്പെടുന്നത്. എല്ലാവരും ആ വസിയ്യത്തിൽനിന്നു പ്രയോജനമെടുത്തു. ഏതുവരെയെന്നാൽ ഹദ്റത്ത് ഉഥ്മാനും(റ) തന്റെ ഭാഗം സ്വീകരിക്കുകയുണ്ടായി.

ഹദ്റത്ത് ഉഥ്മാൻ(റ) 34-ാമത്തെ വയസ്സിൽ ഇസ്‌ലാം സ്വീകരിച്ചു. അദ്ദേഹം വലിയ സമ്പന്നനായിരുന്നു. മുസ്‌ലിമീങ്ങൾ മക്കയിൽനിന്നും ഹിജ്റത്ത് ചെയ്ത് മദീനയിൽ വന്നപ്പോൾ വെള്ളത്തിന് വലിയ പ്രയാസമായിരുന്നു. ഒരു കിണറുണ്ടായിരുന്നു. അതിലെ വെള്ളം വളരെ രുചിയുള്ളതായിരുന്നു. എന്നാൽ, അത് ഒരു യഹൂദിയുടെ ഉടമസ്ഥതയിലുള്ളതായിരുന്നു. അവർ അതിലെ വെള്ളം വില്ക്കുമായിരുന്നു. വിലകൊടുത്ത് വെള്ളം കുടിക്കാൻ മാത്രം നല്ല സാമ്പത്തികാവസ്ഥയായിരുന്നില്ല സ്വഹാബിമാരുടേത്. അതുകൊണ്ട് ഹദ്റത്ത് ഉഥ്മാൻ(റ) ആ യഹൂദിയ്ക്ക് 20,000 ദിർഹംകൊടുത്ത് ആ കിണർ വാങ്ങി വഖ്ഫ് ചെയ്തു.

നബി(സ)തിരുമേനി തബൂക് യുദ്ധത്തിന് തയ്യാറെടുക്കുമ്പോൾ സാമ്പത്തിക പ്രതിസന്ധി ശക്തമായിരുന്നു. യുദ്ധസാമഗ്രികൾ തയ്യാറാക്കൽ വളരെ പ്രയാസകരമായിരുന്നു. അവിടന്ന് സ്വഹാബത്തിന് സാമ്പത്തികസഹായം ചെയ്യാൻ ആഹ്വാനം ചെയ്തപ്പോൾ ഹദ്റത്ത് ഉഥ്മാൻ(റ) പതിനായിരം മുജാഹിദീങ്ങളെ തന്റെ ചെലവിൽ തയ്യാറാക്കുകയും അവർക്കായി നിസ്സാര വസ്തുക്കൾപോലും തന്റെ ചെലവിൽ വാങ്ങുകയുമുണ്ടായി. കൂടാതെ ആയിരം ഒട്ടകങ്ങൾക്കും എഴുപത് കുതിരകൾക്കും ഭക്ഷണസാധനങ്ങൾക്കായി ആയിരം ദീനാർ റൊക്കമായും സമർപ്പിക്കുകയുണ്ടായി.

ബഹുമാന്യരേ! നബി(സ)തിരുമേനിയുടെ സഹാബിമാരോടൊപ്പം വനിതസ്വഹാബിമാരും ധനത്യാഗത്തിൽ ഒരു കുറവും വരുത്തിയിട്ടില്ല. അവർ അവരുടെ കരളിന്റെ കഷണങ്ങളെ ഇസ്‌ലാമിന്റെ ഔന്നത്യത്തിനായി സമർപ്പിച്ചപ്പോൾ തങ്ങളുടെ പ്രിയപ്പെട്ട വസ്തുക്കൾ അതായത് ധനവും ആഭരണങ്ങളും ഒരു കുറവുമില്ലാതെ ദൈവമാർഗ്ഗത്തിൽ ചെലവഴിച്ചു. ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ സൗദ(റ)യെ സംബന്ധിച്ച് നബി(സ)തിരുമേനി പറയുകയാണ്, 'കൈനീളമുള്ളവളാണിരിക്കും' ആദ്യം സ്വർഗ്ഗത്തിൽ എന്നെ കണ്ടുമുട്ടുന്നത്. അതായത് ദൈവമാർഗ്ഗത്തിൽ ഏറ്റവും കൂടുതൽ ചെലവ് ചെയ്യുന്നവൾ. ദൈവമാർഗ്ഗത്തിൽ ചെലവ് ചെയ്യുന്നതിന്റെ ഫലമായി ദൈവത്തിന്റെയും അവന്റെ റസൂലിന്റെയും സാമീപ്യം കരസ്ഥമാവുന്നതിന് കാരണമാവും എന്നാണ് ഇതിൽനിന്നും മനസ്സിലാകുന്നത്.

ബഹുമാന്യ ശ്രോതാക്കളേ ജീവാർപ്പണ സന്നദ്ധരായ സ്വഹാബാക്കളിലും നബി(സ)തിരുമേനിയെ പിൻപറ്റിയവരിലും ഏതുവരെ ഈ അർപ്പണബോധം നിലനിന്നുവോ അതുവരെ അല്ലാഹുവിന്റെ സഹായം അവർക്ക് ലഭിച്ചുകൊണ്ടിരുന്നു. അവിടത്തെ ആവിർഭാവത്തിന് മുന്നൂറ് വർഷങ്ങൾക്കുശേഷം ഒരു അന്ധകാരത്തിന്റെ കാലഘട്ടം ആരംഭിച്ചു. ആ അന്ധകാരം ആയിരം വർഷത്തെ കാലയളവിൽ അതിന്റെ പാരമ്യതയിലെത്തി. നബി(സ)തിരുമേനിയുടെ അരുളപ്പാടനുസരിച്ച് ഇസ്‌ലാമിന്റെ നാമം മാത്രം ബാക്കിയായി. അർപ്പണത്തിന്റെ ആത്മാവ് അപ്രത്യക്ഷമായിപ്പോയി. യഥാർഥ ഈമാൻ കാർത്തികനക്ഷത്രംവരെ ഉയർന്നുപോയി. അപ്പോൾ ദൈവത്തിന്റെ കാരുണ്യം ആവേശംകൊണ്ടു. വിശുദ്ധഖുർആനിൽ മുഹമ്മദ് എന്ന അധ്യായത്തിൽ വിവരിക്കപ്പെട്ട ഈ പ്രവചനം **വ ഇൻ തത്തവല്ലൗ യസ്ത്തബ്ദിൽ ഖൗമൻ ഗയ്റക്കും ഥുമ്മ ലാ യകൂനൂ അംഥാലക്കും** അതായത് 'അല്ലയോ മുസ്‌ലിമീങ്ങളേ! നിങ്ങൾ ഇസ്‌ലാമിന്റെ നിലനിൽപിനായുള്ള ത്യാഗത്തിൽനിന്നു പിന്തിരിഞ്ഞാൽ ദൈവം നിങ്ങൾക്കു പകരം മറ്റൊരു സമുദായത്തെ കൊണ്ടുവരുന്നതാണ്. അവർ നിങ്ങളെപോലെ ത്യാഗത്തിൽനിന്നു മുഖം തിരിക്കുന്നവരായിരിക്കുകയില്ല' എന്ന ഈ വ്യക്തമായ പ്രവചനമനുസരിച്ച് അല്ലാഹു പതിനാലാം നൂറ്റാണ്ടിന്റെ തലയ്ക്കൽ ഇസ്‌ലാമിന്റെ ആഗോളവിജയത്തിന് വിധിക്കപ്പെട്ട മുഹമ്മദീ മസീഹിനേയും മഹ്ദിയേയും (അലയ്ഹിസ്സലാം) ലോകത്ത് അയക്കുകയുണ്ടായി. ലോകത്ത് നാനാഭാഗത്തും വഴികേടിന്റേയും മാർഗ്ഗഭ്രംശത്തിന്റേയും ആധിപത്യമായിരുന്നു. മിഥ്യാശക്തികൾ ഇസ്‌ലാമിനെ ദുർബലമാക്കുന്നതിനായുള്ള എല്ലാത്തരം പരിശ്രമത്തിലുമായിരുന്നു. ലക്ഷക്കണക്കിന് മുസ്‌ലിമീങ്ങൾ ക്രിസ്ത്യാനികളുടെയും മറ്റു മതക്കാരുടെയും കുരുക്കിൽ അകപ്പെട്ടുകിടക്കുകയായിരുന്നു. മുഴുലോകത്തേയും മുഹമ്മദ് റസൂലുല്ലാഹ്(സ)യുടെ പ്രകാശംകൊണ്ട് പ്രഭാപൂരിതമാക്കാൻ വന്ന ഇസ്‌ലാമിന്റെ പ്രകാശത്തെ അണയ്ക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയായിരുന്നു. അത്തരം ദുർബലമായ ഘട്ടത്തിൽ ഖാദിയാനിലെ ആരാലും അറിയപ്പെടാത്ത കുഗ്രാമത്തിൽ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലായുടെ(സ) സത്യസന്ധനായ പ്രേമിയും അവിടത്തെമേൽ ഏറ്റവും കൂടുതൽ സ്വലാത്ത് ചൊല്ലുന്നയാളുമായ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദിന്റേയും മഹ്ദിയെ മഅ്ഹൂദിന്റേയും(അ) ആവിർഭാവമുണ്ടായി. അല്ലാഹു അദ്ദേഹത്തിന് സുവാർത്ത നൽകി, 'നിന്റെ നാമത്തെ ആദരവോടുകൂടി ലോകത്ത് വ്യാപിപ്പിക്കുന്നതാണ്. ഏതുവരെയെന്നാൽ രാജാക്കന്മാർ നിന്റെ വസ്ത്രത്തിൽനിന്നു അനുഗ്രഹം തേടുന്നതാണ്.' കൂടാതെ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി അല്ലാഹു ഇപ്രകാരം സുവാർത്ത നൽകി, 'ഞാൻ നിനക്ക് ജീവാർപ്പണം ചെയ്യുന്നവരും അർപ്പണമനോഭാവമുള്ളവരുമായവരുടെ ഒരു പരിശുദ്ധ ജമാഅത്ത് നൽകുന്നതാണ്.' പിന്നീട് അല്ലാഹു ഇപ്രകാരം സുവാർത്ത നൽകി, 'നാം ഹൃദയങ്ങളിൽ വെളിപാട് ഇറക്കിയ ആളുകൾ നിന്നെ സഹായിക്കുന്നതാണ്.'

മുബാറക് വൊ ജൊ അബ് ഈമാൻ ലായാ
സ്വഹാബാ സെ മിലാ ജബ് മുഝ്കൊ പായാ

ഇപ്പോൾ വിശ്വാസംകൈക്കൊണ്ടവർ അനുഗൃഹീതരാണ്. അവരെന്നെ പ്രാപിച്ചപ്പോൾ സ്വഹാബത്തുമായി കൂടിച്ചേർന്നു.

സിദ്ദീഖി ആത്മീയചൈതന്യമുൾക്കൊള്ളുന്ന ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ(റ) ഏറ്റവുമാദ്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിക്കുകയും തന്റെ അതുല്യമായ ആത്മാർഥതയുടേയും അർപ്പണത്തിന്റേയും ഫലമായി ഖലീഫത്തുൽ മസീഹ് ഒന്നാമൻ ആകുകയും ചെയ്തു. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തിരുസന്നിധിയിൽ എഴുതുന്നു:

'ഞാൻ അങ്ങയുടെ മാർഗ്ഗത്തിൽ സർവാർപ്പണം ചെയ്തുകൊള്ളുന്നു. എനിക്കുള്ളതെന്തോ അതൊന്നും എന്റേതല്ല; അങ്ങയ്ക്കുള്ളതാകുന്നു. എന്റെ പീറും മുർശിദുമായുള്ളോവേ!ഞാൻ തികഞ്ഞ സത്യസന്ധതയോടുകൂടി ഇതാ ബോധിപ്പിച്ചുകൊള്ളട്ടെ! എന്റെ സകല സ്വത്തും സമ്പത്തും ദീനിന്റെ ഇശാഅത്തിനുവേണ്ടി ചെലവഴിക്കപ്പെടുകയാണെങ്കിൽ ഞാൻ എന്റെ ലക്ഷ്യം നേടിക്കഴിഞ്ഞു." *(ഫത്ഹെ ഇസ്‌ലാം, വാള്യം 3, പേജ് 36)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിന്റെ ചിലദീനീസേവനങ്ങളെ ശ്ലാഘിച്ചുകൊണ്ട് പറയുന്നു: 'ഞാൻ അദ്ദേഹത്തിന്റെ ചില ദീനിയായ സേവനങ്ങളെ, തന്റെ ഹലാലായ മുതൽ ചെലവിട്ടുകൊണ്ട് അദ്ദേഹം ഇസ്‌ലാമിന്റെ മഹോന്നതനാമം ഉയർത്താനായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെ 'ഹാ! ആ സേവനങ്ങൾ എനിക്കു ചെയ്യാൻ കഴിഞ്ഞെങ്കിൽ' എന്ന വേദദൃഷ്ടികളോടെയാണ് നോക്കിക്കാണാറുള്ളത്!......അദ്ദേഹത്തിന് എന്റെ വഴിയിൽ മുതലെന്ത് പ്രത്യുത ജീവനും മാനവും കൂടികാര്യമല്ലെന്ന്!"*(ഫത്ഹെ ഇസ്‌ലാം, വാള്യം 3, പേജ് 35)*

ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബിനെ പോലെ അർപ്പണത്തിന്റേയും സേവനത്തിന്റേയും വികാരമുള്ള അത്തരം മഹാന്മാർക്കും തങ്ങളുടെ സകല സമ്പത്തും ദീനിന്റെ ഇശാഅത്തിൽ ചെലവായിരുന്നെങ്കിലെന്ന ആഗ്രഹമായിരുന്നു. ഏതുപോലെയെന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഞാൻ സത്യമായും പറയുന്നു: സത്യഹൃദയത്തോടുകൂടി എന്നിൽ വിശ്വസിക്കുകയും സൽകർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്ന ചുരുങ്ങിയത് ഒരു ലക്ഷം പേരെങ്കിലും എന്റെ ജമാഅത്തിലുണ്ട്. എന്റെ ജമാഅത്ത് എത്രത്തോളം നന്മയിലും കഴിവിലും പുരോഗതി കരസ്ഥമാക്കിയിരിക്കുന്നു എന്ന് ഞാൻ കാണുന്നു. ഇതും ഒരു മുഅ്ജിസത്ത് ആകുന്നു. ആയിരക്കണക്കിനാളുകൾ ഹൃദയാത്മനാ സമർപ്പിതരാണ്. തങ്ങളുടെ മുഴുവൻ സമ്പത്തും ഒഴിവാക്കുകയെന്ന് ഇന്ന് അവരോട് പറയുകയാണെങ്കിൽ അത് ഒഴിവാക്കാൻ അവർ തയ്യാറാണ്.' *(സീറത്തുൽ മഹ്ദി, ഭാഗം - 1, പേജ് 150, രിവായത്ത് നമ്പർ 157)*

അതുകൊണ്ട് അഹ്മദിയ്യാ ചരിത്രത്തിൽ ഇത്തരത്തിലുള്ള അളവറ്റ ഉദാഹരണങ്ങൾ കാണാവുന്നതാണ്. അവർ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിളിക്ക് ഉത്തരം നൽകിക്കൊണ്ട് എല്ലാതരം ദീനീ ആവശ്യങ്ങളും പൂർത്തിയാക്കാനായി തങ്ങളുടെ ശരീരവും ആത്മാവും സമ്പത്തും ഹുദൂർ(അ)ന്റെ തൃപാദങ്ങളിൽ അർപ്പിക്കുകയുണ്ടായി.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) നിവേദനം ചെയ്യുന്നു: 'ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ലുധിയാനയിൽ ഒരു അത്യാവശ്യ വിജ്ഞാപനം പ്രസിദ്ധീകരിക്കാൻ 60 രൂപയുടെ ആവശ്യം വന്നു. ആ ദിനങ്ങളിൽ അവിടത്തെ ജയ്യിദ് സ്വഹാബി ഹദ്റത്ത് മുൻശി സഫർ അഹ്മദ് സാഹിബ് ലുധിയാനയിൽ വന്നതായിരുന്നു. ഹുദൂർ(അ) അദ്ദേഹത്തെ വിളിപ്പിക്കുകയും കാര്യം പറയുകയും ചെയ്തു. ഇപ്പോൾ ഈ സുപ്രധാന ആവശ്യം നേരിട്ടിരിക്കുന്നു. താങ്കളുടെ ജമാഅത്തിന് ഇത്രയും സംഖ്യ സംഘടിപ്പിക്കുവാൻ സാധിക്കുമോ? അദ്ദേഹം പറഞ്ഞു: ഹദ്റത്ത് ഇൻശാഅല്ലാഹ് സാധിക്കുന്നതാണ്. ഞാൻ പോയി പണം കൊണ്ടുവരുന്നതാണ്. അതുകൊണ്ടുതന്നെ അദ്ദേഹം ഉടൻ കപൂർത്തലയിലേക്ക് പോവുകയും ജമാഅത്തിലെ ഒരംഗത്തോടും പറയാതെ തന്റെ ഭാര്യയുടെ ഒരു ആഭരണം വിറ്റ് 60 രൂപ വാങ്ങി ഹദ്റത്ത് സാഹിബിന്റെ സന്നിധിയിൽ സമർപ്പിക്കുകയുണ്ടായി.' *(അസ്ഹാബെ അഹ്മദ്, വാള്യം 4, പേജ് 97)*

ഇതൊരു വലിയ നിവേദനമാകുന്നു. ഏതായാലും മുൻശി സഫർ അഹ്മദ് സാഹിബ് ഒറ്റക്ക് ഈ സേവനം ചെയ്യുകയുണ്ടായി. കപൂർത്തലയില ജമാഅത്തംഗങ്ങളോടു ഇതിൽ പങ്കാളികളാകാൻ അദ്ദേഹം പറഞ്ഞില്ല. അതുകൊണ്ട് ഈ സംഭവം അറിഞ്ഞപ്പോൾ ഇതേ ജമാഅത്തിലെ അംഗമായിരുന്ന മുൻശി അരോഡേ ഖാൻ സാഹിബ് 6 മാസം വരെ, മുൻശീ സഫർ അഹ്മദ് സാഹിബിനോടു 'താങ്കൾ തങ്ങളെ സാമ്പത്തിക ത്യാഗത്തിൽനിന്ന് അകറ്റി നിറുത്തിയെന്ന് പറഞ്ഞ് വെറുപ്പ് പ്രകടിപ്പിച്ചുകൊണ്ടിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് പ്രദാനംചെയ്യപ്പെട്ട അനുരക്തരായ ആളുകളായിരുന്നു അവർ.

ഹദ്റത്ത് അമ്മാജാൻ സയ്യിദ നുസ്റത്ത് ജഹാൻബീഗം സാഹിബയെ സംബന്ധിച്ച് വന്നിരിക്കുന്നു, അവർ മിനാരത്തുൽമസീഹിന്റെ നിർമാണത്തിന് ഒരു ലക്ഷം രൂപ വാഗ്ദാനമെഴുതിക്കുകയും തന്റെ ഡൽഹിയിലുളള കെട്ടിടം വിറ്റ് ഈ സംഖ്യ നൽകുകയും ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) മിനാരത്തുൽമസീഹിന്റെ നിർമാണത്തിന് ആഹ്വാനം ചെയ്തപ്പോൾ ഹദ്റത്ത് മിയാൻ ശാദീഖാൻ സാഹിബ് സിയാൽക്കോട്ടി(റ) കട്ടിലുകളൊഴിച്ച് തന്റെ വീട്ടിലെ സകല വസ്തുക്കളും 300 രൂപയ്ക്ക് വിറ്റ് മുഴുവൻ തുകയും ഹുദൂർ(അ)ന്റെ തിരുസന്നിധിയിൽ സമർപ്പിക്കുകയുണ്ടായി. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)അതിനെ ശ്ലാഘിച്ചുകൊണ്ടു പറഞ്ഞു: 'താങ്കൾ ഹദ്റത്ത് അബൂബകർ(റ)ന്റെ മാതൃക കാണിച്ചിരിക്കുന്നു. ഇതു കേട്ടതും അദ്ദേഹം വീട്ടിൽ മടങ്ങിപ്പോകുകയും കട്ടിലുകളും വിറ്റ് മുഴുവൻ തുകയും ചന്ദ നല്കുകയും ചെയ്തു. *(താരീഖെ അഹ് മദിയ്യത്ത് വാള്യം 2, പേജ് 147)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വിറകു കച്ചവടക്കാരനായ മിയാൻ ശാദീഖാൻ സിൽക്കോട്ടു നിവാസിയാണ്. അദ്ദേഹം ഒരു പ്രവൃത്തിക്കായി 150 രൂപ ചന്ദ നൽകികഴിഞ്ഞിരുന്നതേയുള്ളു. ഇപ്പോൾ ഈ പ്രവൃത്തിക്കായി ഇരുന്നൂറ് രൂപ ചന്ദ അയച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ വീട്ടിലെ സകല വസ്തുക്കളും എടുത്തുനോക്കുകയാണെങ്കിൽ മുഴുവൻ സ്ഥാവര സ്വത്തുക്കളും 50 രൂപയിൽ കൂടുതൽ വില പിടിക്കുകയില്ല. അദ്ദേഹം തന്റെ കത്തിൽ എഴുതിയിരിക്കുന്നു: വരൾച്ചയുടെ ദിനങ്ങളാകുന്നു. ഭൗതിക കച്ചവടത്തിൽ വ്യക്തമായ നഷ്ടം കാണുന്നു. അതുകൊണ്ട് ദീനീ കച്ചവടം നടത്തുന്നത് ഉത്തമമായിരിക്കുമെന്ന് കരുതി തന്റെ അപക്കലുള്ളതെല്ലാം അയച്ചിരിക്കുന്നു. യഥാർഥത്തിൽ ഹദ്റത്ത് അബൂബക്ർ(റ) ചെയ്ത പ്രവൃത്തിയാണ് ചെയ്തത്. *(മജ്മൂഅ ഇശ്തിഹാറാത്ത്, വാള്യം 3, പേജ് 79, പ്രസാധനം 2019 ഖാദിയാൻ)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഹദ്റത്ത് ഡോക്ടർ ഖലീഫ റശീദുദ്ദീൻ(റ)നെ സംബന്ധിച്ച് പറയുന്നു: 'അദ്ദേഹത്തിന്റെ ധനത്യാഗം എത്രത്തോളം അതിർകവിഞ്ഞെന്നാൽ ഹദ്റത്ത് സാഹിബ് അദ്ദേഹത്തിന് രേഖാമൂലം സർട്ടിഫിക്കറ്റ് നൽകിയിരുന്നു. അതായത് താങ്കൾ ഈ ജമാഅത്തിന് ഇത്രത്തോളം ധനത്യാഗം ചെയ്തുകഴിഞ്ഞിരിക്കുന്നു. മേലിൽ താങ്കൾക്ക് ധനത്യാഗത്തിന്റെ ആവശ്യമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെമേൽ ഗുരുദാസ്പൂരിൽ കേസ് നടന്നുകൊണ്ടിരുന്നകാലം എനിക്കോർമയുണ്ട്. അതിൽ പണത്തിന് ആവശ്യമുണ്ടായിരുന്നു. ഹദ്റത്ത് സാഹിബ് സുഹൃത്തുക്കളെ രേഖാമൂലം അറിയിച്ചു. ചെലവുകൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ലങ്കർഖാന രണ്ട് ഭാഗങ്ങളിലായിരിക്കുന്നു. ഒന്ന് ഖാദിയാനിലും മറ്റൊന്ന് ഇവിടെ ഗുരുദാസ്പൂരിലും. ഇത് കൂടാതെ കേസിനും ചെലവുകളുണ്ട്. അതുകൊണ്ട് സ്നേഹിതന്മാർ ധനത്യാഗത്തിലേക്ക് ശ്രദ്ധിക്കുക. ഹദ്റത്ത് സാഹിബിന്റെ ആഹ്വാനം ഡോക്ടർ സാഹിബിന് എത്തിയപ്പോൾ യാദൃച്ഛികമെന്നോണം അന്നേ ദിവസം അദ്ദേഹത്തിന് ഏകദേശം 450 രൂപ ശമ്പളം ലഭിച്ചിരുന്നു. ആ മുഴുവൻ ശമ്പളവും ഹദ്റത്ത് സാഹിബിന്റെ തിരുസന്നിധിയിലേക്ക് അയക്കുകയുണ്ടായി. താങ്കൾ കുറച്ച് വീട്ടാവശ്യത്തിനായി വച്ചുകൂടെ എന്ന് ഒരു സുഹൃത്ത് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ മസീഹ് എഴുതുന്നു, ദീനിനുവേണ്ടി ആവശ്യമുണ്ടെന്ന്, അപ്പോൾപ്പിന്നെ മറ്റാർക്കുവേണ്ടി യാണ് എടുത്തുവയ്ക്കേണ്ടത്.' *(അൻവാറുൽ ഉലൂം, വാള്യം 9, പേജ് 403)*

അതുപോലെ ഹദ്റത്ത് സാഹിബ് സാദ പീർ മൻസ്വൂർ അഹ്മദ് സാഹിബിനെ സംബന്ധിച്ച് ഹദ്റത്ത് മിർസാ അബ്ദുൽ ഹഖ് സാഹിബ് അഡ്വേക്കറ്റ് എഴുതുന്നു: 'ഹദ്റത്ത് സാഹിബ്സാദ പീർ മൻസ്വൂർ അഹ്മദ് സാഹിബ് 'ഖാഇദ യസ്സർനൽ ഖുർആനിന്റെ' ഉപജ്ഞാതാവായിരുന്നു. ഈ ഖാഇദയ്ക്ക് വളരെ സ്വീകാരം ലഭിക്കുകയുണ്ടായി. ആ കാലത്ത് ഒരുപാട് സംഖ്യ മാസന്തോറും അദ്ദേഹത്തിന് വരുമാനമായി ലഭിച്ചിരുന്നു. എന്നാൽ, ദീനിനുവേണ്ടി ത്യാഗം ചെയ്യാനുള്ള അദ്ദേഹത്തിന്റെ വികാരം എത്രത്തോളമായിരുന്നെന്നാൽ മാസം 30 രൂപ മാത്രം തന്റെ ചെലവുകൾക്കായി വയ്ക്കുകയും ബാക്കി മുഴുവനും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ തിരുസന്നിധിയിൽ ഖുർആനിന്റെ പ്രചാരണത്തിനും ദീനിന്റെ പ്രചാരണത്തിനുമായി അയക്കുകയുമായിരുന്നു ചെയ്തിരുന്നത്. 1940നു ശേഷം വിലക്കയറ്റം ആരംഭിച്ചപ്പോൾ 40 രൂപ തനിക്കായി വെക്കാൻ തുടങ്ങുകയും ഒരു വർഷത്തിൽ പതിനായിരം രൂപ ദീനീ ആവശ്യത്തിന് നല്കുകയും ചെയ്തു.' *(മാഹനാമ അൻസ്വാറുല്ലാഹ് റബ്‌വ, ഏപ്രിൽ 1969)*

ബഹുമാന്യ ശ്രോതാക്കളേ! അങ്ങേയറ്റം പ്രയാസകരമായ അവസ്ഥയിൽ ഹൃദയവികാരങ്ങളെ അർപ്പണം ചെയ്തുകൊണ്ട് ദൈവമാർഗത്തിൽ സമർപ്പിക്കുക എന്നത് ഒരു നിസ്സാര കാര്യമല്ല. അതിന്റെ അളവറ്റ മാതൃകകൾ അഹ്മദിയ്യാ ചരിത്രത്തിൽ അധികമായി കാണാവുന്നതാണ്. ഹദ്റത്ത് ഖാളി മുഹമ്മദ് യൂസുഫ് സാഹിബ് പിശാവരി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തെ ഒരു സംഭവം ഇങ്ങനെ വിവരിക്കുന്നു:

വസീറാബാദിലെ ശെയ്ഖ് കുടുംബത്തിൽപെട്ട ഒരു യുവാവ് മരണപ്പെട്ടുപോയി. അവന്റെ പിതാവ് കഫനുവേണ്ടി 200 രൂപ കരുതിവെച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ലങ്കർഖാനയുടെ ചെലവുകൾക്ക് ആഹ്വാനം നടത്തി. അദ്ദേഹത്തിനും കത്ത് പോയപ്പോൾ അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് സംഖ്യ അയച്ചതിനുശേഷം എഴുതി: 'എന്റെ യുവാവായ മകൻ പ്ലേഗുമൂലം മരണപ്പെട്ടിരിക്കുന്നു. ഞാൻ അവന് മരണാനന്തരക്രിയകൾക്കായി 200 രൂപ നിശ്ചയിച്ചിരുന്നു. അത് അയക്കുന്നു. മകനെ അവന്റെ ഇട്ടിരുന്ന വസ്ത്രത്തിൽത്തന്നെമറയടക്കുന്നു.' *(രിസാല ളുഹൂറെ അഹ്മദ് മൗഊദ്, പേജ് 70 - 71, പ്രസാധനം 1955 ജനുവരി 30)*

ഹദ്റത്ത് യഅ്ഖൂബ് അലി സാഹിബ്(റ) പറയുന്നു: 'ഞാൻ ആ ദൃശ്യം മറന്നിട്ടില്ല. മറക്കാൻ സാധിക്കുകയുമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനു ഏതാനും മാസം കഴിഞ്ഞതേയുള്ളു, ഒരു ദിവസം പുറത്തുനിന്ന് ആരോ എന്നെ വളിക്കുകയുണ്ടായി. സേവകയോ ഏതോ കുട്ടിയോ എന്നോടു പറഞ്ഞു, വാതിൽക്കൽ ഒരാൾ നില്ക്കുന്നുണ്ട്, അദ്ദേഹം താങ്കളെ വിളിക്കുന്നു. ഞാൻ പുറത്തിറങ്ങിയപ്പോൾ ഹദ്റത്ത് മുൻശീ അരോഡേഖാൻ

സാഹിബ്[റ] നില്ക്കുന്നുണ്ടായിരുന്നു. അദ്ദേഹം വളരെ ആവേശത്തോടെ മുന്നോട്ടുവന്ന് എനിക്കു കൈ തന്നതിനുശേഷം തന്റെ കീശയിൽനിന്ന് രണ്ടോ മൂന്നോ പൗണ്ട് പുറത്തെടുത്തു. എന്നിട്ട് എന്നോടു പറഞ്ഞു; ഇത് അമ്മാജാന് കൊടുക്കുക. ഇതു പറഞ്ഞതും അദ്ദേഹത്തിൽ ഒരു വിങ്ങൽ അനുഭവപ്പെട്ട് പൊട്ടിക്കരയാൻ തുടങ്ങി. ആടിനെ അറുക്കുമ്പോഴുണ്ടാകുന്നതുപോലെയായിരുന്നു അദ്ദേഹത്തിന്റെ കരച്ചിലിന്റെ അവസ്ഥ. ഇദ്ദേഹം എന്തിനാണ് കരയുന്നതെന്ന കാര്യത്തിൽ ഞാൻ കുറച്ച് അത്ഭുതത്തിലായിരുന്നു. എന്നാൽ, ഞാൻ നിശബ്ദനായി നിന്നു. അദ്ദേഹം കരയുന്നതിന്റെ കാരണം അന്വേഷിക്കാൻ അദ്ദേഹം കരച്ചിലടക്കുന്നതുവരെ ഞാൻ നിശബ്ദനായി കാത്തുനിന്നു. അദ്ദേഹത്തിനൽപം ക്ഷമ കൈവന്നപ്പോൾ ഞാൻ അദ്ദേഹത്തോടു ചോദിച്ചു, താങ്കളെന്തിനാണ് കരഞ്ഞത്? അദ്ദേഹം പറയാൻ തുടങ്ങി, ഞാൻ ദരിദ്രനായിരുന്നു, എനിക്ക് അവധി ലഭിക്കുമ്പോഴെല്ലാം ഖാദിയാനിലേക്ക് നടക്കുമായിരുന്നു. ജമാഅത്തിന്റെ സേവനത്തിനായി കുറച്ചു പണം ലാഭിക്കാനായി യാത്രയുടെ സിംഹഭാഗവും കാൽനടയായാണ് പൂർത്തിയാക്കിയിരുന്നത്. എന്നാലും ഒരു രൂപയോ ഒന്നരരൂപയോ ചെലവാക്കുമായിരുന്നു. ഇവിടെ വരുമ്പോൾ ധനവാന്മാർ ജമാഅത്തിന്റെ സേവനത്തിനായി വലിയ സംഖ്യ ചെലവഴിക്കുന്നത് ഞാൻ കാണുമ്പോൾ എന്റെ പക്കലും പൈസയുണ്ടായിരുന്നെങ്കിൽ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ സന്നിധിയിൽ വെള്ളിക്കുപകരം സ്വർണത്തിന്റെ ഉപഹാരം സമർപിക്കുമായിരുന്നുവെന്ന് എന്റെ ഹൃദയത്തിൽ ചിന്ത ഉണ്ടാവാറുണ്ടായിരുന്നു. അവസാനം എന്റെ ശമ്പളം കുറച്ചു വർധിച്ചു.(അദ്ദേഹത്തിന്റെ ശമ്പളം 20, 25 രൂപവരെ എത്തിയിട്ടുണ്ടായിരുന്നു).ഞാനെല്ലാ മാസവും കുറച്ചു പണം സ്വരുക്കൂട്ടാൻ തുടങ്ങി. ഞാനെന്റെ ഹൃദയത്തിൽ നിയ്യത്ത് വെച്ചിട്ടുണ്ടായിരുന്നു, അതായത് ഈ സംഖ്യ ഞാനാഗ്രഹിക്കുന്ന അളവുവരെ എത്തിയാൽ അതിനെ പൗണ്ട് രൂപത്തിലേക്ക് മാറ്റുകയും ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ സന്നിധിയിൽ സമർപിക്കുകയും ചെയ്യുന്നതാണ്........എന്റെയടുത്ത് പൗണ്ട് സ്വരുകൂടിയപ്പോഴേക്കും.....വീണ്ടും അദ്ദേഹത്തിൽ വിങ്ങൽ അനുഭവപ്പെട്ട് കരയാൻ തുടങ്ങി. അവസാനം കരഞ്ഞുകരഞ്ഞ് വാക്കുകൾ ഇപ്രകാരം പൂർത്തിയാക്കി. പൗണ്ടു എന്റെ പക്കൽ സ്വരുക്കൂടിയപ്പോഴേക്കും ഹദ്റത്ത് മസീഹ് മൗഊദ്[അ] വഫാത്തായി.

ആത്മാർഥതയുടെ എങ്ങനെയുള്ള സുന്ദരമായ മാതൃകയാണിത്. ഒരു വ്യക്തി ചന്ദയും നല്കുന്നു, ത്യാഗങ്ങളും ചെയ്യുന്നു. മാസത്തിലൊരിക്കലല്ല, രണ്ടു തവണയല്ല. മറിച്ച് മുമ്മൂന്നു പ്രാവശ്യം ജുമുഅനസ്കരിക്കുന്നതിനായി ഖാദിയാനിലെത്തുന്നു. ജമാഅത്തിന്റെ പത്രങ്ങളും ഗ്രന്ഥങ്ങളും വാങ്ങിക്കുകയും ചെയ്യുന്നു. നിസ്സാര ശമ്പളമായിട്ടു കൂടി എന്നാൽ, ഇന്ന് ഈ ശമ്പളത്തിലേറെ വളരെ കൂടുതൽ ശമ്പളം വാങ്ങുന്നവർ ഈ ത്യാഗത്തിന്റെ പത്തിലൊന്ന് ഭാഗംപോലും ത്യാഗം ചെയ്യുന്നില്ല. അയാളുടെ ഹൃദയത്തിൽ ചിന്തയുണ്ടാകുകയാണ്, ധനവാന്മാർ ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ സന്നിധിയിൽ സ്വർണം സമർപിക്കുമ്പോൾ ഞാനെന്തിന് അവരിൽ പിന്നിലാകണം? അതുകൊണ്ട് അദ്ദേഹം അങ്ങേയറ്റം ചെറിയ ശമ്പളത്തിൽനിന്ന് മാസന്തോറും കുറച്ചു സംഖ്യ സ്വരുക്കൂട്ടുകയും ഒരു നീണ്ടകാലം വരെ അത് സ്വരുക്കൂട്ടികൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ കാലയളവിൽ അയാൾ തന്റെ വീട്ടിൽ എന്തൊക്കെ പ്രയാസങ്ങൾ സഹിച്ചിട്ടുണ്ടായിരിക്കും എന്നറിയില്ല. എന്തൊക്കെ പ്രയാസങ്ങൾ അയാൾ സന്തോഷത്തോടെ അനുഭവിച്ചിട്ടുണ്ടായിരിക്കാം. ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ തിരുസന്നിധിയിൽ അശ്റഫികൾ സമർപിക്കുവാൻ സാധിക്കുന്നതിനു വേണ്ടി മാത്രം! എന്നാൽ, അദ്ദേഹത്തിന്റെ ആഗ്രഹ പൂർത്തീകരണത്തിന്റെ സമയമെത്തുമ്പോഴേക്കും അല്ലാഹുവിന്റെ ഹിക്മത്ത് ഏതൊരു രീതിയിലുള്ള സന്തോഷം കരസ്ഥമാക്കാനാണോ അദ്ദേഹം ആഗ്രഹിച്ചത് ആ രീതിയിലുള്ള സന്തോഷം കരസ്ഥമാക്കുന്നതിൽനിന്നും അദ്ദേഹത്തെ ഒഴിച്ചുനിറുത്തുന്നു. *(അസ്വ്ഹാബെ അഹ്മദ്, വാള്യം 4, പേജ് 74 - 76)*

ഹദ്റത്ത് മസീഹ് മൗഊദ്[അ]പറയുന്നു: അതുപോലെതന്നെ നമ്മുടെ ആത്മ സുഹൃത്ത് മൗലവി മുഹമ്മദ് അഫ്സൽ സാഹിബ് അംറോഹി ജമാഅത്തിന്റെ സഹായത്തിന് നല്ല നല്ല് പ്രസിദ്ധീകരണങ്ങളിൽ വ്യാപൃതനാണ്. കൂടാതെ സാഹിബ്സാദ പീർസിറാജുൽഹഖ് സാഹിബ് ആയിരക്കണക്കിന് മുരീദന്മാരുമായുള്ള ബന്ധം വിച്ഛേദിച്ചുകൊണ്ട് ഇവിടുത്തെ ദർവേശീ ജീവിതം സ്വീകരിച്ചു. മിയാൻ അബ്ദുല്ലാഹ് സാഹിബ് സന്നൗരിയും മൗലവി ബുർഹാനുദ്ദീൻ സാഹിബ് ജഹ് ലമിയും മൗലവി മുബാറക് അലി സാഹിബ് സിയാൽക്കോട്ടിയും ഖാളി ളിയാഉദ്ദീൻസാഹിബ് ഖാളികോട്ടിയും മുൻശീ ചൗദരി നബി ബഖ്ശ് സാഹിബ് ബട്ടാല ദുരുദാസ്പൂർ ജില്ലയും മുൻശീ ജലാലുദ്ദീൻ സാഹിബ് ബലാനി മുതലായ സഹോദരന്മാരും താന്താങ്ങളുടെ കഴിവനുസരിച്ച് സേവന നിരതരാണ്. ഞാൻ എന്റെ ജമാഅത്തിന്റെ ആത്മാർഥതയിലും സ്നേഹത്തിലും അത്ഭുതപരതന്ത്രനാണ്. അവരിൽ അങ്ങേയറ്റം കുറഞ്ഞ ഉപജീവന നിലവാരമുള്ള മിയാൻ ജമാലുദ്ദീനും ഖയ്റുദ്ദീനും എന്റെ ഗ്രാമത്തിനടുത്ത് വസിക്കുന്ന ഇമാമുദ്ദീൻ കശ്മീരിയും പോലുള്ളവർ! ആ ദരിദ്രരായ മൂന്നുസഹോദരന്മാരും ഏകദേശം മൂന്നു അണ നാല് അണക്ക് ദിവസവും കൂലിവേല ചെയ്യുന്നവർ എല്ലാ മാസവും കൃത്യമായി ചന്ദ നല്കുന്നവരാണ്. അവരുടെ സുഹൃത്ത് മിയാൻ അബ്ദുൽ അസീസ് പട്ട്വാരിയുടെ ആത്മാർഥതയിലും എനിക്ക് അത്ഭുതമാണ്. ചെറിയ ഉപജീവന മാർഗമായിട്ടും ഒരിദിവസം 100 രൂപ നല്കുകയുണ്ടായി. ദൈവമാർഗത്തിൽ ചെലവഴിക്കാൻ താനാഗ്രഹിക്കുന്നുവെന്ന് അദ്ദേഹം പറയുകയുണ്ടായി. ആ നൂറു രൂപ ആ സാധു എത്രയോ വർഷങ്ങൾകൊണ്ട് സ്വരുക്കൂട്ട് വെച്ചതായിരിക്കാം. എന്നാൽ, അല്ലാഹുവിനുവേണ്ടിയുള്ള ആവേശം ദൈവപ്രീതിയെ ആവേശം കൊളളിച്ചു.'*(ഇസീമ അഞ്ചാമെ ആഥിം റൂഹാനീ ഖസാഇൻ വാള്യം 11, പേജ് 313 - 314 അടിക്കുറിപ്പ്)*

ദീനിന്റെ മാർഗത്തിൽ ധനത്യാഗത്തിന്റെ മഹത്തരമായൊരു ഉദാഹരണം ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ സ്വഹാബി ഹദ്റത്ത് ചൗദരി മുഹമ്മദു സഫ്റുല്ലാഹ് ഖാൻ സാഹിബിന്റേതാകുന്നു. ലണ്ടൻ മിഷനിൽ 60കളുടെ ദശകത്തിൽ ഈ അഭിപ്രായം ഉന്നയിക്കപ്പെട്ടു. ബ്രിട്ടൺ ജമാഅത്തിന്റെ കേന്ദ്രത്തിലുള്ള കെട്ടിടങ്ങൾ(അത് ഒരുപാട് പഴകയിരുന്നു) വീഴ്ത്തി ഒരു വലിയ കോപ്ലക്സ് നിർമിക്കുകയും അതിൽ വലിയ ഹാളും ഓഫീസുകളും താമസത്തിനായുള്ള വലിയ രണ്ടു കെട്ടിടങ്ങളും ഒരു ചെറിയ ഫ്ളാറ്റും വേണം. ഈ നിർമാണ പദ്ധതിക്ക് ആവശ്യമുള്ളതായ ഒരു ലക്ഷം പൗണ്ടിന്റെ സംഖ്യ ജമാഅത്തിന്റെ പക്കലുണ്ടായിരുന്നില്ല. വളരെ ചിന്തകൾക്കുശേഷം ഒരു മാർഗവും കാണാതെ വന്നപ്പോൾ ഹദ്റത്ത് ചൗദരി സാഹിബിനോടു താങ്കൾക്ക് ഈ പണം നല്കാൻകഴിയുമോ എന്നും പിന്നീട് ഗഡുക്കളായി അടച്ചുതരാമെന്നും അപേക്ഷിച്ചു. അദ്ദേഹം അതിനോടു യോജിപ്പു പ്രകടിപ്പിച്ചു. ഖുർആനിക അധ്യാപനമനുസരിച്ച് ഈ ആവശ്യത്തിന് ഒരു കരാറെഴുതപ്പെട്ടു. അതായത് ചൗദരി സാഹിബ് ജമാഅത്തിന് ഒരു ലക്ഷം പൗണ്ടു നല്കുകയും ഒരു നിശ്ചിതകാലയളവിനുള്ളിൽ അതു തിരിച്ചു നല്കാൻ ജമാഅത്ത് ഉത്തരവാദിയായിരിക്കും. ഒരു വൈകുന്നേരം എഴുതി തയ്യാറാക്കപ്പെട്ട കരാർ ചൗദരീ സാഹിബിന് നല്കപ്പെട്ടു.താൻ നല്ലവണ്ണം വായിച്ചതിനുശേഷം ഒപ്പിട്ട് നാളെ തിരിച്ചു നല്കാമെന്ന് അദ്ദേഹം അറിയിച്ചു.

അടുത്ത ദിവസം രാവിലെ ചൗദരി സാഹിബ് പറഞ്ഞു: ഞാൻ ഇതു സംബന്ധമായി ചിന്തിക്കുകയും വിശ്വസ്തതയോടെ ഇതിൽ ആലോചിക്കുകയും ചെയ്തപ്പോൾ എന്റെ നഫ്സ് എന്നോടു പറഞ്ഞു, സഫ്റുല്ലാഹ് ഖാൻ! ഇന്ന് നീ എന്തെങ്കിലുമാണെങ്കിൽ അത് അഹ്മദിയ്യത്ത് കാരണത്താലാണ്. നീ കരസ്ഥമാക്കിയതു മുഴുവനും ഈ ജമാഅത്തിന്റെ അനുഗ്രഹമാണ്. ഇപ്പോൾ ഔദാര്യം ചെയ്ത ഈ ജമാഅത്തിന് നീ തിരിച്ചു നല്കണമെന്ന വ്യവസ്ഥയിൽ ഒരു സംഖ്യ നല്കാനാഗ്രഹിക്കുകയാണോ? എന്റെ നഫ്സ് എന്നെ വളരെയധികം ശാസിച്ചു. ഞാനെന്റെ ഉദ്ദേശ്യത്തിൽ വളരെയധികം ലജ്ജിതനായി. ഒരുപാട് ഇസ്തിഗ്ഫാർ ചെയ്തു. അതേ നമിഷം ഞാൻ ഇങ്ങനെ തീരുമാനമെടുത്തു. അതായത് ആവശ്യമായ സംഖ്യ കടമായിട്ടല്ല, മറിച്ച് എളിയ ഉപഹാരമായി ജമാഅത്തിന്റെ മുമ്പിൽ സമർപിക്കുന്നതാണ്. ഇതു പറഞ്ഞുകൊണ്ട് അദ്ദേഹം കരാർ രേഖ കീറിക്കളയുകയും ഒരു ലക്ഷം പൗണ്ടിന്റെ ചെക്ക് ജമാഅത്തിനെ ഏല്പിക്കുകയും ചെയ്തു. അതോടൊപ്പം ഇപ്രകാരം അപേക്ഷിച്ചു, ഞാനീ നല്കിയത് എന്റെ ജീവിത കാലത്ത് ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥിനെ കൂടാതെ ഒരു വ്യക്തിയേയും ഒരിക്കലും അറിയിക്കരുത്. ത്യാഗത്തിന്റേയും വിനയത്തിന്റേയും ആത്മാർഥതയുടേയും എത്ര ഉദാത്തമായ മാതൃക!

ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ സ്വഹാബാക്കളിൽ ധനത്യാഗത്തിന്റെ വികാരം ശക്തമായ നിലയിലുണ്ടായിരുന്നു. അതിന്റെ പുതിയ പുതിയ രീതികൾ സ്വീകരിക്കുകയും ചെയ്യുമായിരുന്നു. ത്യാഗാർപണത്തിന്റെ ശക്തമായ വികാരത്തിന്റെ ശോഭ പ്രകടമാകുന്ന ഒരു ചെറിയ ഉദാഹരണം സമർപിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ ഒരു സ്വഹാബി സാഈ ദീവാൻ ശാഹ് സാഹിബ് താൻ വീണ്ടും വീണ്ടും ഖാദിയാനിൽ വരുന്നതിനുള്ള കാരണം ഇപ്രകാരം വിവരിക്കുന്നു:

'ഞാൻ ദരിദ്രനാകുന്നു. ചന്ദ കൊടുക്കാൻ കഴിയുകയില്ല. അതിഥി മന്ദിരത്തിലെ കട്ടിലകുൾ മെടയുന്നതിനായി ഖാദിയാനിലേക്ക് പോകും. അങ്ങനെയെങ്കിലും എന്റെ തലയിൽനിന്ന് ചന്ദയുടെ ബാധ്യത

ശേഷം പേജ് 23 ൽ

## സ്വഹാബത്തിന്റെ ചരിത്രം റളിയല്ലാഹു അൻഹും

# ആദ്യകാലഘട്ടത്തിൻനിന്നുള്ള ഇമാം ഹസ്സനും[റ] അവസാന കാലഘട്ടത്തിൽനിന്നുള്ള ഖമറുൽ അമ്പിയാഅ് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബും[റ]

2021 ഖാദിയാൻ ജൽസസാലാനയിൽ ചെയ്ത പ്രസംഗം

**മുഹമ്മദു ശരീഫ് കൗഥർ,**
ഉസ്താദ് ജാമിഅ അഹ്മദിയ്യ ഖാദിയാൻ

**വിവർത്തനം: മൗലവി അലിക്കുഞ്ഞ്,** കരുളായ്

ശ്രോതാക്കളേ! ഈ വിനീതന് 'ആദ്യകാലഘട്ടത്തിൻനിന്നുള്ള ഇമാം ഹസ്സനും[റ] അവസാന കാലഘട്ടത്തിൽനിന്നുള്ള ഖമറുൽ അമ്പിയാഅ് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബും[റ]'എന്ന വിഷയത്തെ അധികരിച്ച് ചില കാര്യങ്ങൾ പറയേണ്ടതുണ്ട്.

**ഇമാം ഹസ്സൻ[റ]ന്റെ ജീവചരിത്രം:**

ഇമാം ഹസ്സൻ[റ] ഹിജ്റ മൂന്നാം വർഷം റമളാൻ മാസത്തിൽ മദീനയിലാണ് ജനിക്കുന്നത്. നബി[സ]തിരുമേനിയാണ് കുട്ടിയുടെ ചെവിയിൽ ബാങ്ക് കൊടുത്തത്.

ഹദ്റത്ത് അലി ബിൻ അബീത്വാലിബ്[റ] പറയുന്നു: 'ഹസ്സൻ ജനിച്ചപ്പോൾ നബി[സ]തിരുമേനി വന്നുകൊണ്ട് കുട്ടിയെ കൊണ്ടുവരാൻ പറയുകയും അവന് പേര് വെച്ചോ എന്ന് ചോദിക്കുകയും ചെയ്തു. അവന് 'ഹർബ്' എന്ന് പേര് വെച്ചിരിക്കുന്നുവെന്ന് ഞാൻ അറിയിച്ചപ്പോൾ അവൻ ഹർബല്ല, അവന്റെ പേര് ഹസ്സൻ എന്നാണെന്ന് നബി[സ]തിരുമേനി പറയുകയുണ്ടായി.*(ഉസുദുൽഗാബ ലി മഅ്രിഫത്തിസ്സ്വഹാബ, ലി ഇസ്സുദ്ദീൻ ബിൽഅഥീർ അബിൽഹസ്സൻ അലി ബിൻ മുഹമ്മദുൽജുർസി, വാള്യം 1, തദ്ക്കിറ ഹസ്സൻ ബിൻ അലി, പേജ് 556 - 557, ദാറുൽഫിക്ർ ലിത്ത്വബാഅത്തി വന്നശ് രി വത്തൗസീയി, ബെയ്റുത്ത് ലബ്നാൻ പ്രസാധനം 2003)*

**കുട്ടിക്കാലവും തഅ്ലിം തർബിയ്യത്തും:**

ഹദ്റത്ത് അബൂഹുറയ്റ[റ] നിവേദനം. നബി[സ] തിരുമേനി, ഹദ്റത്ത് ഹസ്സൻ[റ]നെ കുറിച്ച് ഇങ്ങനെ ദുആ ചെയ്തു.

***അല്ലാഹുമ്മ ഇന്നീ ഉഹിബ്ബുഹു ഫഅഹബ്ബിഹു വ അഹ്ബിബ് മൻയ്യുഹിബ്ബുഹു*** അല്ലാഹുവേ! ഞാൻ ഇവനെ സ്നേഹിക്കുന്നു. നീയും ഇവനെ സ്നേഹിക്കേണമേ. അവനെ സ്നേഹിക്കുന്നവരേയും നീ സ്നേഹിക്കേണമേ. *(സ്വഹീഹ് മുസ്ലിം, കിതാബു ഫളാഇലുസ്സ്വഹാബ, ബാബു മിൻഫളാഇലിൽഹസ്സൻ വൽഹുസയ്ൻ ഹദീഥ് 4431, വാള്യം 13, പേജ് 51, തർജമ നൂറുഫൗണ്ടേഷൻ)*

**നബി[സ]തിരുമേനിയുടെ വാത്സല്യവും സ്നേഹവും:**

ഹദ്റത്ത് ഇബ്നു അബ്ബാസ് പറയുന്നു: ഒരിക്കൽ നബി[സ]തിരുമേനി ഹസ്സൻ[റ]നെ തോളിലേറ്റി നടക്കുകയായിരുന്നു. ഇതുകണ്ട ഒരാൾ ഇങ്ങനെ വിളിച്ചുപറഞ്ഞു, 'മകനേ! നിന്റെ വാഹനം എത്ര ഉത്തമമാകുന്നു. അപ്പോൾ നബി[സ]തിരുമേനി പറഞ്ഞു. യാത്രക്കാരനും എത്രമാത്രം ഉത്തമനാണ്! *(അൽമുസ്തദർക് ലിൽഹാക്കിമി മഅ്രിഫത്തുസ്സ്വഹാബ, ബാബു വമൻഫളാഇലു അൽഹസൻ ബിൻ അലി, ഹദീഥ് 4859, ദാറുൽഹർമയ്ൻ, ല്ത്ത്വബാഅത്തി വന്നശ് രി, വത്തൗസീയി 1997)*

ഹദ്റത്ത് ബരീദ[റ] നിവേദനം. ഒരിക്കൽ നബി[സ]തിരുമേനി ഞങ്ങളോട് മിമ്പറിൽനിന്ന് സംസാരിക്കുകയായിരുന്നു. ആ സമയത്ത് ഹദ്റത്ത് ഹസ്സനും ഹുസയ്നും ചെമപ്പു നിറമുള്ള കുർത്ത ധരിച്ചുകൊണ്ട് വീണും ഉരുണ്ടും അങ്ങോട്ട് വരികയുണ്ടായി. ഇതുകണ്ട നബി[സ]തിരുമേനി മിമ്പറിൽനിന്നു ഇറങ്ങിവന്ന് അവരെ എടുത്ത് തങ്ങളുടെ മുമ്പിൽ ഇരുത്തിക്കൊണ്ട് പറഞ്ഞു: അല്ലാഹു പറഞ്ഞത് എത്ര സത്യമാണ്. ***ഇന്നമാ അംവാലുക്കും വ ഔലാദുക്കും ഫിത്നത്തുൻ*** (64:16) അതായത് നിങ്ങളുടെ സമ്പത്തും സന്താനങ്ങളും ഒരു പരീക്ഷണം മാത്രമാണ്. അവർ നടക്കുന്നതും വീഴുന്നതും കണ്ടപ്പോൾ എനിക്ക് സ്വബ്ർ ചെയ്യാൻ കഴിഞ്ഞില്ല. ഞാൻ എന്റെ സംസാരം നിറുത്തുകയും അവരെ എടുക്കുകയും ചെയ്തു. *(ജാമിഉത്തിർമുദി, ഹദീഥു നമ്പർ 3774)*

ഹദ്റത്ത് അനസ്[റ] നിവേദനം. ഹദ്റത്ത് ഹസ്സൻ ബിൻ അലിയേക്കാൾ നബി[സ]തിരുമേനിയുമായി താദാത്മ്യമുള്ള മറ്റാരുമില്ല. *(ബുഖാരി, ഹദീഥ് നമ്പർ 3752)*

അബൂബക്റ[റ] പറയാറുണ്ടായിരുന്നു. നബി[സ] തിരുമേനി മിമ്പറിൽനിന്നു ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു. ആ സമയത്ത് ഹസ്സൻ[റ], നബി[സ]തിരുമേനിയുടെ ഒരു ഭാഗത്ത് നില്ക്കുകയായിരുന്നു. ചിലപ്പോൾ അവിടന്ന് ജനങ്ങളിലേക്ക് നോക്കിയിരുന്നു. ചിലപ്പോൾ ഹസ്സനിലേക്കും. നബി[സ]തിരുമേനി പറഞ്ഞു: എന്റെ ഈ മകൻ നേതാവാകുന്നതായിരിക്കും.

അല്ലാഹു അവൻ കാരണത്താൽ മുസ്ലിമീങ്ങളിലെ രണ്ടു സംഘങ്ങളിൽ ഐക്യമുണ്ടാക്കുന്നതായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. *(സ്വഹീഹ് ബുഖാരി, കിതാബുഫളാഇലു അസ്വ്ഹാബുന്നബിയ്യി[സ], ഹദീഥ് നമ്പർ 3746)*

ഒരു സ്വഹാബി പറയുന്നു. ഒരിക്കൽ നബി[സ] തിരുമേനി നമസ്കരിപ്പിക്കുകയായിരുന്നു. അങ്ങ് സുജൂദിൽ ദീർഘനേരം കഴിച്ചുകൂട്ടി. അങ്ങ് സുജൂദ് അവസാനിപ്പിക്കാതിരുന്നപ്പോൾ എനിക്ക് വേവലാതിയായി. ഞാൻ പതുക്കെ തലയുയർത്തി നോക്കി. അപ്പോൾ ഹസ്സൻ[റ], നബി[സ]തിരുമേനിയുടെ ചുമലിൽ കുതിരപ്പുറത്ത് ഇരിക്കുന്നതുപോലെ ഇരിക്കുകയായിരുന്നു. ഇതുകണ്ട ഞാൻ വേഗത്തിൽ സുജൂദിലേക്ക് തിരിച്ചുപോയി. നമസ്കാരം കഴിഞ്ഞപ്പോൾ മറ്റുള്ള സ്വഹാബാക്കൾ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ! നമസ്കാരത്തിൽ വല്ല വഹ്‌യും താങ്കൾക്കിറങ്ങുകയോ അതോ താങ്കൾക്ക് വല്ല ബുദ്ധിമുട്ടും നേരിട്ടോ?' അപ്പോൾ നബി[സ]തിരുമേനി പറഞ്ഞു: 'വഹ്‌യ് ഇറങ്ങിയിട്ടില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരു ബുദ്ധിമുട്ടും ഉണ്ടായിട്ടുമില്ല. നമ്മുടെ ഈ മകൻ തോളിൽ കയറി ഇരിക്കുകയായിരുന്നു. ഞാൻ വിചാരിച്ചു അല്പസമയം അവന് യാത്രാ വാഹനമാകാമെന്ന്. അവനെ ഇറക്കിവിട്ടാൽ അവന് പ്രയാസമായെങ്കിലോ എന്നും വിചാരിച്ചു.' *(ഖുത്വ്ബാത്തെ മഹ്മൂദ് വാള്യം 18. പേജ് 633)*

ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന്റേയും ഹദ്റത്ത് ഉമർ[റ]ന്റേയും ഖിലാഫത്ത് കാലത്ത് കുട്ടി എന്ന നിലക്ക് അവരുടെ സ്നേഹവാത്സല്യങ്ങൾക്ക് പാത്രമായി. ഹദ്റത്ത് ഉഥ്മാനും[റ] ആ രീതിതന്നെ സ്വീകരിച്ചു. ഹദ്റത്ത് ഉഥ്മാൻ[റ]ന്റെ കാലത്ത് ഹസ്സൻ യുവാവായിരുന്നു. വിഘടനവാദികൾ ഹദ്റത്ത് ഉഥ്മാൻ[റ]ന്റെ വീട് വളഞ്ഞപ്പോൾ ഹസ്സനും[റ] മറ്റും ധൈര്യസമേതം അവരെ നേരിടുകയും അവരെ അകത്ത് പ്രവേശിക്കുന്നതിൽനിന്ന് തടയുകയും ചെയ്തു. ഈ പ്രതിരോധത്തിൽ ഹസ്സന്[റ] ധാരാളം മുറിവേൽക്കേണ്ടിവന്നിട്ടുണ്ട്. *(സയ്റുസ്സ്വഹാബ, മുഈനുദ്ദീൻ അഹ്മദ് നദ്‌വി, വാള്യം 4,പേജ് 14 - 15, നാശിർ അദാരയെ ഇസ്ലാമിയാത്ത്, അനാർക്കലി ലാഹോർ)(താരീഖുൽ ഖുലഫാ, ലിസ്സുയൂത്ത്വി, പേജ് 124, ദാറുൽകിതാബിൽ അറബി, ബെയ്റുത്ത് ലബ്നാൻ 1999)*

ഹദ്റത്ത് അലിയുടെ വഫാത്തിനുശേഷം ഹിജ്റ 40 - ൽ ഹസ്സൻ ഖിലാഫത്ത് ഏറ്റെടുത്ത് ബയ്അത്ത് സ്വീകരിച്ചു. മുസ്ലിമീങ്ങളുടെ സുരക്ഷയെ കണക്കാക്കിക്കൊണ്ടും ഫിത്ന ഇല്ലാതാക്കാനുമായി ഖിലാഫത്തിൽനിന്നു രാജിവെക്കുകയും ചെയ്തു. മുആവിയായിൽനിന്ന് ചെലവിനുള്ളതു വാങ്ങി.

ഹദ്റത്ത് മസീഹ് മൗഊദ്[അ]പറയുന്നു: എന്റെ അഭിപ്രായത്തിൽ ഹദ്റത്ത് ഹസ്സൻ ഖിലാഫത്ത് ഒഴിഞ്ഞുകൊണ്ട് നല്ലരീതിയിൽ പ്രവർത്തിച്ചു. കാരണം ധാരാളം രക്തച്ചൊരിച്ചിലുകൾ നടന്നുകഴിഞ്ഞിരുന്നു. ഇനിയും രക്തച്ചൊരിയുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടില്ല. അതുകൊണ്ടുതന്നെ മുആവിയയിൽനിന്നു ഒഴിഞ്ഞുമാറി. ഹദ്റത്ത് ഹസ്സന്റെ ഈ പ്രവൃത്തി ശിയാക്കൾക്ക് നഷ്ടമുണ്ടാക്കി. അതുകൊണ്ടുതന്നെ അവർ ഹസ്സനിൽ തൃപ്തരല്ല. നാം അവർ രണ്ടുപേരേയും ആദരിക്കുന്നു. യഥാർഥത്തിൽ എല്ലാ ഓരോ ആൾക്കും വ്യത്യസ്തമായ കഴിവുകളാണുള്ളത്. ഹദ്റത്ത് ഇമാം ഹസ്സൻ[റ]മുസ്ലിംമീങ്ങളിലെ ഭിന്നിപ്പും രക്തച്ചൊരിച്ചിലും ഇഷ്ടപ്പെട്ടില്ല. സമാധാനം കാംക്ഷിച്ചു പ്രവർത്തിച്ചു. ഇമാം ഹുസയ്ൻ[റ] ഒരു ദുർവൃത്തന് ബയ്അത്ത് ചെയ്യുന്നത് ഇഷ്ടപ്പെട്ടില്ല. അതുകാരണം ദീനിൽ കുഴപ്പമുണ്ടാകുമെന്ന് കരുതി. രണ്ടാളുടെയും നിയ്യത്ത് നല്ലതായിരുന്നു. ***ഇന്നമൽ അഅ്മാലു ബിന്നിയ്യാത്ത്*** നിശ്ചയമായും എല്ലാ പ്രവൃത്തികളും നിയ്യത്ത് അടിസ്ഥാനമാക്കിയാണ് സ്വീകരിക്കപ്പെടുന്നത്. അധിഷ്ഠിതമാകുന്നു. *(മൽഫൂദാത്ത് വാള്യം 8, പേജ് 278 - 279)*

ഹദ്റത്ത് മസീഹ് മൗഊദ്[അ] വിവരിക്കുന്നു: 'ഹദ്റത്ത് ഇമാം ഹുസയ്നും ഹദ്റത്ത് ഇമാം ഹസ്സനും വരിഷ്ഠരും ഉന്നതരും പവിത്രരും പാപരഹിതരും സന്മാർഗനേതാക്കളുമായിരുന്നു എന്നതിൽ ഏതൊരു വിശ്വാസിക്കാണ് എതിരഭിപ്രായമുള്ളത്.' *(തിർയാഖുൽ ഖുലൂബ്, റൂഹാനീഖസാഇൻ വാള്യം 15, പേജ് 364, അടിക്കുറിപ്പ്)*

**ഇബാദത്ത് അഥവാ ആരാധന:**

ദൈവാരാധന അദ്ദേഹത്തിന് ഏറ്റവും പ്രിയപ്പെട്ടതായിരുന്നു. വലിയൊരു ഭാഗം അതിനാണ് ചെലവഴിച്ചിരുന്നത്.

ഇമാം ഹസ്സന്റെ അവസ്ഥകൾ അറിയാൻ മുആവിയ ഒരാളെ നിയോഗിച്ചു. അയാൾ പറഞ്ഞത് ഹസ്സൻ[റ] സ്വുബ്ഹി നമസ്കാരശേഷം സൂര്യോദയംവരെ മുസ്വല്ലയിൽത്തന്നെ ഇരിക്കുകയും പിന്നീട് ചാരിയിരുന്നുകൊണ്ട് വരുന്നവരെ സ്വീകരിക്കുകയും ചെയ്തിരുന്നുവെന്നാണ്. സൂര്യനുദിച്ചുയർന്നാൽ നമസ്കരിച്ചശേഷം ഉമ്മഹാത്തുൽ മുഅ്മിനീങ്ങൾക്ക് സലാം പറയാൻ പോവുകയും വീടുകളിലൂടെ കടന്ന് വീണ്ടും മസ്ജിദിൽ വരികയും ചെയ്യും.

മക്കയിൽ താമസിച്ചപ്പോൾ അവർ നമസ്കാരം

കഅ്ബയിൽ ജമാഅത്തോടുകൂടി നമസ്കരിക്കുകയും തവാഫിൽ മുഴുകുകയും ചെയ്യുക പതിവായിരുന്നു. അബൂ സഈദ് റാവി പറയുന്നു. ഹദ്റത്ത് ഹസ്സനും ഹുസയ്നും കഅ്ബയിൽ ഇമാമിനോടൊപ്പം നമസ്കാരം നിർവ്വഹിച്ചശേഷം ഹജറെ അസ്വദിനെ മുത്തുകയും ഏഴ് തവണ ത്വവാഫ് ചെയ്തുകൊണ്ട് രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്യും. നബി(സ) തിരുമേനിയുടെ കണ്ണിന്റെ കുളിർമകളാണ് ഇവരെന്ന് തിരിച്ചറിഞ്ഞ ജനങ്ങൾ അവർക്ക് ചുറ്റുംകൂടി തിരക്കുകാരണം വഴികളെല്ലാം തടസ്സപ്പെട്ടു. ഇമാം ഹുസയ്ൻ(റ) ഈ തിരക്കിൽനിന്നു വീട്ടിലേക്കുപോയി. ഹദ്റത്ത് ഹസ്സനും ആ ജനക്കൂട്ടത്തിൽനിന്നു രക്ഷപ്പെട്ടു. ഹദ്റത്ത് ഹസ്സൻ(റ) സൂറ അൽകഹ്ഫ് ഒരു പലകയിൽ എഴുതിപ്പിക്കുകയും ഉറങ്ങാൻ സമയത്ത് അത് പാരായണം ചെയ്യുകയും ചെയ്തിരുന്നു.

നാലുപാടും യാത്രാവാഹനങ്ങളുണ്ടായിട്ടും നടന്നുപോയി ഹജ്ജ് ചെയ്യുമായിരുന്നു. ഇമാം നവവി എഴുതുന്നു: ഇമാം ഹസ്സൻ(റ) നിരവധി ഹജ്ജുകൾ നടന്നുപോയി ചെയ്തു. അദ്ദേഹം പറയാറുണ്ടായിരുന്നു, നടന്നുപോയി ഹജ്ജ് ചെയ്തില്ലെങ്കിൽ എനിക്ക് അല്ലാഹുവിനോടു നാണം തോന്നുമായിരുന്നു.*(സീറത്തുസ്സ്വഹാബ, വാള്യം 4, പേജ് 38, ഗ്രന്ഥകർത്താവ് മുയീനുദ്ദീൻ)*

**സാമ്പത്തിക ത്യാഗം**: ഹദ്റത്ത് ഇമാം ഹസ്സൻ(റ)മൂന്നു തവണ തന്റെ പകുതി സമ്പത്ത് വീതം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നൽകുകയുണ്ടായി. ഇതിൽ എത്രത്തോളം കാർക്കശ്യം കാണിച്ചുവെന്നാൽ രണ്ടുജോഡി ഷൂ ഉണ്ടായിരുന്നതിൽ ഒന്ന് ദാനമായി നൽകി. മറ്റൊരു സന്ദർഭത്തിൽ മുഴുവൻ ധനവും അല്ലാഹുവിന്റെ വഴിയിൽ നൽകുകയുണ്ടായി.*(ഉസുദുൽഗാബ ലി മഅ്രിഫത്തിസ്സ്വഹാബ, ലി ഇസ്സുദ്ദീൻ ബിൽഅഥീർ അബിൽഹസ്സൻ അലി ബിൻ മുഹമ്മദുൽജുർസി, വാള്യം 1, തദ്ക്കിറ ഹസ്സൻ ബിൻ അലി, പേജ് 560, ദാറുൽഫിക്ർ ലിത്ത്വിബാഅത്തി വന്നശ്രി വത്തൗസീയി, ബെയ്റൂത്ത് ലബ്നാൻ പ്രസാധനം 2003)*

**അദ്ദേഹത്തിന്റെ ദാനശീലത**: ഒരിക്കൽ ശാമിൽനിന്ന് ഒരാൾ മദീനയിൽവന്നു. അയാൾ ഹദ്റത്ത് അലിയെ സംബന്ധിച്ച് ദുർധാരണ വെച്ചുപുലർത്തുന്ന ആളായിരുന്നു. അയാൾക്ക് ദീർഘമായൊരു യാത്ര പോകാനുണ്ടായിരുന്നു. പക്ഷേ, അയാളുടെ പക്കൽ യാത്രവാഹനമോ പാഥേയമോ ഉണ്ടായിരുന്നില്ല. അയാൾ പലരേയും സമീപിച്ചുവെങ്കിലും ഫലമുണ്ടായില്ല. അവസാനം അയാൾ ഹദ്റത്ത് ഹസ്സന്റെ അടുക്കലെത്തി. ഹദ്റത്ത് ഹസ്സൻ(റ) അയാൾക്ക് സവാരിയും കുറച്ചു പണവും നല്കി. ആളുകൾ ഹദ്റത്ത് ഹസ്സനെ കുറ്റപ്പെടുത്തി.അയാൾ ഹദ്റത്ത് അലിയോടും കുടുംബത്തോടും വിദ്വേഷംവെച്ചു പുലർത്തുന്ന ആളാണെന്ന് പറയുകയും ചെയ്തു. അപ്പോൾ അദ്ദേഹം ചോദിച്ചത്, 'ഞാനെന്റെ അന്തസ്സ് കാത്തുസൂക്ഷിക്കേണ്ടേ എന്നായിരുന്നു.'*(താരീഖ് മദീന ദിമശിഖ്, ഇബ്നു അസാക്കിർ വാള്യം 13, പേജ് 247, ദാറുൽഫിക്ർ ബെയ്റൂത്ത് ലെബ്നാൻ 1995)*

ഒരിക്കൽ മദീനയിലെ ഒരു തോട്ടത്തിലൂടെ ഹദ്റത്ത് ഹസ്സൻ(റ)നടന്നുപോകുകയായിരുന്നു. വഴിയിൽ ഒരു അടിമ റൊട്ടിക്ഷണം തിന്നുന്നതും ഒരു കഷണം നായ്ക്ക് കൊടുക്കുന്നതും കണ്ടു. ഇങ്ങനെ ആ അടിമ റൊട്ടിയുടെ പകുതി ആ പട്ടിക്ക് കൊടുത്തു. ഇതു കണ്ട ഇമാം ഹസ്സൻ(റ)അടിമയോടു ചോദിച്ചു: നിനക്ക് ആ പട്ടിയെ ആട്ടിയോടിച്ചൂടേ? അയാൾ പറഞ്ഞു, അങ്ങനെ ചെയ്യുന്നതിൽ എനിക്കു നാണം തോന്നുന്നു. ഹസ്സൻ(റ) ആ അടിമയോടു നീ ആരാണെന്ന് ചോദിച്ചു. താൻ ആബാൻ ബിൻ ഉഥ്മാന്റെ അടിമയാണെന്ന് മറുപടി പറഞ്ഞു. ഈ തോട്ടം ആരുടേതാണെന്ന് ഹസ്സൻ(റ) ചോദിച്ചു. അത് ആബാന്റേതാണെന്ന് ആ അടിമ മറുപടി നല്കി. അപ്പോൾ ഹസ്സൻ(റ)പറഞ്ഞു: 'ഞാൻ മടങ്ങി വരുന്നതുവരെ നീ എവിടേയും പോകരുത്. കുറച്ചു കഴിഞ്ഞ് ഹസ്സൻ(റ) മടങ്ങിവന്ന് ആ അടിമയോടു പറഞ്ഞു, ഞാൻ നിന്നെ വാങ്ങിയിരിക്കുന്നു. ആദരസൂചകമായി അടിമ എഴുന്നേറ്റു നിന്നുകൊണ്ട് പറഞ്ഞു: അല്ലയോ യജമാനരേ! അല്ലാഹുവിനും റസൂലിനും യജമാനരുടേയും അനുസരണത്തിനായ് ഞാനിതാ തയ്യാറാണ്. അപ്പോൾ ഹദ്റത്ത് ഹസ്സൻ(റ) പറഞ്ഞു, ഞാൻ തോട്ടവും വാങ്ങിച്ചിരിക്കുന്നു. ഞാൻ നിന്നെ സ്വതന്ത്രനാക്കിയിരിക്കുന്നു. ഈ തോട്ടം നിനക്ക് നല്കുന്നു. ആ അടിമ പറഞ്ഞു: താങ്കൾ ഏതൊരു അസ്തിത്വത്തിന് വേണ്ടിയാണോ എന്നെ സ്വതന്ത്രനാക്കിയത് ഞാൻ അസ്തിത്വത്തിന വേണ്ടി ഈ തോട്ടം നല്കുകയാണ്. *(താരീഖെ മദീന ദിമശിഖ്, ഇബ്നു അസാക്കിർവാള്യം 13, പേജ് 246, ദാറുൽഫിക്ർ ബെയ്റൂൻ ലബ്നോൻ 1995)*

**സൃഷ്ടിസേവനം**: ഒരിക്കൽ ഒരാൾ ഹദ്റത്ത് ഹുസയ്ന്റെ അടുക്കൽച്ചെന്ന് തന്റെ ആവശ്യങ്ങൾ ഉന്നയിച്ചു. ഹദ്റത്ത് ഹുസയ്ൻ(റ) പറഞ്ഞു:ഞാൻ ഇഅ്തിക്കാഫിലല്ലായിരുന്നെങ്കിൽ നിന്റെ ആവശ്യം പൂർത്തീകരിച്ചു തരുമായിരുന്നു. ഇതുകേട്ട അയാൾ ഹദ്റത്ത് ഹസ്സന്റെ അടുക്കലെത്തി. ഹദ്റത്ത് ഹസ്സനും ഇഅ്തിക്കാഫിലായിരുന്നു. അയാളുടെ ആവശ്യംകേട്ട ഹസ്സൻ ഇഅ്തിക്കാഫിൽനിന്നിറങ്ങി അയാളുടെ ആവശ്യം പൂർത്തീകരിച്ചുകൊടുത്തു. ഇതുകണ്ടപ്പോൾ ചിലർ ഹദ്റത്ത് ഹുസയ്ന്റെ മറുപടി ഹദ്റത്ത് ഹസ്സൻ(റ) പറഞ്ഞു. ഹദ്റത്ത് ഹസ്സൻ പറഞ്ഞു: അല്ലാഹുവിന്റെ മാർഗത്തിൽ ആരുടെയെങ്കിലും ആവശ്യം പൂർത്തീകരിച്ചുകൊടുക്കുന്നത് ഒരു മാസം ഇഅ്തിക്കാഫിരിക്കുന്നതിലും ശ്രേഷ്ഠമാണ്."

ഒരു ദിവസം ഹദ്റത്ത് ഹസ്സൻ(റ) ത്വവാഫു ചെയ്യുകയായിരുന്നു. ആ നേരത്ത് ഒരാൾ വന്നുകൊണ്ട് ഹദ്റത്ത് ഹസ്സൻ(റ) തന്റെ ആവശ്യ പൂർത്തീകരണത്തിനായി ഹദ്റത്ത് ഹസ്സനെ കൂടെക്കൊണ്ടുപോയി. അയാളുടെ കാര്യങ്ങൾ ചെയ്തുകൊടുത്ത് ത്വവാഫിന്നായി തിരിച്ചുവന്നു. ആ സമയത്ത് ചിലർ ആക്ഷേപമുന്നയിച്ചുകൊണ്ട് താങ്കൾ ത്വവാഫ് ഉപേക്ഷിച്ചുകൊണ്ട് ഇന്നയാളുടെ ഒപ്പംപോയി. അപ്പോൾ ഹദ്റത്ത് ഹസ്സൻ പറഞ്ഞു: നബി(സ)തിരുമേനി പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്. ഏതൊരാൾ തന്റെ മുസ്‌ലിം സഹോദരന്റെ കൂടെ അവന്റെ ആവശ്യപൂർത്തീകരണത്തിന് പോകുകയും അതു പൂർത്തീകരിക്കുകയും ചെയ്താൽ ഒരു ഹജ്ജും ഒരു ഉംറയും ചെയ്ത പ്രതിഫലമാണെന്നും ഇനി പോയിട്ട് ആവശ്യപൂർത്തീകരണം നടന്നില്ലെങ്കിൽ ഒരു ഉംറയുടെ പ്രതിഫലമാണെന്നുമാണ്. ഞാൻ ഒരു ഹജ്ജിന്റേയും ഒരു ഉംറയുടേയും പ്രതിഫലം കരസ്ഥമാക്കുകയും തിരിച്ചുവന്ന് എന്റെ ഉംറ പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു. *(താരീഖ് മദീന വദിമിശ്ഖ്, ഇബ്നു അസാക്കിർ, വാള്യം 13, പേജ് 247, ദാറുൽഫിക്ർ ബെയ്റുത്ത് ലബ്നാൻ 1995)*

ഹദ്റത്ത് ആഇശാ സിദ്ദീഖ(റ) പറയുന്നു: ഒരാൾ ശാമിൽനിന്ന് മദീനയിൽ വന്നു. അയാൾ പറഞ്ഞു: ഒരു ബലഹീനനായ അറബിയാത്രക്കാരൻ യാത്ര ചെയ്തു പോകുകയായിരുന്നു. ഞാനെന്റെ ജീവിതത്തിലൊരിക്കലും അത്രയും സുന്ദരനായ യാത്രക്കാരനെ ഒരിക്കലും കണ്ടിട്ടില്ല. അയാളുടെ അസാധാരണ രീതിയിലുള്ള നടത്തം എന്റെ മനസ്സിനെ തന്നിലേക്ക് ആകർഷിക്കുക മാത്രമല്ല പ്രസ്തുത അയാളുടെ പെൺകുതിരയുടെ കുളമ്പടി ശബ്ദം എന്റെ ആത്മാവിനെ ചവിട്ടിത്തേച്ചുകൊണ്ടിരുന്നു. ഇകാരണെന്ന് ഞാൻ അവരോടു ചോദിച്ചപ്പോൾ ഹസ്സൻ ബിൻ അലിയാണെന്ന് പറഞ്ഞു. എനിക്ക് അവരിരുവരുടേയും പേരു കേട്ടുടനെ ദേഷ്യം വന്നു. അസൂയയുടെ അഗ്നി അടിമുതൽ തലവരെ കത്തിച്ച് ചാമ്പലാക്കി. അതായത് ഹദ്റത്ത് അലിയുടെ മകൻ അങ്ങനെയായിപ്പോയോ? ഞാൻ അവിടെനിന്ന് ചാടിവീണു. വഴിയിൽ അദ്ദേഹത്തിന്റെ കുതിരയുടെ കടിഞ്ഞാൺ പിടിച്ചുകൊണ്ട് പറഞ്ഞു: യാത്രക്കാരാ! നീ അലിയുടെ മകനാണോ? ഹദ്റത്ത് ഹസ്സൻ പറഞ്ഞു, അതേ! അങ്ങനെ ഞാൻ ഹദ്റത്ത് അലിയെ വളരെ നിന്ദ്യമായ ചീത്തക്കാര്യങ്ങൾ കേൾപ്പിച്ചു. 'ഞാൻ ഹദ്റത്ത് അലിയെ ചീത്തപറയുവോളം അവിടന്ന് മിണ്ടാതെനിന്ന് കേട്ടു; അങ്ങനെ ഞാൻതന്നെ ലജ്ജിച്ചു തലതാഴ്ത്തി. ഞാൻ സംസാരം പൂർത്തിയാക്കിക്കഴിഞ്ഞപ്പോൾ അവിടന്ന് ചിരിച്ചുകൊണ്ട് പറഞ്ഞു:നീ യാത്രക്കാരനായിരിക്കാം. ശാമിൽനിന്ന് നടന്നുവരികയുമാകാം. ഞാൻ പറഞ്ഞു: അതേ! അദ്ദേഹം പറഞ്ഞു: എന്നോടൊപ്പം വീട്ടിൽവരിക. നിന്നെ ഞാൻ സൽക്കരിക്കട്ടെ. നിനക്ക് കുറച്ച് സമ്പത്ത് തരട്ടെ. നിന്റെ ആവശ്യങ്ങൾ നിറവേറ്റട്ടെ. ഞാൻ അതുകേട്ട് അങ്ങേയറ്റം നാണംകെട്ടു. അവിടത്തെ സൽസ്വഭാവത്തിലും സൗശീല്യത്തിലും അങ്ങേയറ്റം അത്ഭുതപ്പെട്ടു. അദ്ദേഹത്തിന്റെ സംസാരം എന്റെ മനസ്സിനെ അങ്ങേയറ്റം അസ്വസ്ഥമാക്കി. ഞാൻ അനിയന്ത്രിതമായ അദ്ദേഹത്തിന്റെ കൈയിൽ ബയ്അത്തു ചെയ്തു. പിന്നീട് ആ സമയം മുതൽ എല്ലാത്തിനെക്കാളുമുപരി ഞാൻ അദ്ദേഹത്തെ സ്നേഹിക്കാൻ തുടങ്ങി. *(സആദത്തുൽകോനയ്ൻ ഫീ ഫളാഇലിൽഹുസ്നയ്ൻ, മുഅല്ലിഫ് മുഫ്തിമുഹമ്മദു കറാമുദ്ദീൻ, പേജ് 84, ഖാദിരി രിള്വി കുതുബു ഖാന ലാഹോർ 2010)*

**ഹദ്റത്ത് ഹസ്സൻ(റ)ന്റെ മാപ്പും വിട്ടുവീഴ്ചയും**: ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം വിവരിക്കുന്നു:ഹദ്റത്ത് ഹസ്സന്റെ അടുക്കൽ ഒരു സേവകൻ ചായയുമായി വന്നതായിരുന്നു. അയാളുടെ അശ്രദ്ധ കാരണത്താൽ ചായ ഹസ്സന്റെ ദേഹത്ത് മറിഞ്ഞു. ആ അസ്വസ്ഥതയിൽ ഹസ്സൻ ദേഷ്യത്തിൽ സേവകനെ ഒന്നു നോക്കി. സേവകൻ ***വൽകാളിമീനൽ ഗയ്ള്വ(3:135)*** എന്ന ഖുർആനിക വചനമോതി. ഇതു കേട്ട മാത്രയിൽ ഹസ്സൻ കളംത്തു എന്നു പറഞ്ഞു. ഞാൻ കോപത്തെ നിയന്ത്രിച്ചിരിക്കുന്നു, അടക്കിയിരിക്കുന്നു. സേവകൻ വീണ്ടും വൽആഫീനഅനിന്നാസി എന്നു പറഞ്ഞു. കോപം നിയന്ത്രിക്കുമ്പോൾ അത് വെളിപ്പെടുത്തുന്നില്ല എന്നേയുള്ളൂ. മനസ്സിൽ അതൃപ്തിയായിരിക്കുമുണ്ടാകുക. അതുകൊണ്ടാണ് അഫ്വ് നിബന്ധന വെച്ചിരിക്കുന്നത്. ഈ വചനം കേട്ടപ്പോൾ ഹദ്റത്ത് ഹസ്സൻ(റ)പറഞ്ഞു: ഞാൻ നിനക്ക് മാപ്പാക്കിയിരിക്കുന്നു. സേവകൻ തുടർന്നോതി: ***വല്ലാഹു യുഹിബ്ബുൽമുഹ്സിനീൻ*** അല്ലാഹുവിന് പ്രിയപ്പെട്ടവർ കോപം നിയന്ത്രിക്കുകയും മാപ്പാക്കുകയും മാത്രമല്ല അവർ നന്മയോടെ വർത്തിക്കുകയും ചെയ്യുന്നു. ഇതുകേട്ടപ്പോൾ ഹദ്റത്ത് ഹസ്സൻ(റ) പറഞ്ഞു:ഞാൻ നിന്നെ സ്വതന്ത്രനാക്കിയിരിക്കുന്നു. സത്യാത്മാക്കളുടെ അവസ്ഥ ഇങ്ങനെയാണ്. ചൂടുചായ വീഴ്ത്തിയവൻ സ്വതന്ത്രനാക്കപ്പെടുന്നു. ഈ മാതൃക ആദർശങ്ങളുടെ ശ്രേഷ്ഠതമൂലമുണ്ടാകുന്നതല്ലേ? *(മൽഫൂദാത്ത് വാള്യം 1, പേജ് 115)*

**ജമാഅത്തുപരമായ അഭിവൃദ്ധികൾ ഹസ്സൻ ഹുസയ്ൻ എന്നിവരുടെ ദർപണത്തിൽ**

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു അല്ലാഹു പറഞ്ഞിരിക്കു

ന്നതും ജമാഅത്തിന് തുടർച്ചയായി ത്യാഗങ്ങളും ചെയ്യേണ്ടിവരുമെന്നാണ്. മുൻകാല പ്രവാചകന്മാർക്കും അനുയായികൾക്കും ചെയ്യേണ്ടിവന്ന രീതിതന്നെ. ഒരിക്കൽ അവിടന്ന് സ്വപ്നത്തിൽ താൻ നിസാമുദ്ദീന്റെ വീട്ടിൽ പ്രവേശിച്ചതായി കണ്ടു. നിസാമുദ്ദീൻ എന്നതിന്റെ അർഥം ദീനിന്റെ വ്യവസ്ഥിതി എന്നാണ്. ഈ സ്വപ്നത്തിന്റേ അർഥം അഹ്മദിയ്യാ ജമാഅത്ത് ദീനിന്റെ യഥാർഥ വ്യവസ്ഥിതി ആയിത്തത്തീരുന്നതാണെന്നാണ്. അത് ദുൻയാവിലെ എല്ലാ വ്യവസ്ഥിതികളേയും അതിജയിക്കുന്നതായിരിക്കും. എന്നാൽ, ഈ വിജയം എങ്ങനെയാണുണ്ടാകുക? അതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വപ്നത്തിൽ പറയുന്നത് ചിലത് ഹസനീ രൂപത്തിലും ചിലത് ഹുസയ്നീ രൂപത്തിലും ആയിരിക്കുമെന്നാണ്.*(തദ്ക്കിറ)*

ഹദ്റത്ത് ഹസ്സൻ നേടിയ വിജയങ്ങളെല്ലാം രഞ്ജിപ്പിന്റെ മാർഗത്തിലായിരുന്നുവെന്നും ഹദ്റത്ത് ഹുസയ്ൻ നേടിയ വിജയങ്ങളെല്ലാം ശഹാദത്തിന്റെ മാർഗങ്ങളിലായിരുന്നുവെന്നും എല്ലാവരും മനസ്സിലാക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ജമാഅത്ത് തീർച്ചയായും നിസാമുദ്ദീനിൽ പ്രവേശിക്കുന്നതാണ്. എന്നാൽ, ചിലത് രഞ്ജിപ്പിന്റേയും സ്നേഹത്തിന്റേയും മാർഗത്തിലായിരിക്കും. ചിലത് ശഹാദത്തിന്റേയും ത്യാഗങ്ങളുടേയും മാർഗത്തിലായിരിക്കും. എന്നാൽ, നമ്മളിലാരെങ്കിലും ഈ പ്രസ്ഥാനം രഞ്ജിപ്പിന്റേയും സ്നേഹത്തിന്റേയും മാർഗമില്ലാതെ വിജയം വരുക്കുമെന്ന് കരുതുന്നുവെങ്കിൽ അവർ തെറ്റിലാകുന്നു. അതുപോലെ തന്നെ നമുക്ക് ത്യാഗങ്ങളും ശഹാദത്തും കൂടാതെ വിജയമുണ്ടാകുമെന്ന് കരുതുന്നതും അബദ്ധമാകുന്നു.

നമുക്കു ചിലപ്പോൾ രഞ്ജിപ്പിന്റേയും സന്ധിയുടേയും മാർഗം സ്വീകരിക്കേണ്ടിവരും. ചിലപ്പോൾ ഹുസയ്നീ മാർഗം സ്വീകരിക്കേണ്ടിവരും. അതായത് നമ്മൾ ശത്രുക്കളുടെ കാര്യം അംഗീകരിക്കാതെ അവർക്ക് മുന്നിൽ മരിക്കാൻ തയ്യാറാകണം. ഈ രണ്ടു മാർഗങ്ങളും നമുക്ക് വിധിക്കപ്പെട്ടതാണ്. ഇതൊരു മധ്യമമാർഗമാണ്. അതിൽ ചരിക്കേണ്ടതായി വരുന്നതാണ്. ഒരു വിജയം രഞ്ജിപ്പിന്റേയും സ്നേഹത്തിന്റേയും. മറ്റൊന്ന് ത്യാഗത്തിന്റേയും ജീവാർപണത്തിന്റേയും. അതിനുശേഷം ജമാഅത്ത് നിസാമുദ്ദീന്റെ വീട്ടിൽ പ്രവേശിക്കുന്നതായിരിക്കും. അങ്ങനെ വിജയം കൈവരിക്കുന്നതാണ്.' *(തഫ്സീറെ കബീർ, വാള്യം 7, പേജ് 583)*

*.........*..........*.........*

**ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)ന്റെ ചരിത്രം:**

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ) 1893 ഏപ്രിൽ 20-നാണ് ജനിച്ചത്. അദ്ദേഹത്തെക്കുറിച്ച് 'ഖമറുൽ അമ്പിയാഅ്' എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇൽഹാമുണ്ടായി. 1963 സപ്തംബർ 2-നാണ് അദ്ദേഹം വഫാത്താകുന്നത്. ഏകദേശം മുക്കാൽ നൂറ്റാണ്ടുകാലം നബിമാരുടെ പ്രകാശത്തെ പിന്തുടർന്നുകൊണ്ടും നബിമാരുടെ മഹത്ത്വത്തെ സ്ഥാപിച്ചുകൊണ്ടും പ്രചരിപ്പിച്ചുകൊണ്ടും ഖമറുൽ അമ്പിയാഅ് എന്ന സ്ഥാനപ്പേര് പൂർണമായും പ്രോജ്ജ്വലമാക്കി കാണിക്കുകയുണ്ടായി. ഖമറുൽ അമ്പിയാഅ് എന്നതിന്റെ അർഥം അദ്ദേഹം നബിമാരിൽനിന്നു പ്രകാശം കരസ്ഥമാക്കിക്കൊണ്ടും പ്രവാചകരുടെ മഹത്ത്വവും സിഫത്തുകളും പ്രചരിപ്പിക്കുകയും ആ പ്രകാശത്തിലൂടെ ജീവിക്കുകയും ചെയ്യുന്നവനായിരിക്കുമെന്നാണ്. അദ്ദേഹത്തിന്റെ ജീവിതം അങ്ങനെതന്നെയായിരുന്നു.

മിർസാ ബശീർ അഹ്മദ് സാഹിബ്(റ) തഖ്വാ അഥവാ ഭക്തിയുടെ പ്രത്യേക രൂപമായിരുന്നു. എളിമയും വിനയവും അദ്ദേഹത്തിന്റെ സവിശേഷതയായിരുന്നു. പ്രർശനപരതകളിൽനിന്നും സ്വാർഥതയിൽനിന്നും പൂർണ്ണമായും വിട്ടുനിന്നിരുന്നു. ഭക്ഷണം, വസ്ത്രം, വീട് ഇവകളിലെല്ലാം ലളിതമായ അവസ്ഥ സ്വീകരിച്ചിരുന്നു. ഇഹലോകത്തിലേക്കുള്ള വാഹനം മാത്രമായി അദ്ദേഹം അവയെ കണ്ടിരുന്നു. അവയാണെങ്കിൽ ദീനീസേവനത്തിനായി ഉഴിഞ്ഞുവെക്കുകയും ചെയ്തിരുന്നു. പ്രയാസങ്ങളെ സന്തോഷത്തോടെ നേരിടുകയും ക്ഷമയുടേയും സ്ഥിരചിത്തതയുടേയും ഉന്നത മാതൃകയായി ജീവിച്ചുകാണിക്കുകയും ചെയ്തു. സൃഷ്ടികളോടുള്ള സഹാനുഭൂതി ദൈവികസ്മരണയും ദൈവികസ്നേഹവും അദ്ദേഹത്തിന്റെ സവിശേഷതയായിരുന്നു.

തൂലികാ ജിഹാദിൽ അദ്ദേഹം സവിശേഷമായ ഒരു മുദ്രതന്നെ പതിപ്പിക്കുകയുണ്ടായി. ചെറുതും വലുതുമായ എത്രയോ പുസ്തകങ്ങൾ അദ്ദേഹം രചിക്കുകയുണ്ടായി. ജമാഅത്തിന്റെ പത്രങ്ങളിൽ സ്ഥിരം എഴുതുമായിരുന്നു. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടേയും നന്മക്കായി അദ്ദേഹം പ്രവർത്തിച്ചു.

**ദൈവികസ്നേഹം:** മുഖ്താർ അഹ്മദ് ഹാശ്മി സാഹിബ് വിവരിക്കുന്നു: ഞാൻ ഒരിക്കൽ മിർസാ ബശീർ അഹ്മദ് സാഹിബിന്റെ വീട്ടിൽ ഓഫീസ് സംബന്ധമായ ചില ജോലികളുമായി ചെന്നതായിരുന്നു. ആ ജോലികൾ കഴിഞ്ഞപ്പോൾ അദ്ദേഹംപറഞ്ഞു, 'എന്റെ പേനയുടെ നിബ്ബ് കേടായിരിക്കുന്നു. താങ്കൾ ബസാറിൽനിന്നും എനിക്ക് നല്ല ഒരു പേന വാങ്ങിക്കൊണ്ടുവരണം.' ഞാൻ രണ്ടുമൂന്ന് പേനകൾ കൊണ്ടുവന്ന് കാണിച്ചു. ഓരോ പേനയും എടുത്ത് ഒരു കടലാസിൽ എഴുതിനോക്കിക്കൊണ്ട് അതിൽനിന്നു ഒന്ന് ഇഷ്ടപ്പെട്ടു. എന്നിട്ട് എഴുതിയ കടലാസ് എനിക്കുനേരെ നീട്ടി. അതിൽ ധാരാളം ബിസ്മില്ലാഹ് എഴുതിയതായി ഞാൻ കണ്ടു. അദ്ദേഹം പറഞ്ഞു: 'ഞാൻ പുതിയ പേന വാങ്ങുമ്പോഴെല്ലാം അതിന്റെ എഴുത്ത് പരിശോധിക്കുന്നതിനുവേണ്ടി ഇങ്ങനെ ബിസ്മില്ലാഹ് എഴുതിനോക്കാറാണ് പതിവ്. മറ്റു വല്ലതും എഴുതുന്നതിനെക്കാൾ എത്രയോ നല്ലതാണ് അല്ലാഹുവിന്റെ നാമം എഴുതുകയെന്നത്. അതുപോലെ സർക്കാർ ഓഫീസുകളിലേക്ക് അയക്കുന്ന കത്തുകളായാലും അതിന്റെ തുടക്കത്തിൽ ***ബിസ്മില്ലാഹിർറഹ്മാനിർറഹീം നഹ്മദുഹൂവനുസല്ലീ അലാ റസൂലിഹിൽ കരീം*** എന്നെഴുതണമെന്നത് അദ്ദേഹത്തിന് നിർബന്ധമായിരുന്നു.

നബി(സ) തിരുമേനിയോടുള്ള സ്നേഹം: ഒരിക്കൽ മിയാൻ സാഹിബ് എനിക്ക് ഒരു പകർപ്പെഴുന്നതിന് തന്നു. ഞാൻ അതിൽ റസൂൽ കരീം സല്ലല്ലാഹു അലയ്ഹിവസല്ലം എന്നെഴുതുന്നതിന് പകരംസല്ലല്ലാഹു അലയ്ഹിവസല്ലം ചുരുക്കി എഴുതി. ഇത് കണ്ട് അദ്ദേഹം എനിക്ക് ഇങ്ങനെ എഴുതുന്നത് ഇഷ്ടമില്ലാ എന്ന് പറയുകയും സ്വയം അതിന്റെ പൂർണ്ണരൂപം എഴുതുകയും ചെയ്തു. അതിനുശേഷം ഞാൻ ഒരിക്കലും അങ്ങനെ ചുരുക്കം എഴുതിയിട്ടില്ല. ഇംഗ്ലീഷിൽ മുഹമ്മദ് എന്നതിന് പകരം ങീവറ എന്നെഴുതുന്നതും തനിക്ക് ഇഷ്ടമല്ലെന്നദ്ദേഹം പറയുകയുണ്ടായി.

ഒരിക്കൽ മിർസാ ബശീർ അഹ്മദ് സാഹിബ് സാദാ വെള്ളക്കടലാസിൽ പാക്കിസ്താനു വെളിയിലുള്ള മുബല്ലിഗീങ്ങൾക്ക് കത്തെഴുതാൻ എന്നെ ഏൽപിച്ചു. ഞാൻ അതിന്റെ തുടക്കത്തിൽ 'ബിസ്മില്ലാഹിർറഹ്മാനിർറഹീം നഹ്മദുഹൂ വ നുസ്വല്ലി അലാ റസൂലിഹിൽകരീം വസ്സ്വലാത്തു വസ്സലാമു അലാ അബ്ദിഹിൽ മസീഹിൽമൗഊദ് എന്നെഴുതി. ഇത് കണ്ട് അദ്ദേഹം പറഞ്ഞു: താങ്കൾ റസൂലുല്ലാ(സ)യുടെ പേരിൽ അസ്സ്വലാത്ത് മാത്രം എഴുതുകയും മസീഹ് മൗഊദിന്റെ കൂടെ സ്വലാത്തും സലാമും എഴുതുകയും ചെയ്യുന്നത് ശരിയല്ല. റസൂലുല്ലാഹ്(സ) യജമാനനും മസീഹ് മൗഊദ് ദാസനുമാണ്. ഇവിടെ വ അലാഅബദിഹിൽ മസീഹിൽമൗഊദ് എന്നെഴുതിയാൽ മാത്രംമതി.

**ഖലീഫത്തുൽ മസീഹിനോടുള്ള സ്നേഹം:-**

മുഖ്താർ ഹാശ്മി സാഹിബ് പറയുന്നു: മിർസാ ബശീർ അഹ്മദ് സാഹിബ് സ്വന്തം വീട് ഉണ്ടാക്കി അതിലേക്ക് താമസമാക്കുന്ന സമയത്ത് പറഞ്ഞു, 'അഞ്ചുമന്റെ ഈ ക്വാർട്ടർ ഉപേക്ഷിക്കാൻ തോന്നുന്നില്ല. ഇവിടെ നാം ഹുദൂറിന്റെ സമീപത്താകുന്നു. സ്വന്തം വീട്ടിലേക്ക് മാറമ്പോൾ നാം ദൂരത്തായിപോകും.' അല്പം ദൂരത്തേക്ക് താമസം മാറ്റുന്നതുപോലും വിഷമകരമായിരുന്നുവെന്ന് ഇതിൽനിന്നും മനസ്സിലാക്കാം.

മിർസാ ബശീർ അഹ്മദ് സാഹിബിന്റെ വാതിൽ അശരണർക്കും അഗതികൾക്കും ആവശ്യക്കാർക്കും സദാ തുറന്നിരിക്കുമായിരുന്നു. ദരിദ്രരായ വിദ്യാർഥികൾക്ക് പുസ്തകങ്ങൾ വാങ്ങാനും ഫീസ് നൽകാനും എപ്പോഴും സഹായിക്കുമായിരുന്നു. ദർവേശുമാരുടെ കുടുംബങ്ങൾക്ക് അദ്ദേഹം പിതാവിന്റെ സ്ഥാനത്തായിരുന്നു. അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം തേടുകയും ദുആ ചെയ്യുകയും ചെയ്യുമായിരുന്നു.

**ജീവിതം വഖ്ഫ് ചെയ്തവരോടുള്ള ആദരവ്:**

മൗലാനാ മുഹമ്മദ് മുനവ്വർ സാഹിബ് മുബല്ലിഗ് ആഫ്രിക്ക എഴുതുന്നു: 1952 നവംബറിൽ ഞാൻ ലീവിൽ റബ്വയിൽ എത്തിയതായിരുന്നു. മസ്ജിദ് മുബാറക്കിന്റെ പുറത്ത് മിയാൻ സാഹിബുമായി കണ്ടുമുട്ടി. സലാം പറഞ്ഞ് കൈ കൊടുത്തശേഷം ഞാൻ ആഫ്രിക്കയിൽ നാലുവർഷം സേവനം ചെയ്ത് തിരിച്ചുവന്നതാണെന്ന് പറഞ്ഞപ്പോൾ വലിയ ആവേശത്തോടെ എന്നെ കെട്ടിപ്പിടിച്ച് വിശേഷങ്ങൾ അന്വേഷിച്ചു. ആ കെട്ടിപ്പിടിത്തത്തിന്റെ ആനന്ദം വാക്കുകളിൽ വിവരിക്കുക അസാധ്യമാണ്. ദീനീസേവനത്തിൽ ഏർപ്പെടുന്ന എല്ലാ സേവകരോടും മിയാൻ സാഹിബിന്റെ പെരുമാറ്റവും സ്നേഹവും പ്രത്യേക രീതിയിലായിരുന്നു. അവർക്കുവേണ്ടി ദുആ ചെയ്യുകയും ചെയ്തിരുന്നു.

ഉർദു സാഹിത്യത്തിന് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ സംഭാവന അതിമഹത്തായ ഒന്നാണ്. സീറത്ത് ഖാത്തമുന്നബിയ്യീൻ എന്ന ബൃഹത്തായ ചരിത്ര പുസ്തകം ഒരു മുതൽക്കൂട്ടാണ്.

ഹദ്റത്ത് ചൗദ്ദരി സർ സഫ്റുല്ലാഖാൻ സാഹിബ് പറയുന്നു: ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് മുഴുജീവിതവും ദീനിന്റെ സേവനത്തിനും സൃഷ്ടികളോടുള്ള കടപ്പാടിനും വേണ്ടി ഉഴിഞ്ഞുവെച്ചിരുന്ന അവസ്ഥയായിരുന്നു. എല്ലാ അവസ്ഥകളിലും ഉന്നതമായ രൂപത്തിൽ അതിനുള്ള തൗഫീഖ് ലഭിച്ചുവെന്നത് അദ്ദേഹത്തിന്റെ സവിശേഷതയാണ്. ജീവിതത്തിന്റെ ഏത് മേഖലയിലും അദ്ദേഹം പ്രത്യേകമായ മുദ്ര പതിപ്പിച്ച് കടന്നുപോയി എന്നത് പ്രത്യേകം സ്മരണീയമാണ്. *(ആമുഖം ഹയാത്തെ ബശീർ)*

പേജ് 20 ൽ നിന്ന്

ഇറങ്ങട്ടെ.' *(അസ്വ്ഹാബെ അഹ്മദ് വാള്യം 1, പേജ് 9)*

ബാബു ഫക്കീർ അലി സാഹിബ് അമൃതസറി

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerala@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 7-14 July 2022 Issue-27, 28

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

ലായിരുന്നു. ഹുദൂറിന്റെ അടുത്തുനിന്ന് ചന്ദ പിരിക്കുന്നവരെത്തി. അദ്ദേഹത്തിന്റെ പക്കൽ അപ്പോൾ പണമുണ്ടായിരുന്നില്ല. തകപ്പെട്ടിയിൽ ഏകദേശം അരസേറോളം ആട്ട ഉണ്ടായിരുന്നു. അദ്ദേഹം അതു നല്കുകയും രാത്രി മുഴുവനും അദ്ദേഹവും അദ്ദേഹത്തിന്റെ കുടുംബവും പട്ടിണിയിൽ കഴിച്ചുകൂട്ടുകയും ചെയ്തു. ധനത്യാഗത്തിന്റെ മൈതാനത്ത് ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യും അവിടത്തെ അനുചരന്മാരും കാണിച്ച മാതൃകയുടെ തുല്യത മതചരിത്രത്തിൽ കാണാൻ സാധ്യമല്ല. നബി(സ)തിരുമേനിയെ അനുകരിച്ചുകൊണ്ട് സ്വഹാബാക്കൾ ചെയ്ത ജീവധനത്യാഗങ്ങളെ അല്ലാഹു സ്വീകരിച്ചുവെന്നു മാത്രമല്ല അല്ലാഹു വിശുദ്ധ ഖുർആനിൽ റളിയല്ലാഹു അൻഹും വറളൂ അൻഹു അല്ലാഹു അവരിൽ തൃപ്തനായി അവർ അല്ലാഹുവിൽ തൃപ്തരായി എന്ന ബഹുമതി നല്കി അനുഗ്രഹിച്ചു. അസ്വ്ഹാബി കന്നുജൂമി ഇഖ്ത്തദയ്ത്തും ഇഹ്ത്തദയ്ത്തും എന്റെ അനുചരന്മാരുടെ ഉപമ നക്ഷത്രങ്ങളെപ്പോലെയാണ്. നിങ്ങൾ അവരിൽ ആരെ പിൻപറ്റിയാലും സന്മാർഗം കരസ്ഥമാക്കുന്നതാണ് എന്ന് നബി(സ)തിരുമേനി പറഞ്ഞ പരിശുദ്ധ വ്യക്തിത്വങ്ങൾ എത്ര മഹത്ത്വമുള്ളവരാണ്.

അല്ലാഹു വിശുദ്ധ ഖുർആനിൽ വിശ്വാസികളെ സംബോധന ചെയ്തുകൊണ്ട് പറയുന്നു:**ഇന്നല്ലാഹശ്ത്തറാ മിനൽമുഅ്മിനീന അൻഫുസഹും വ അംവാലഹും ബി അന്നലഹുമുൽ ജന്നത്ത** വിശ്വാസികളിൽനിന്ന് 'അവർക്ക് സ്വർഗമുണ്ട്' എന്ന ഉറപ്പിന്മേൽ അല്ലാഹു അവരുടെ ജീവനും ധനവും വിലക്കുവാങ്ങിയിരിക്കുന്നു.(9:111)

ഏതൊരു മനുഷ്യനാണോ ജീവിച്ചിരിക്കുമ്പോൾതന്നെ സത്യവാഗ്ദാനങ്ങളുടെ ഉടയവനായ ദൈത്തിൽനിന്നും സ്വർഗത്തിന്റെ സുവാർത്ത ലഭിച്ചത് അയാൾ തീർച്ചയായും തന്റെ ലക്ഷ്യം പ്രാപിച്ചു. ഇതേ ആയത്തിന്റെ അവസാന ഭാഗത്ത് അല്ലാഹു ധനത്യാഗം ചെയ്യുന്നവരായ മുജാഹിദീങ്ങൾക്ക് എത്ര ഖണ്ഡിതമായ വചനങ്ങളിലാണ് സുവാർത്ത നല്കുന്നത്. അതായത് തങ്ങളുടെ രക്തം വിയർപ്പാക്കിക്കൊണ്ട് സമ്പാദിച്ച ഹലാലായ രിസ്ഖിനെ എന്റെ തൃപ്തിക്കായി അർപണം ചെയ്യുന്നവരേ! ഞാൻ നിങ്ങളോടു പറയുന്നു:ഫസ്തബ്ശിറൂ ബിബയ്യിക്കുമുല്ലദീ ബായഅ്ത്തും ബിഹീ വദാലിക്ക ഹുവൽ ഫൗസുൽ അള്വീം അതുകൊണ്ട് അല്ലാഹുവുമായി നിങ്ങൾ നടത്തിയിട്ടുള്ള ഈ വ്യാപാരത്തിൽ സന്തുഷ്ടരാകുക. അതുതന്നെയാണ് മഹത്തായ വിജയം.

നമ്മുടെ പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ എത്രത്തോളം ഔദാര്യമാണ് നമ്മുടെമേൽ ഉണ്ടായിട്ടുള്ളത്. അവൻ നമ്മെ സൃഷ്ടിച്ചു. അവൻ നമുക്കു ജീവിതം നല്കി. അവൻ ധനം സമ്പാദിക്കാനുള്ള ശക്തിയും സൗഭാഗ്യവും നല്കി. അവന്റെ അനുഗ്രഹവും അവന്റെ ഉദാരതയും കൊണ്ട് സമ്പാദിച്ച സമ്പത്തിന്റെ ഒരു ഭാഗം അവനുവേണ്ടി സമർപിക്കപ്പെടുമ്പോൾ ദയാലുവായ അല്ലാഹു എത്രത്തോളം സന്തോഷിക്കുന്നുവെന്നാൽ അവൻ സ്വർഗത്തിന്റെ സുവാർത്ത നല്കുന്നു. സംശയലേശമന്യേ വിശ്വാസിയായ ഒരു ദാസന് മഹത്തായ വിജയമെന്നു പറയപ്പെടാൻ ഇതിലും വലിയ ഏതനുഗ്രഹമാണുള്ളത്? ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എത്ര മനോഹരമായാണ് പറഞ്ഞത്.

**ഈ സർ വ മാൽ തൊ ദുൻയാ മെ ഹി രഹ് ജായേംഗെ**
**ഹശ്ർ കെ റോസ് ജോ കാമ് ആയേ വൊ സർ പയ്ദാ കർ**

ഈ ധനവും സമ്പത്തും ദുൻയാവിൽത്തന്നെ അവശേഷിക്കുന്നതാണ്. മഹ്ശറയിൽ പ്രയോജനപ്പെടുന്ന സമ്പത്താണ് ഉണ്ടാക്കേണ്ടത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ എഴുത്തുകളിൽനിന്ന് ചെറിയതും ശക്തവുമായ രണ്ടു ഉദ്ധരണികൾ സമർപിക്കുകയാണ്. അവിടന്ന് പറയുന്നു:രണ്ടുവസ്തുക്കളെ ഒരുപോലെ സ്നേഹിക്കാൻ നിങ്ങൾക്കു സാധ്യമല്ല. ഒന്നിനെ മാത്രമെ സ്നേഹിക്കാൻ സാധിക്കുകയുള്ളു. അതുകൊണ്ട് അല്ലാഹുവിനെ സ്നേഹിക്കുന്ന വ്യക്തി സൗഭാഗ്യനാണ്. നിങ്ങളിലൊരാൾ ദൈവത്തെ സ്നേഹിച്ചുകൊണ്ട് അവന്റെ മാർഗത്തിൽ ധനം ചെലവഴിക്കുകയാണെങ്കിൽ, അവന്റെ ധനത്തിലും മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ അനുഗ്രഹം നല്കപ്പെടുന്നതായിരിക്കുമെന്ന് ഞാൻ ദൃഢമയും വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ ധനം സ്വയമേവ വരുന്നില്ല. മറിച്ച് അല്ലാഹുവിന്റെ ഉദ്ദേശ്യത്താലാണ് വരുന്നത്.'*(മജ്മൂഅ ഇശ്തിഹാറാത്ത്, വാള്യം 3, പേജ് 497, പ്രസാധനം റബ്'വ 1989)*

'ബയ്അത്തുചെയ്തവരിൽപ്പെട്ടവരെന്ന് മനസ്സിലാക്കുന്ന എല്ലാ ഓരോരുത്തർക്കും ഇപ്പോൾ ജമാഅത്തിനുവേണ്ടി തങ്ങളുടെ ധനംകൊണ്ട് സേവനം ചെയ്യാനുള്ള സമയമാണ്......ബയ്അത്തു ചെയ്ത എല്ലാ ഓരോരുത്തരും കഴിവിനനുസരിച്ച് സഹായിക്കേണ്ടതാണ്;അല്ലാഹവും അവരെ സഹായിക്കുന്നതിനുവേണ്ടി. മാസന്തോറും കൃത്യമായി അവരുടെ സഹായം ലഭിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അത് കുറച്ചാണെങ്കിലും വേണ്ടില്ല ഒരു ദീർഘകാലം കൊടുക്കാതെ എപ്പോഴെങ്കിലും വല്ലതും കൊടുക്കുന്നതിനെക്കാൾ നല്ലതായിരിക്കും. ഓരോ ആളുടേയും സത്യസന്ധത അയാളുടെ സേവനത്തിൽനിന്ന് തിരിച്ചറിയപ്പെടുന്നു. സ്നേഹിതന്മാരേ!ഇതു ദീനിനുവേണ്ടിയും സേവനത്തിനുവേണ്ടിയുമുള്ള സമയമാണ്. ഈ അവസരം വിലപിടിച്ചതായി കരുതുക. പിന്നീടൊരിക്കലും ഇതു കൈവരികയില്ല. *(കശ്തിയെ നൂഹ് റൂഹാനീ ഖസാഇൻ വാള്യം 19, പേജ് 83)*

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു:'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇക്കാലഘട്ടത്തിലെ ഒരു ജിഹാദ് ധനത്യാഗങ്ങളുടെ ജിഹാദുമാകുന്നു. എന്തുകൊണ്ടെന്നാൽ അതുകൂടാതെ ഇസ്ലാമിന്റെ പ്രതിരോധത്തിനായി സാഹിത്യങ്ങൾ പ്രസിദ്ധീകരിക്കുവാൻ സാധിക്കുകയില്ല. വിശുദ്ധ ഖുർആനിന്റെ വ്യത്യസ്ത ഭാഷകളിലുള്ള തർജമകൾ പ്രസിദ്ധീകരിക്കാനും കഴിയുകയില്ല. തർജമകൾ ലോകത്തിന്റെ ഓരോ കോണുകളിലും എത്തുകയുമില്ല. മിഷനുകൾ തുറക്കാൻ സാധിക്കുകയില്ല. മുറബ്ബിമാരും മുബല്ലിഗുമാരും തയ്യാറാക്കപ്പെടുകയില്ല. മുറബ്ബിമാരും മുബല്ലിഗുമാരും ജമാഅത്തുകളിൽ അയക്കപ്പെടുകയുമില്ല. മസ്ജിദുകൾ നിർമിക്കപ്പെടുകയില്ല. സ്കൂളുകളും കോളേജുകളും മുഖേന ദരിദ്രരായ ആളുകളിലേക്ക് വിദ്യഭ്യാസ സൗകര്യം എത്തിക്കാൻ സാധിക്കുകയില്ല. ആശുപത്രികൾ മുഖേന കഷ്ടതകൾ അനുഭവിക്കുന്നവരുടെ സേവനം സാധ്യമാകുകയില്ല. അതുകൊണ്ട് ഏതുവരെ ലോകത്തിന്റെ അറ്റങ്ങളോളവും ഓരോ അറ്റത്തുള്ള വ്യക്തികളിലേക്കും ഇസ്ലാമിന്റെ സന്ദേശമെത്തുന്നില്ലയോ ഏതുവരെ ദരിദ്രരുടെ ആവശ്യങ്ങളെ പൂർണമായും നിറവേറ്റപ്പെടുന്നില്ലയോ അതുവരേയും ഈ സാമ്പത്തിക ജിഹാദ് തുടർന്നുകൊണ്ടേ പോകുന്നതാണ്. താന്താങ്ങളുടെ സൗകര്യവും വിശാലതയും അനുസരിച്ച് അതിൽ പങ്കാളികളാകുക എന്നത് ഓരോ അഹ്മദിയുടേയും നിർബന്ധ കടമയാകുന്നു.(ജുമുഅ ഖുത്വ്ബ 2006 മാർച്ച് 31)

**പാസ് ഹൊ മാൽ തൊ ദോ ഉസ്സെ സക്കാത്ത് വ സ്വദഖ**
**ഫിക്റെ മിസ്കീൻ രഹെ തുംകൊ ഗം അയ്യാമ് ന ഹൊ**

കൈയിൽ ധനമുണ്ടെങ്കിൽ അതിൽനിന്ന് സക്കാത്തും സ്വദഖയും നല്കുക. എപ്പോഴും നിങ്ങൾക്ക് അഗതികളെ കുറിച്ച് ചിന്തയുണ്ടാകണം;ദുഃഖത്തിന്റെ ദിനങ്ങൾ ഉണ്ടാകാതിരിക്കട്ടെ.

ആദരണീയരായ ശ്രോതാക്കളേ! അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: ***വ അൻഫിഖൂ ഖയ്റൻല്ലി അൻഫുസിക്കും വമൻയ്യൂഖ ശുഹ്ഹ നഫ്സിഹീ ഫ ഉലാഇക്ക ഹുമുൽ മുഫ്ലിഹൂൻ*** അവന്റെ മാർഗത്തിൽ ധനം ചെലവഴിക്കുന്നത് നിങ്ങൾക്കുതന്നെ ഗുണകരമായിരിക്കും. തങ്ങളുടെ മനസ്സിന്റെ പിശുക്കിൽനിന്ന് രക്ഷപ്പെടുന്നവരാരോ, അവർതന്നെയാണ് വിജയികൾ(64:17)

ശ്രോതാക്കളേ! ഈ പരിശുദ്ധമായ വചനത്തിൽ നമ്മൾ നമ്മുടെ ക്ഷേമത്തിനും നന്മയ്ക്കുംവേണ്ടി ചെലവഴിക്കാൻ നമുക്ക് ക്ഷണം നല്കപ്പെട്ടിരിക്കുകയാണ്. അല്ലാഹുവിന്റെ സത്ത എന്നു പറയുന്നത് സമ്പൽസമൃദ്ധമാണ്. അവന് സാധനസാമഗ്രികളുടെ ഒരു ആവശ്യവുമില്ല. അല്ലാഹു നമുക്ക് അവന്റെ മാർഗത്തിൽ ചെലവഴിക്കുന്ന രംഗത്ത് അത്യുത്സാഹത്തോടെ ചെലവഴിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. അതിന്റെ ഫലമായി നമ്മെ സാമ്പത്തിക ത്യാഗത്തിന്റെ അനുഗ്രഹങ്ങളും ബർക്കത്തുകളും നല്കുമാറാകട്ടെ. ആമീൻ.

❖❖❖

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin